


ഖുത്ബ്ബ:
വിജയത്തിന് ത്യാഗങ്ങൾ അനിവാര്യം

# സത്യദൂതൻ

2012 ഡിസംബർ | ലക്കം 12

വില ₹ 20



## മുഹമ്മദ്നബി (സ) : ജീവിതവും ദർശനവും

## യേശു തിരിച്ചു വരികയാണെങ്കിൽ...

## മതവും രാഷ്ട്രീയവും




TAHIR MASJID  Payangadi,Kannur, Kerala




FAZLE MOSQUE  Negombo, Sri Lanka



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2012 ഡിസംബർ
ഹി.ശ.1391 – ഫത്ഹ്
11434 – മുഹർറം – സഫർ
പുസ്തകം 84 ലക്കം 12
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**വിജയത്തിന് ത്യാഗങ്ങൾ അനിവാര്യം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**12**
**യേശു തിരിച്ചു വരികയാണെങ്കിൽ...**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ( റഹ്)
യേശു വീണ്ടും അവതരിക്കുകയാണെങ്കിൽ ഉണ്ടാവുന്ന സങ്കീർണ്ണ പ്രശ്നങ്ങളെക്കുറിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) രസകരമായി വിവരിക്കുന്നു

**21**
**റസൂൽ തിരുമേനി (സ) യെക്കുറിച്ച് പ്രതിഭാശാലികൾ പറയുന്നു**

**22**
**ഇസ്‌ലാമിക ശാസ്ത്രം: പുരോഗതിയുടെയും ശൈഥില്യത്തിന്റെയും കാരണം**
പ്രൊഫ. അബ്ദുസ്സലാം



**25**
**മുഹമ്മദ്നബി (സ): ജീവിതവും ദർശനവും**
നസീമജലീൽ
മനുഷ്യ കുലത്തിനാകമാനം ഉത്തമ മാതൃക എന്ന് അല്ലാഹു വിശേഷിപ്പിച്ച ഒരു മഹാത്മാവിന്റെ ഹ്രസ്വമായ ജീവിത ചിത്രം.

**28**
**സൂര്യനെപ്പോലെ ജിബ്‌രീലീപ്രകാശം ലോകം മുഴുവൻ വ്യാപിച്ചു നില്ക്കുന്നു**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**32**
**മതവും രാഷ്ട്രീയവും**
സുബൈദ മുസ്തഫ
പാകിസ്താനിലെ പ്രശസ്ത ഇംഗ്ലീഷ് ദിനപത്രമായ ഡോൺ 2012 നവംബർ 7ന് പ്രസിദ്ധീകരിച്ച ഈ ലേഖനം മതന്യൂനപക്ഷങ്ങളുടെ പാകിസ്താനിലെ അവസ്ഥയും മതീവ്രവാദികൾക്ക് അവരോടുള്ള മനോഭാവവും വ്യക്തമാക്കുന്നു. പാകിസ്താനിലെ ആദ്യത്തെ വനിതാ മുഖ്യധാരാ പത്രപ്രവർത്തകയായ ലേഖിക 1975 മുതൽ 2008 വരെ ഡോണിലെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. പാകിസ്താന്റെ ഇന്നത്തെ അവസ്ഥയിൽ ദുഃഖിതയായ എഴുത്തുകാരിയാണ് അവർ

**34**
**ഈസാ നബി (അ) വിവാഹിതനായിരുന്നുവോ?**
മൗലനാ അബ്ദുല്ലാഹ് സാഹിബ് എഛ്. എ.
ഈസാ നബി(അ) വിവാഹിതനായിരുന്നുവെന്ന് തെളിയിച്ചുകൊണ്ട് കേരളത്തിലെ അഹ്മദിയ്യാ മിഷനറിയും മഹാപണ്ഡിതനുമായിരുന്ന ലേഖകൻ അറുപത്തൊമ്പത് വർഷങ്ങൾക്ക് മുമ്പെഴുതിയ ലേഖനം.

**38**
**മനസ്സിൽ നിന്ന് മായാത്ത യാത്ര**
മൗലവി യൂസുഫ് പാറപ്പുറം
കഴിഞ്ഞ സെപ്തംബറിൽ ലണ്ടനിൽ വെച്ച് നടന്ന ആഗോള അഹ്മദിയ്യാ സമ്മേളനത്തിൽ കേരളത്തിൽ നിന്ന് പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത ലേഖകൻ ഖലീഫാ തിരുമനസ്സുമായുള്ള അഭിമുഖവും യാത്രാനുഭവങ്ങളും വിവരിക്കുന്നു.

**40**
**ഗസ്സ ഹോളോകാസ്റ്റിന് ശേഷം**
മുസാഫിർ

**42**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗങ്ങൾ വർദ്ധിപ്പിച്ചു. അവർ കള്ളം പറഞ്ഞു കൊണ്ടിരുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്ക രുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും.
**(2:12)**





## നബിവചനം

അബൂ ഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി തിരുമേനി(സ) അരുളി: ജ്ഞാനം ജനങ്ങളിൽനിന്ന് നഷ്ടപ്പെടും. അജ്ഞതയും കുഴപ്പവും പ്രത്യക്ഷപ്പെടും. ഹറജ് വർദ്ധിക്കും. അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരേ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ച തെന്ന് മനസ്സിലായി. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവികബന്ധവും പാപവിമുക്തിയും

പാപം യഥാർഥത്തിൽ ഒരു വിഷമാണ് . മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവത്തോടുള്ള ആവേശ പൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായി തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭൂമിയിൽ നിന്ന് വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങിപ്പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടു പ്പോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്ന് വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക വൃക്ഷത്തെയെന്ന പോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തിക്കളയുന്നു.
**(സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്)**



എഡിറ്റോറിയൽ

# മുസ്‌ലിം ദുരവസ്ഥയുടെ ഉത്തരവാദികൾ ഉലമാക്കന്മാർ

**ശാ**ന്തിയുടെയും കുലീനതയുടെയും ധാർമിക പ്രബുദ്ധതയുടെയും മതമാണ് ഇസ്‌ലാം. പക്ഷേ ഇസ്‌ലാമിന്റെ ഈ സ്വത്വ ഗുണം പൊതു സമൂഹത്തിന് മുമ്പിൽ വേണ്ടപോലെ പ്രകാശിതമായിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്. മാത്രമല്ല ഇസ്‌ലാം ഏതൊന്നാണോ അരുതെന്ന് പറഞ്ഞത് അതിന്റെയെല്ലാം വക്താക്കളായി ഇസ്‌ലാം മതവും മുസ്‌ലിംകളും അറിയപ്പെടുകയും ചെയ്യുന്നു. ഇസ്‌ലാം എന്ന പദത്തിന്റെ അർഥം തന്നെ ശാന്തി, സമാധാനം എന്നൊക്കെയാണെന്ന പരിഗണനപോലും മുസ്‌ലിംകൾക്ക് ലഭിക്കുന്നില്ല. ഇതിന് വിപരീതമായി 'ഇസ്‌ലാമിക തീവ്രവാദം' 'ഇസ്‌ലാമിക് ബോംബ്' മുതലായ ഇസ്‌ലാമുമായി സമാസിച്ചു പറയുന്ന നിരവധി പദാവലികൾ പ്രചാരത്തിലുള്ളതായും നാം കാണുന്നു. പൊതു സമൂഹങ്ങളിൽ ഇസ്‌ലാമിനെ പറ്റിയുള്ള ഈ തെറ്റിദ്ധാരണ എങ്ങനെയുണ്ടായി തീർച്ചയായും ഇസ്‌ലാമിനോട് പകയും വിദ്വേഷവുമുള്ളവർ കാലാകാലങ്ങളിലായി ബോധപൂർവം ഇസ്‌ലാമിനെതിരെ തെറ്റിദ്ധാരണ പരത്തിയിട്ടുണ്ട്. പക്ഷേ ഈ അവസ്ഥ ലോകത്ത് പരത്താൻ മുസ്‌ലിംകളുടെ പല നിലപാടുകളും സഹായകമായിട്ടുണ്ട് എന്നതാണ് വാസ്തവം. പുറത്ത് നിന്ന് ആയിരം വിമർശകന്മാർ വരുത്തി വെക്കുന്ന വിനയേക്കാൾ ഗുരുതരമാണ് ഇസ്‌ലാമിന്റെ അകത്ത് നിന്നുള്ള ഒരു ആലിം ഇസ്‌ലാമിന്റെ പേരിൽ നടത്തുന്ന തെറ്റിദ്ധരിപ്പിക്കലുകൾ. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ അനുവദിക്കണമെന്ന് പറഞ്ഞ മലാല എന്ന കൊച്ചു പെൺകുട്ടിയെ വെടിവെച്ച് കൊണ്ട് താലിബാൻ ഉലമാക്കന്മാർ നടത്തിയ ഫത്‌വകൾ.

ഇസ്‌ലാം, ഭരണകൂടം പിടിച്ചെടുക്കാനുള്ള ഒരു രാഷ്ട്രീയ സമര പ്രസ്ഥാനമാണെന്നും ജിഹാദ് അതിന്റെ മാർഗമാണെന്നും ഇസ്‌ലാമേതര ഭരണകൂടങ്ങളെ പൊറുപ്പിക്കില്ല എന്നും മാർക്സിസത്തെയും ഫാസിസത്തെയും അനുകരിച്ച് ഇസ്‌ലാമിനെ ദുർവ്യാഖ്യാനം ചെയ്യുന്നവർ ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന് എത്ര ഉച്ചത്തിൽ പറഞ്ഞാലും മറ്റുള്ളവരിൽ അത് യാതൊരു അനുകൂല പ്രതികരണവുമുണ്ടാക്കില്ല. അവരെ പറ്റിയാണ് ഖുർആൻ പറഞ്ഞത്: ***നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ, ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്നവർ പറയും. അറിയുക! തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. പക്ഷേ ഈ യാഥാർഥ്യം അവർ ഗ്രഹിക്കുന്നില്ല. (2:12,13)*** ഇവിടുത്തെ മുസ്‌ലിംകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ ചരിത്രം എടുത്തു നോക്കൂ. ആരാണ് മുസ്‌ലിം പിന്നോക്കാവസ്ഥക്ക് ഉത്തരവാദികൾ അരനൂറ്റാണ്ടു കാലം മുമ്പ് ഇവിടെ ഭരിച്ച ബ്രിട്ടീഷുകാരാണോ? അനന്തരം ഇന്ത്യ ഭരിച്ച അനിസ്‌ലാമിക ഗവൺമെന്റുകളാണോ? അവരേക്കാളെല്ലാം മുസ്‌ലിം പിന്നോക്കാവസ്ഥക്ക് കാരണമായത് സ്വന്തം ഉലമാക്കന്മാരുടെ ഫത്‌വകളാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഇപ്പോൾ അവരിൽ പലരും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും കോളേജുകളുടെയും നടത്തിപ്പുകാരാണ്. എങ്കിലും ഒരു സമുദായത്തെ മുഴുവൻ പിന്നോക്കക്കാരായി മാറ്റിയ ചരിത്രപരമായ തെറ്റിന് ഈ ഉലമാക്കന്മാരല്ലാതെ മറ്റാരാണ് ഉത്തരവാദികൾ? ഉദാഹരണത്തിന് നമ്മുടെ കേരളത്തിൽ 1930 മാർച്ച് 17 ന് മണ്ണാർക്കാട് ചേർന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സമ്മേളനത്തിൽ സ്ത്രീകൾ എഴുത്ത് പഠിക്കുന്നതിനെതിരെ പാസ്സാക്കിയ പ്രമേയം നോക്കൂ. "സ്ത്രീകൾ എഴുത്ത് പഠിക്കൽ മക്റൂഹാണെന്നും മറ്റും പലേ മഹാന്മാരായ ഉലമാക്കന്മാർ തീരുമാനിച്ചുള്ളതിനാൽ അവർക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ പ്രത്യേകം പാടില്ലാത്തതാണെന്ന് ഈ യോഗം തീരുമാനിക്കുന്നു. സി. കെ മുഹമ്മദ് മൗലവി അവതരിപ്പിച്ചു. എ. പി അഹ്മദ് കുട്ടി മൗലവി പിന്താങ്ങി" (അൽ ബയാൻ - അറബി മലയാളം മാസിക പുസ്തകം:1 ലക്കം:5).

"വായിക്കുക"എന്ന ആദ്യ വെളിപാടിറങ്ങിയ ഒരു മതത്തിന്റെ അനുയായികളുടെ ആധികാരിക സംഘടന പുറപ്പെടുവിച്ച ഫത്‌വയാണിതെന്നോർക്കണം! സമസ്തയുടെ മണ്ണാർക്കാർകാട്ടെ അതേ യോഗത്തിലാണ് അഹ്മദികളടക്കം പല മുസ്‌ലിം സംഘടനകളേയും ബഹിഷ്ക്കരിക്കാൻ ആഹ്വാനമുണ്ടായത്. ആ പ്രമേയം ഇങ്ങനെയാണ്: 'ചേറ്റൂർ കൈക്കാർ, കൊണ്ടോട്ടി കൈക്കാർ, ഖാദിയാനികൾ, വഹാബികൾ മുതലായവരുടെ ദുർവിശ്വാസ നടപടികൾ അഹ്‌ലു സുന്നത്തി വൽ ജമാഅത്തിന്റെ സുന്ദരമായ വിശ്വാസത്തോട് കേവലം മാറാക കൊണ്ട് അവരുടെ വിശ്വാസ നടപടികളോട് പിന്തുടരലും അവരോട് കൂട്ടുകെട്ടും സുന്നി മുസ്‌ലിംകൾക്ക് കേവലം പാടുള്ളതല്ലെന്ന് ഈ യോഗം തീർച്ചപ്പെടുത്തുന്നു.' (പണ്ഡിത കേരളം. പേജ് 132) ഉലമാക്കളെ പറ്റി അംബിയാക്കന്മാരുടെ പിന്മുറക്കാരാണെന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിട്ടുണ്ട്.ആ റസൂൽ തിരുമേനി(സ) ആകാശത്തിന് കീഴിൽ ഏറ്റവും നികൃഷ്ട ജീവികൾ ഉലമാക്കന്മാരാണെന്നും പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉലമാക്കന്മാർ ഏത് പക്ഷത്ത് നിൽക്കുന്നു നിഷ്പക്ഷമതികൾ ചിന്തിക്കട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# ആരാണ് ഇമാമുസ്സമാൻ?

**ഇ**മാമുസ്സമാൻ (കാലത്തിന്റെ ഇമാം) എന്ന് ആരെക്കുറിച്ചാണ് പറയപ്പെടുക എന്നതാണ് ഇവിടെ ഉയർന്നു വരുന്ന പ്രധാന പ്രശ്നം. ആ ഇമാമിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണ്? ആ ഇമാമിന് മറ്റു മുൽഹമുകളിൽനിന്നും(വെളിപാട് ലഭിക്കുന്നവർ) സ്വപ്ന ദർശികളിൽനിന്നും കശ്ഫ് അഥവാ ആത്മ ദർശനങ്ങൾ ഉണ്ടാകുന്നവരിൽ നിന്നും എന്തെല്ലാം മേന്മകളാണുള്ളത്? ഈ ചോദ്യത്തിനുള്ള മറുപടി ഇതാണ്. ഏതൊരാളുടെ ആത്മീയശിക്ഷണം അല്ലാഹു തന്നെ മേൽനോട്ടം ചെയ്യുകയും, ലോകത്തെങ്ങുമുള്ള ബുദ്ധിശാലികളെയും തത്ത്വജ്ഞാനികളെയും എല്ലാവിധത്തിലും സംവദിച്ച് കീഴ്പ്പെടുത്തുമാറ് ഇമാമത്തിന്റെ ദിവ്യ പ്രകാശം അല്ലാഹു ഏതൊരാളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുവോ ആ വ്യക്തിയാണ് ഇമാമുസ്സമാൻ എന്ന പേരിന് അർഹനായിരിക്കുന്നവൻ. അദ്ദേഹം ദൈവത്തിൽ നിന്ന് ശക്തി നേടിക്കൊണ്ട് എല്ലാവിധ ത്തിലുള്ള സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ ആക്ഷേപങ്ങൾക്കും ഉദാത്തമായ രീതിയിൽ മറുപടി നൽകുന്നു. അദ്ദേഹത്തിന്റെ പ്രകൃതി ലോകത്തിനുള്ള സംസ്ക്കരണ സാമഗ്രികളുമായാണ് ഈ വഴിത്താവളത്തിൽ വന്നെത്തിയിരിക്കുന്നതെന്നതിനാൽ, യാതൊരു ശത്രുവിന്റെ മുന്നിലും അദ്ദേഹത്തിന് ലജ്ജിതനാകേണ്ടിവരുന്നതല്ല. ആത്മീയമായ നിലയിൽ അദ്ദേഹം മുഹമ്മദീ സൈനികരുടെ സേനാധിപതി ആയിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ കൈയാൽ, ദീനിനു പുനർവിജയം സിദ്ധിക്കുമെന്നത് ദൈവഹിതമായിരിക്കും. അദ്ദേഹത്തിന്റെകൊടിക്കീഴിൽ അണിനിരക്കുന്ന എല്ലാവർക്കും ഉന്നതകിടയിലുള്ള ശക്തി പ്രദാനം ചെയ്യപ്പെടുന്നതായിരിക്കും. സംസ്ക്കരണത്തിനാവശ്യമായ എല്ലാ ഉപാധികളും ആക്ഷേപങ്ങൾ ദൂരീകരിക്കുന്നതിനും ഇസ്ലാമിന്റെ മഹത്വങ്ങൾ വിവരിക്കപ്പെടുന്നതിനും ആവശ്യമായിട്ടുള്ള എല്ലാ ജ്ഞാനങ്ങളും അദ്ദേഹത്തിന് പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കും. അതോടൊപ്പം അദ്ദേഹത്തിന് ഈ ലോകത്തിലെ സംസ്ക്കാര ശൂന്യന്മാരെയും ദുർഭാഷണക്കാരെയും നേരിടേണ്ടിവരുമെന്ന് അല്ലാഹു അറിയുന്നതിനാൽ അദ്ദേഹത്തിന്റെ സ്വഭാവഗു ണങ്ങളും അത്യുൽകൃഷ്ടപദവിയിലുള്ളതായിരിക്കും. മനുഷ്യ സമൂഹത്തിനോടുള്ള ആത്മാർഥമായ സഹാനുഭൂതി അദ്ദേഹത്തിന്റെ ഹൃദയത്തിൽ തിങ്ങി നിറഞ്ഞിരിക്കും. സ്വഭാവഗുണങ്ങളുടെ ശ്രേഷ്ഠത്വം എന്നത് കൊണ്ട് എല്ലായ്പ്പോഴും അദ്ദേഹം ശാന്തത കൈകൊള്ളണമെന്നല്ല ഉദ്ദേശിക്കപ്പെടുന്നത്. എന്തെന്നാൽ ഇത് സ്വഭാവമേന്മയുടെ യുക്തിജ്ഞാനങ്ങൾക്ക് നിരക്കാത്തതാണ്. അതിന്റെ അർഥം ഇതാകുന്നു. സങ്കുചിത ബുദ്ധിയായ ഒരാൾ ശത്രുക്കളുടെയും സംസ്ക്കാരശൂന്യരുടേയും വാക്കുകൾ കേട്ട് പെട്ടെന്ന് രോഷാകുലനാകുകയും വികാരാധീനനായ നിലയിൽ ഭാവാന്തരം പ്രകടമാക്കുകയും മുഖത്ത് ക്രോധം എന്നറിയപ്പെടുന്ന കഠിന ശിക്ഷയുടെ അടയാളങ്ങൾ അവിഹിതമായ രൂപത്തിൽ വെളിപ്പെടുത്തുകയും കോപതാപങ്ങളുടെ വാക്കുകൾ മുഖത്ത് നിന്ന് അറിയാതെയും അനവസരത്തിലും ഉതിർക്കുകയും ചെയ്യുന്നതുപോലെ ഉൽകൃഷ്ട സ്വഭാവമുള്ളവരിൽ ഈ അവസ്ഥ ഉണ്ടാവുന്നില്ല. എന്നാൽ സ്ഥലവും സന്ദർഭവും അനുസരിച്ചുള്ള യുക്തിനടപടി എന്നോണവും ചിലപ്പോൾ ഒരു ചികിത്സ എന്ന നിലയിലും കടുത്ത പദങ്ങൾ പ്രയോഗി ക്കേണ്ടിവരുന്നതാണ്. എന്നാൽ ഈ കടുത്ത പദങ്ങൾ ഉപയോഗിക്കേണ്ടിവരുമ്പോൾ അയാളുടെ ഹൃദയം പകക്കുകയോ കോപാകുലനാകുകയോ വായിൽ നുരയും പതയും പ്രത്യക്ഷപ്പെടുകയോ ചെയ്യുന്നതല്ല. ചിലപ്പോൾ കോപം പുറത്ത് പ്രകടിപ്പിക്കേണ്ടിവരുമെങ്കിലും ഹൃദയം ശാന്തവും സ്വസ്ഥവും പ്രസന്നവുമായിരിക്കും. ഇതേ കാരണത്താലാണ് ഈസാ നബി (അ)ക്ക് തന്റെ അഭിയോഗികളോട് അധികമായും കടുത്ത പദങ്ങൾ ഉപയോഗിക്കേണ്ടി വന്നത്. പന്നികൾ, നായ്ക്കൾ, അവിശ്വാസികൾ, ദുർവൃത്തർ തുടങ്ങിയ പദങ്ങൾ അദ്ദേഹം ഉപയോഗിക്കുകയുണ്ടായി. എന്നാലദ്ദേഹം ഉത്തമ സ്വഭാവഗുണങ്ങൾ എന്തെന്നറിയാത്ത ആളായിരുന്നു എന്ന് നമുക്ക് പറഞ്ഞുകൂടാ. എന്തെന്നാൽ അദ്ദേഹം ശ്രേഷ്ഠമായ സ്വഭാവസംസ്കൃതി എന്താണെന്ന് പഠിപ്പിച്ചു പോരുകയും ശാന്തഭാവം നിഷ്ക്കർഷിക്കുകയും ചെയ്യുന്ന ആളത്രേ. എന്നാൽ അദ്ദേഹത്തിന്റെ മുഖത്ത് നിന്നും പുറപ്പെട്ടുപോന്ന കടുത്ത വാക്കുകൾ കോപാ വേശത്താലുള്ള ഭ്രാന്തമായ രോഷപ്രകടനമായിരുന്നില്ല. അവയാകട്ടെ വർദ്ധിച്ച ശാന്തതയോടുകൂടിയ തണുത്ത ഹൃദയത്തിൽ നിന്നും അവസരോചിതമായി ഉതിർന്നു വീണ വാക്കുകളായിരുന്നു. ചുരുക്കത്തിൽ സ്വഭാവ പ്രകൃതിയിൽ പൂർണത കൈവരിക്കുക എന്നത് ഇമാമീങ്ങളെ സംബന്ധിച്ചേിടത്തോളം അനുപേക്ഷണീയമാകുന്നു. ഭ്രാന്തമായ രോഷപ്രകടനത്തോടുകൂടിയല്ലാതെ ആവശ്യമനുസരിച്ചും അവസരോചിതമായും കടുത്ത പദങ്ങൾ പ്രയോഗിച്ചാൽ അത് സ്വഭാവമേന്മയുടെ നിഷേധമായിരിക്കുന്നതല്ല. അല്ലാഹു അവന്റെ കൈകളാൽ ഇമാമാക്കപ്പെടുന്ന ഒരാളുടെ പ്രകൃതി തന്നെ ഇമാമിന്റെ ചൈതന്യം ഉൾക്കൊള്ളുന്നതാക്കിമാറ്റും എന്ന സംഗതി എടുത്തു പറയേണ്ടിയിരിക്കുന്നു.

(സറൂറത്തുൽ ഇമാം)



# വിജയത്തിന് ത്യാഗങ്ങൾ അനിവാര്യം

**(26-10-2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)**

*രാശികളുള്ള ആകാശത്തെ കൊണ്ട് സത്യം. വാഗ്ദത്തം ചെയ്യപ്പെട്ട നാളിനെ കൊണ്ടും സത്യം. സാക്ഷിയെ കൊണ്ടും, സാക്ഷ്യം വഹിക്കുന്ന ആളെ കൊണ്ടും സത്യം. കിടങ്ങിന്റെ ഉടമസ്ഥർ അഥവാ വിറകിട്ട് കത്തിക്കപ്പെട്ട അഗ്നിയുടെ ഉടമസ്ഥർ നശിക്കട്ടെ. സത്യവിശ്വാസികളോട് അവർ ചെയ്തുകൊണ്ടിരിക്കുന്ന ചെയ്തികൾക്ക് സാക്ഷികളായും കൊണ്ട് അവർ അതിനരികെ ഇരിക്കുകയായിരുന്നപ്പോൾ. പ്രതാപവാനും സ്തുത്യർഹനുമായ അല്ലാഹുവിൽ അവർ വിശ്വസിക്കുന്നു വെന്നതിനല്ലാതെ അവർ അവരെ വെറുത്തിരുന്നില്ല. ആകാശ ങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഉള്ളവനത്രെ അവൻ. അല്ലാഹു സകല കാര്യത്തിനും സാക്ഷിയാകുന്നു. സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് നരകശിക്ഷയുണ്ടാകും. എരിച്ചുകളയുന്ന ശിക്ഷയാണ് അവർക്കുണ്ടാകുക. സത്യത്തിൽ വിശ്വസിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് താഴ്‌വാരത്തുകൂടെ അരുവികളൊഴുകുന്ന ആരാമങ്ങൾ ലഭിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം.* (സൂറത്തുൽ ബുറൂജ് 2-12)

സൂറത്തുൽ ബുറൂജിലെ വചനങ്ങളാണിവ. ഇതിൽ ഇസ് ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ എല്ലാ കാലത്തും നിലനിൽക്കുന്നതാണെന്ന് പറയുന്നതോടൊപ്പം ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായി വാഗ്ദത്ത മസീഹിന്റെ ആഗമനത്തെക്കുറിച്ചും വാഗ്ദത്ത മസീഹിനെയും അദ്ദേഹത്തിന്റെ ജമാഅത്തിനെയും ശത്രുക്കളെയും എതിരാളികളെയും കുറിച്ച് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ജമാഅത്തംഗങ്ങളെ ത്യാഗത്തിന് തയ്യാറാക്കിയിരിക്കുകയും ചെയ്തിരിക്കുന്നു. ജമാഅത്തംഗങ്ങൾ പ്രയാസങ്ങൾ സഹിക്കാൻ തയ്യാറാകണമെന്നും ഒരു ദീർഘകാലം വരെ ഇങ്ങനെയുള്ള പ്രയാസങ്ങൾ ഉണ്ടാകുമെന്നും അതിനെ നേരിടാൻ സജ്ജരാകണമെന്നും ഇതിൽ ഉണർത്തുന്നു. എന്നാൽ ഇതെല്ലാം കണ്ടുകൊണ്ട് അല്ലാഹു മിണ്ടാതിരിക്കില്ല. മറിച്ച് ഒരു കാലംവരും. അന്ന് വിശ്വാസികളെ പീഡിപ്പിക്കുന്നവർ നരകത്തിന്റെ ശിക്ഷ അനുഭവിക്കുന്നതായിരിക്കും. ഏതൊരഗ്നിയിൽ അഹ്മദികളെ തള്ളിവിടാനും ഏതൊരഗ്നി അഹ്മദികൾക്കെതിരെ കത്തിക്കുവാനും ഇവർ ശ്രമിച്ചുവോ അതിനേക്കാളും ശക്തമായ അഗ്നിയിൽ ഇവർ വെന്തെരിയുന്നതാണ്. അഹ്മദികൾക്ക് വേണ്ടി, വിശ്വാസികൾക്കും വിശ്വാസിനികൾക്കും വേണ്ടി സ്വർഗങ്ങൾ ലഭിക്കുന്നതാണ്. ജമാഅത്തിന്, ഈ ലോകത്ത് ലഭിക്കുന്ന വിജയത്തിന്റെ സുവാർത്ത ഇതിൽ അടങ്ങിയിട്ടുണ്ട്. ഓരോ വിശ്വാസിക്കുമുള്ള സ്വർഗത്തിന്റെ സുവാർത്തയും ഇതിൽ ഉൾപ്പെടുന്നു.

നാം ഈ വചനങ്ങളെ കുറിച്ച് കൂലങ്കശമായി ചിന്തിച്ചു നോക്കുമ്പോൾ വിശുദ്ധ ഖുർആന്റെ സത്യസാക്ഷ്യത്തിൽ ദൃഢ വിശ്വാസം വർദ്ധിക്കുന്നതോടൊപ്പം തിരുനബി(സ)യുടെ സത്യസാക്ഷ്യത്തിൽ വിശ്വാസം അധികരിക്കുന്നു. അല്ലാഹുവിന്റെ അസ്തി

ത്വത്തിലുള്ള വിശ്വാസത്തിലും ദൃഢ ജ്ഞാനത്തിലും വർദ്ധനവ് വരികയും ചെയ്യുന്നു. അവൻ 1500 വർഷങ്ങൾക്ക് മുമ്പ് ഒരു കാര്യത്തെക്കുറിച്ച് പ്രവചനം നടത്തുകയും അതിന്റെ യഥാർഥ ചിത്രം വരച്ച് കാണിക്കുകയും ചെയ്തു. അതെല്ലാം അതേപോലെ പൂർത്തിയാകുന്നത് കാണുകയും ചെയ്യുന്നു. ഇസ്‌ലാം എല്ലാ കാലത്തും പച്ചപ്പുള്ളതായി നിലനിൽക്കുന്നതാണ്. അത് കുറഞ്ഞ പ്രദേശത്തും ദേശവാസികളിലും ആണെങ്കിലും ശരി.

ഇവിടെ ഇസ്‌ലാം നിലനിൽക്കുമെന്ന് സമാശ്വസിപ്പിക്കുന്നു. അത് അതേപോലെതന്നെ പുലരുകയും ചെയ്യുന്നു. അതോ ടൊപ്പം ഒരു വാഗ്ദത്ത പുരുഷന്റെ ആഗമനത്തെക്കുറിച്ച് സുവാർത്ത നൽകുന്നു. അദ്ദേഹം തിരുനബി(സ)യുടെ സന്ദേശം പരിമിതമായ ജനങ്ങളിലോ സ്ഥലങ്ങളിലോ മാത്രം ഒതുക്കി നിർത്താതെ-കാരണം മുമ്പുള്ള മുജദ്ദിദുമാരുടെ കാലത്ത് അങ്ങനെയായിരുന്നു-മറിച്ച് അദ്ദേഹം ലോകം മുഴുവനും എല്ലാ സമുദായങ്ങൾക്കിടയിലും ആ സന്ദേശത്തെ വ്യാപിപ്പിച്ചുകൊണ്ട് തിരുനബി(സ)യുടെ സത്യസാക്ഷ്യത്തിന്റെ തിളക്കം ലോകത്ത് കാണിച്ചു കൊടുക്കുന്നതാണ്. ഈ പ്രവചനവും പ്രസ്തുത വചനങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നതാണ്.

മസീഹ് മൗഊദി(അ)ന്റെ ജമാഅത്തിൽ ഉൾപ്പെട്ട നാം ഭാഗ്യവാന്മാരാണ്. ആ മഹാത്മാവ് വന്നത് മഹാനായ മശ്ഹൂദിന്റെ (സാക്ഷ്യം നൽകപ്പെടുന്ന വ്യക്തിയുടെ) സത്യത്തെ ലോകത്ത് തെളിയിച്ചു കാട്ടാനും തിരുനബി(സ)യുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനുമാണ്. തിരുനബി(സ)യുടെ സത്യസാക്ഷ്യം ലോകത്ത് പ്രകാശിപ്പിക്കാൻ അല്ലാഹു അദ്ദേഹത്തെ തന്റെ അനുഗ്രഹത്താൽ അയച്ചതാണ്. തന്റെ വാഗ്ദാനപ്രകാരമാണ് അയച്ചത്. വിശുദ്ധ ഖുർആന്റെ മനോഹര അദ്ധ്യാപനങ്ങളുടെ സത്യസാക്ഷ്യം, അതിന്റെ ഏറ്റവും ഔന്നത്യത്തിലുള്ള സ്ഥാനം എന്നിവ ലോകത്ത് സ്ഥാപിച്ചു കാണിക്കാനാണ് അല്ലാഹു അദ്ദേഹത്തെ അയച്ചത്. അദ്ദേഹം ഇസ്‌ലാമിൽ കടന്നുകൂടിയിട്ടുള്ള എല്ലാ തെറ്റായ കാര്യങ്ങളും ബിദ്അത്തുകളും അകറ്റി ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തെ ലോകത്തിന്റെ സമക്ഷം സമർപ്പിക്കാനാണ് വന്നത്. ആ മഹാത്മാവ് തിരുനബി(സ)യുടെ ഉന്നത സ്ഥാന മാഹാത്മ്യങ്ങൾ ലോകത്തിന്റെ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വാദത്തിനു മുമ്പ് ഇസ്‌ലാമിന്റെ അവസ്ഥ കണ്ടുകൊണ്ട് ജനങ്ങൾ ഒരു ശാഹിദിനെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇസ്‌ലാമിനോട് സ്നേഹമുള്ളവർ അസ്വസ്ഥരായിരുന്നു. ഹാലി എന്ന കവി പാടുകയുണ്ടായി. **റഹാ ദീൻ ബാക്കി ന ഇസ്‌ലാമ് ബാക്കി ഇസ്‌ലാമ് കാ റഹ്ഗയാ ഇക് നാമ് ബാക്കി**. മതവും ഇസ്‌ലാമും ഇല്ലാതായിരിക്കുന്നു. ഇസ്‌ലാമിന്റെ പേരു മാത്രം അവശേഷിച്ചിരിക്കുന്നു. ഈ ഒരു വിലാപം ഒരാളുടേതു മാത്രമായിരുന്നില്ല. മറിച്ച് വിവിധ സ്ഥലങ്ങളിൽ നിന്ന് വിവിധ വാക്കുകളിലൂടെ ഈ വിലാപം ഉയരുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) കാലം ആവശ്യപ്പെട്ടപ്പോഴാണ് വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിച്ച കാലത്തേക്ക് മാത്രമായിരുന്നില്ല ആ മഹാത്മാവിന്റെ ആവശ്യം, മറിച്ച് ഇന്നും ഒരു പരിഷ്കർത്താവിനെ, തിരുനബി(സ)യുടെ യഥാർഥ പ്രേമിയെ ലോകം അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. സദ്പ്രകൃതരായ ഓരോരുത്തരുടെയും ശബ്ദം ആരെങ്കിലും വന്ന് മുസ്‌ലിം ഉമ്മത്തിനെ സംസ്കരിച്ചിരുന്നുവെങ്കിൽ എന്നാണ്.

ചുരുക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായാണ് അല്ലാഹു അയച്ചത് എന്ന കാര്യം ഓരോ അഹ്മദിയും നല്ലതുപോലെ അറിയുന്നു. അഹ്മദികൾ മാത്രമല്ല, സദ്പ്രകൃതരായ അന്യരും അഹ്മദിയ്യാ ജമാഅത്ത് ഒന്നു മാത്രമാണ് ഇസ്‌ലാമിനെ സേവിക്കുന്ന കർത്തവ്യം യഥാർഥ അർഥത്തിൽ നിർവഹിക്കുന്നതെന്ന് സമ്മതിക്കുന്നു. ഇക്കാലത്ത് തിരുനബി(സ)യുടെ സത്യത്തിന് സാക്ഷ്യം വഹിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ്. ഇതിന് ഉദാഹരണം മറ്റെവിടെയും ലഭിക്കില്ല. അദ്ദേഹം നൽകിയിരിക്കുന്ന അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവിനാൽ സ്ഥാപിതമായ ജമാഅത്താണ് തിരുനബി(സ)ക്കെതിരിൽ വരുന്ന ഓരോ കൈകളെയും തടയുന്നതിനും അസഭ്യം പുലമ്പുന്ന ഓരോ നാവിനെയും തടയുന്നതിനും വേണ്ടി ശരിയായ രീതിയിൽ പ്രതികരിക്കുന്നത്. മറ്റു മുസ്‌ലിംകളുടെ പ്രതികരണം ഏതു രീതിയിലുള്ളതാണ്? അത് ഇസ്‌ലാമിന്റെ ശത്രുശക്തി കൾക്ക് ഇസ്‌ലാമിനെതിരിൽ ശബ്ദിക്കാനും വായയിൽ വരു ന്നത് വിളിച്ചു പറയാനും പരിഹസിക്കാനും അവസരം നൽകുകയാണ് ചെയ്യുന്നത്. കാരണം പണ്ഡിതവർഗം ഈ രീതിയിലുള്ള ഫത്‌വകളാണ് നൽകിക്കൊണ്ടിരിക്കുന്നത്. അവരുടെ ഫത്‌വകൾ കൊലക്കും കൊള്ളിവെപ്പിനുമുള്ള ഫത്‌വകളാണ്. സ്വന്തം നാട്ടിൽ അവരുടെ തന്നെ സ്വത്തുക്കൾ കത്തിക്കാനും സ്വന്തം ആളുകളെത്തന്നെ വധിക്കാനും വേണ്ടിയുള്ളതാണ്. ഇതാണ് അവരുടെ പ്രതികരണം. എന്നാൽ അഹ്മദികളുടെ പ്രതികരണം കാണുമ്പോൾ, ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനങ്ങൾ അഹ്മദികളിൽ നിന്ന് കേൾപ്പിക്കുമ്പോൾ, നീതിബോധമുള്ള, മാന്യതയുള്ള അമുസ്‌ലിംകളിൽ ചിലർ നാണിച്ചു തലതാഴ്ത്തുകയും തിരുനബി(സ)യെ പരിഹസിക്കുന്നവരെയും അസഭ്യം പറയുന്നവരെയും അപലപിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഒരു പരിപാടിയെക്കുറിച്ചുള്ള റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ഒരു സ്ഥലത്ത് ഒരു പരിപാടി നടക്കുകയാണ്. റിപ്പോർട്ട് അയച്ച അഹ്മദി എഴുതുന്നു. ആ പരിപാടിയിൽ ഒരു ക്രിസ്ത്യൻ സ്ത്രീ വന്ന് തിരുനബി(സ)യെ പുകഴ്ത്തിക്കൊണ്ട് സംസാരിക്കുകയുണ്ടായി. അതു കേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു. തിരുനബി(സ)യുടെ യഥാർഥ സ്ഥാനമാഹാത്മ്യത്തെ അവരുടെ തന്നെ സദസ്സുകളിൽ എത്തിക്കുന്ന ആളുകളെ അല്ലാഹു അവരിൽ നിന്ന് തന്നെ ഉണ്ടാക്കിയിരിക്കുന്നു. എല്ലായിടത്തും ഒരേ രീതിയിലുള്ള ആളുകളല്ല ഉണ്ടാവുക. നല്ലവരും ഉണ്ടാകും. മോശപ്പെട്ടവരുമുണ്ടാകും.

അതിനാൽ നമ്മുടെ പ്രതികരണം ലോകത്തിന് വ്യക്തമാക്കിക്കൊടുക്കേണ്ടതാണ്. തിരുനബി(സ)യുടെ പവിത്ര ജീവിതത്തെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു കൊണ്ടാണ് അഹ്മദികൾ പ്രതികരിക്കുന്നത്. ഇസ്‌ലാമിന്റെ മനോഹര അദ്ധ്യാപനം ലോകത്തിനു മുമ്പാകെ സമർപ്പിക്കുക. ലോകത്തിന്റെ യഥാർഥ രക്ഷകൻ ഈ ഒരു പ്രവാചകനാണെന്ന് ലോകത്തോട് തുറന്നു പറയണം. ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളാണ് പൂർണവും സമ്പൂർണവുമായ അദ്ധ്യാപനങ്ങളെന്ന് ലോകത്തോട് പറയേണ്ടിയിരിക്കുന്നു. അല്ലാഹുവിലേക്ക് നമ്മെ കൊണ്ടുപോകാൻ വഴികാണിച്ചു തരുന്ന അദ്ധ്യാപനം ഇതു തന്നെയാണ്. അതുകൊണ്ട് നിങ്ങൾ മോക്ഷം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ പ്രവാചകനൊപ്പവും അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾക്കൊപ്പവും ചേർന്ന് നിൽക്കുക.

തിരുനബി(സ) കാട്ടറബികളെയും അക്ഷരജ്ഞാനമില്ലാത്ത പാമരരെയും

ദൈവീക മനുഷ്യരാക്കി മാറ്റിക്കൊണ്ട് അവരെ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതിനിധികളാക്കി മാറ്റിയിരുന്നു. അല്ലാഹുവിന്റെ സൃഷ്ടികൾക്കായി സ്നേഹത്തിന്റെ ദീപം അവരുടെ ഹൃദയങ്ങളിൽ തെളിയിച്ചു. ഇസ്ലാം ഈ ഒരു അദ്ഭുത ദൃഷ്ടാന്തമാണ് കാണിച്ചത്. തിരുനബി(സ) കാണിച്ച മുഅ്ജിസത്താണിത്. ഈ മുഅ് ജിസത്ത് കാണിക്കുവാനും ഈ കാര്യങ്ങളെ പുനർജനിപ്പിക്കുവാനും നവമായ രീതിയിൽ ലോകത്തിന് പറഞ്ഞു കൊടുക്കുവാനും വേണ്ടിയാണ് തിരുനബി(സ)യുടെ യഥാർഥ പ്രേമിയെ അല്ലാഹു നിയോഗിച്ചയച്ചത്. മുകളിലെ ആയത്തിൽ ശാഹിദ് എന്നാണ് ആ മഹാത്മാവിന് നൽകിയ വിശേഷണം.

അല്ലാഹു അയച്ച ശാഹിദിന്റെ വാദത്തിന് ശേഷം മുസ്ലിംകൾ എങ്ങനെയാണ് പ്രതികരിച്ചത് എന്ന് നമുക്ക് നോക്കാം. ഞാൻ പറഞ്ഞതു പോലെ ഈ കാലഘട്ടത്തിൽ ഒരു പരിഷ്കർത്താവിന്റെ ആവശ്യമുണ്ടെന്ന് സമ്മതിക്കുകയും അത് ഏറ്റുപറയുകയും ചെയ്തിട്ടും ആ ശാഹിദിനെ അല്ലാഹു അയച്ചപ്പോൾ അവർ ഏതു രീതിയിലാണ് പ്രതികരിച്ചത്? അദ്ദേഹത്തിന്റെ വാദത്തിന് അവർ ഏതു രീതിയിലാണ് മറുപടി നൽകിയത്? അദ്ദേഹത്തെ നിഷേധിക്കുമെന്ന് മുകളിലെ ആയത്തിൽ നിന്നും മനസ്സിലാകുന്നുണ്ട്. ഈ ആയത്തുകളിൽ എതിർപ്പിന്റെ ഒരു രൂപരേഖയാണ് അല്ലാഹു വരച്ച് കാണിച്ചത്.

തിരുനബി(സ)യുടെ സത്യതയെ യഥാർഥ രീതിയിൽ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുന്നതിനായി, വിശുദ്ധഖുർആന്റെ മനോഹര അദ്ധ്യാപനങ്ങളെ ലോകത്തിനു മുമ്പിൽ വിളംബരപ്പെടുത്തുന്നതിനായി, അല്ലാഹു വാഗ്ദത്ത മസീഹിനെ അയക്കുന്നതാണെന്നും അദ്ദേഹം വന്നാൽ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനും അതിഭീകരമായ എതിർപ്പുകളെ നേരിടേണ്ടിവരുന്നതാണെന്നും പ്രവചനമുണ്ട്. ഇസ്ലാമിന്റെ നാമം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്ന് പറഞ്ഞ് വിലപിച്ചവരിൽ പലരും, ഇസ്ലാം അവസാനിച്ചിരിക്കുന്നു എന്നോർത്ത് സന്തുഷ്ടരായിരുന്ന ഇസ്ലാമിന്റെ എതിരാളികളും ഈ ശാഹിദ് വന്നു കഴിഞ്ഞാൽ ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും അങ്ങനെ അവരിൽ ഭൂരിഭാഗവും തീ ആളിക്കത്തിക്കുകയും ചെയ്തു. വിശ്വാസികളെ അഗ്നിയിലേക്ക് വലിച്ചെറിയാൻ അവർ ശ്രമിച്ചു.

ഒരു ഭാഗത്ത് മുസ്ലിംകളുടെ

**വിശ്വാസികൾക്ക് സ്വർഗമുണ്ട്. അവർ അതിൽ സന്തോഷിക്കുക. തണലേകുന്ന തോട്ടം അവർക്കുണ്ട്. അതിന്റെ താഴോരത്തുകൂടെ അരുവികൾ ഒഴുകി കൊണ്ടിരിക്കുന്നതാണ്. ഈ ലോകത്ത് നാനാതരം പ്രയാസങ്ങളും നൽകി ക്കൊണ്ട് നമുക്കെതിരിൽ എതിരാളികൾ തീ കത്തിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ പക്കൽ ഈ വിശ്വാസികൾക്ക് കുളിരേകുന്ന തണലുകളും ശീതള പാനീയങ്ങളും ലഭ്യമാണ്. എതിരാളികൾക്ക് എന്നെന്നും നിലനിൽക്കുന്ന അഗ്നിയാണ് ഉള്ളത്.**

അവസ്ഥയോർത്ത് ഇവർ കരയുന്നു. ഇപ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ മറുഭാഗത്ത് അല്ലാഹു അയച്ച വ്യക്തിയെ എതിർക്കുന്നതിൽ സീമകളെ അതിലംഘിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു: ജനങ്ങൾ കത്തിക്കുന്ന ഈ എതിർപ്പിന്റെ അഗ്നി കാരണത്താൽ അവരിൽ ശാപം ഇറങ്ങുന്നതാണ്. അവർ നശിപ്പിക്കപ്പെടുന്നതാണ്. എന്നാൽ വിശ്വാസികൾ ഈ വാഗ്ദാനത്തിൽ സന്തോഷിച്ചാൽ മാത്രം പോരാ. അവർക്ക് എന്തുതന്നെയായാലും ത്യാഗങ്ങൾ സമർപ്പിക്കേണ്ടതായി വരും. ഈ ത്യാഗങ്ങൾ താത്കാലികമായിരിക്കില്ല. കുറച്ച് സമയത്തേക്ക് മാത്രമായിരിക്കില്ല. മറിച്ച് സമയാസമയങ്ങളിൽ ഈ എതിർപ്പിന്റെ അഗ്നി കത്തിച്ചുകൊണ്ടിരിക്കുന്നതാണ്. അഹ്മദികൾക്കെതിരിൽ അക്രമവും മർദനവുമുണ്ടായിക്കൊണ്ടിരിക്കുന്നതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ പുരോഗതി ഈ ത്യാഗത്തിനും കഠിന നാളുകൾക്കും ശേഷമായിരിക്കും ലഭിക്കുക.

1973 ൽ പാകിസ്താനിൽ ജമാഅത്തിനെതിരെ കുഴപ്പമുണ്ടാക്കിയപ്പോൾ അന്ന് അഹ്മദികളുടെ വീടുകൾ അഗ്നിക്കിരയാക്കിയിരുന്നു. അഹ്മദികളെ വീടുകളിൽ ജീവനോടെ കത്തിക്കാൻ ശ്രമിച്ചിരുന്നു. പോലീസ് കയ്യുംകെട്ടി ഈ തമാശ കാണുന്നുണ്ടായിരുന്നു. എന്നാൽ മറ്റുതരത്തിലുള്ള അഗ്നിയും ഇതിൽ ഉൾപ്പെടുന്നതാണ്. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനായി വരുന്ന വാഗ്ദത്ത പുരുഷനോടും അദ്ദേഹത്തെ അംഗീകരിച്ചവരോടും അതിനീചമായ അക്രമങ്ങൾ നടക്കുന്നതാണെന്ന് തിരുനബി (സ) ക്ക് അല്ലാഹു മുമ്പേ പറഞ്ഞു കൊടുത്തിരുന്ന കാര്യമാണ്. ഈ അക്രമങ്ങൾ മുസ്ലിംകളുടെ ഭാഗത്ത് നിന്നും ഉണ്ടാകും. ഹദീസുകളിൽ നിന്നും മനസ്സിലാകുന്നത് മുസ്ലിംകളുടെ ഭിന്നതരൂക്ഷമാകുമ്പോൾ അല്ലാഹു തിരുനബി (സ) യോട് ഇതിനെ കുറിച്ച് ചോദിക്കുന്നതാണ്. അപ്പോൾ തിരുനബി (സ) പറയുന്നത് ഞാൻ അവരിൽ ഉണ്ടായിരുന്ന കാലമത്രയും അവരുടെ മേൽ നോട്ടക്കാരനായിരുന്നു. അതിനു ശേഷമാണ് ഇവർ വഴി തെറ്റിയത്. അത് നീയാണ് ശരിക്കും അറിയുന്നത്. ഹ : ഈസ (അ) നൽകിയ അതേ മറുപടിയായിരിക്കും നൽകുക. ഈ ശൈഥില്യത്തെ ശരിയാക്കുന്നതിനായി അല്ലാഹു തന്റെ വാഗ്ദാന പ്രകാരം ഏതൊരു മസീഹ് മൗഊദിനെയാണോ അയക്കുന്നത് അദ്ദേഹത്തിനെതിരിലും ഇവർ തീ ആളിക്കത്തിക്കുന്നതാണ്. കത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഏതായിരുന്നാലും ഈ എതിർപ്പുകൾ നേരിടാൻ ഹ:മസീഹ് മൗഊദ് (അ) നമ്മെ സജ്ജരാക്കുകയുണ്ടായി. വിവിധ സ്ഥലങ്ങളിൽ ഇതു സംബന്ധമായി പരാമർശിച്ചിട്ടുണ്ട്.

ആപത്തുകളുടെയും പ്രയാസങ്ങളുടെയും കഠിന നാളുകൾ വരുന്നതാണെന്ന് മുന്നറിയിപ്പ് നൽകുകയും അവയെ ക്ഷമയോടെ നേരിടുകയും ചെയ്യണമെന്ന് നമ്മെ ഉപദേശിച്ചിട്ടുണ്ട്. ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: ആരാണോ അവസാനം വരെ ക്ഷമകൈകൊള്ളുന്നത്, അവരിൽ പ്രയാസങ്ങളുടെ ഭൂകമ്പങ്ങൾ തന്നെ വന്നാലും, അപകടങ്ങളുടെ കൊടുങ്കാറ്റ് തന്നെ അവരിൽ ആഞ്ഞടിച്ചാലും, സമൂഹങ്ങൾ പരിഹസിക്കുകയും കളിയാക്കി ചിരിക്കുകയും ചെയ്താലും, ലോകം വളരെ വെറുപ്പോടു കൂടി സമീപിച്ചാലും അവസാനം വിജയിക്കുന്നവർ അവരായിരിക്കും. അനുഗ്രഹത്തിന്റെ കവാടങ്ങൾ അവർക്കായി തുറക്കപ്പെടുന്നതാണ്. പറയുന്നു: അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ട് പറഞ്ഞു. നീ നിന്റെ ജമാഅത്തിനെ ഇപ്രകാരം അറിയിക്കുക. ഭൗതികതയുടെ ലാഞ്ചനയില്ലാത്ത വിശ്വാസം ഉൾകൊ

ണ്ടവർ, കാപട്യത്തിൽ നിന്നും ഭീരുത്വ ത്തിൽ നിന്നും സ്വതന്ത്ര മായ വിശ്വാസം സ്വീകരിച്ചവർ, അനുസരണത്തിന്റെ എല്ലാ മേഖലകളും സ്വായത്ത മാക്കിയിട്ടു ള്ള വിശ്വാസം ഉൾക്കൊണ്ടവർ, അങ്ങനെ യുള്ളവരാണ് അല്ലാഹുവിന്റെ പ്രിയപ്പെ ട്ടവർ. അല്ലാഹു പറയുന്നു: അവരുടെ പാദങ്ങളാണ് സത്യ ത്തിൽ അടിയുറച്ച് നിൽക്കുന്നത്.

ഫത്ഹെ ഇസ്ലാം എന്ന തന്റെ ഗ്രന്ഥ ത്തിൽ പറയുന്നു: സത്യം വിജയിക്കും. ഇസ്ലാമിന്റെ ആദ്യകാലത്തുണ്ടായി രുന്ന ആ പ്രഭാവത്തിന്റെയും ഉണർ വിന്റെയും കാലം വീണ്ടും വരുന്നതാണ്. ആ പ്രഭാ കരൻ മുമ്പ് ഉദിച്ചുയർന്നതു പോലെ പരിപൂർണ മഹത്വത്തോടെ വീണ്ടും ഉദിച്ചുയരുന്നതാണ്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല ഉള്ളത്. കഠിനാധ്വാന ത്തോടും കഠിന പ്രയത്നത്തോടും കൂടി നാം പരിശ്രമിക്കു ന്നത് വരെ ആകാശം അത് ഉദിച്ചുയരു ന്നതിൽ നിന്നും തടയേണ്ടതു തന്നെയാ യിരുന്നു. അതിന്റെ ഉയർത്തെഴുന്നേൽ പ്പിന് വേണ്ടി നമ്മുടെ സുഖങ്ങളെയെല്ലാം നാം വിനിയോഗിക്കേണ്ടതാണ്. (ഭീകര തയുടെ നാളുകളിലൂടെ കടന്നു പോകു ന്നവർക്ക് മാത്രമാണ് ഇത് ബാധകമെന്ന് കരുതരുത്. അല്ലാത്തവരും കഠിനാധ്വാനം ചെയ്യേണ്ടതാണ്. അവർ ദുആയിലും ആരാധനയിലും ഒരു പ്രത്യേക അവസ്ഥ സംജാതമാക്കേണ്ടതാണ്. തങ്ങളുടെ നമസ്ക്കാരങ്ങളിലും തങ്ങളുടെ തഹജ്ജു ദുകളിലും ഒരു പ്രത്യേക അവസ്ഥ സംജാതമാക്കുക.)

ആ മഹാത്മാവ് പറയുന്നു: ഇസ്ലാമിന്റെ അഭിമാന സംര ക്ഷണത്തിനായി എല്ലാ നിന്ദ്യതയും സ്വീകരിക്കാത്തതുവരെ ഇത് സംഭവിക്കു ന്നതല്ല. ഇസ്ലാമിന്റെ ജീവൻ നമ്മിൽ നിന്നും ഒരു ഫിദ്യ ആവശ്യപ്പെടുന്നു. അതെന്താണ്? ഇതേ മാർഗ ത്തിലുള്ള നമ്മുടെ മരണം. ഈ ഒരു മരണത്തി ലാണ് ഇസ്ലാമിന്റെ ജീവനും മുസ്ലിംകളുടെ ജീവനും സജീവനായ ദൈവത്തിന്റെ ശക്തിപ്രകടനവും നിലനിൽക്കുന്നത്.

അത്കൊണ്ട് അന്തിമ വിജയം നമ്മുടേതാണ്. ഇസ്ലാമിന്റെ വിജയം തീർച്ചയായും ഹ:മസീഹ് മൗഊദ് (അ) മായും അദ്ദേഹത്തിന്റെ ജമാഅത്തു മായും ബന്ധപ്പെട്ടുനിൽക്കുന്നു. എന്നാൽ ഇതിനായി നമുക്ക് പരിശ്രമി ക്കേണ്ടിയിരിക്കുന്നു. വിശ്വാസസംര ക്ഷണത്തിനായി അഗ്നിയിൽ വെന്തെ രിയാൻ തയ്യാറായിരിക്കുക എന്ന് ഈ അധ്യായത്തിൽ അല്ലാഹു നമ്മോട് പറയുന്നു. എതിർപ്പിന്റെ ഒരു രൂപരേ ഖയാണ് ഇവിടെ തരുന്നത്. അഹ്മദികൾ ക്കെതിരിൽ പാകിസ്താനിൽ സമ യാസമയങ്ങളിൽ എതിർപ്പിന്റെ ഈ അഗ്നി കത്തിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി ഇതിൽ വളരെ ശക്തി കൈവന്നിരിക്കു കയാണ്. ഇതിന് മുമ്പ് ഇതു പോലുള്ളത് കാണാൻ സാധിക്കില്ല. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ പാകിസ്താനിൽ ജമാഅത്ത് നൽകിയിരിക്കുന്ന ഇത്ര ജീവനുകൾ ഇതിന് മുമ്പ് നൽകിയിട്ടില്ല. ഈ ഖുർബാനികൾ ഒരിക്കലും പഴായി പോകുന്നതല്ല. ഇത് വിജയങ്ങൾ കാണി ക്കാനുള്ളതാണ്. അല്ലാഹു ഈ വിജയ ങ്ങൾ ഉണ്ടാകുമെന്ന് പറഞ്ഞ് ആശ്വാസി പ്പിക്കുകയും ചെയ്തിട്ടുണ്ട്. ചരിത്രവും ഇതിന് സാക്ഷിയാണ്. ഈ വിധ ത്യാഗ ങ്ങൾക്ക് ശേഷമേ വിജയങ്ങൾ ലഭിച്ചി ട്ടുള്ളൂ.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു. തിരു സഹാബത്തിന്റെ കാലഘട്ടത്തെ കുറിച്ചൊന്ന് ചിന്തിക്കുക. അവർ ദീനിന് വേണ്ടി എന്തെന്തെല്ലാം പ്രയാസങ്ങളാണ് സഹിച്ചത്. എന്തെല്ലാം ദു:ഖങ്ങളിലാണ് അവർ അകപ്പെട്ടത്. പകലോ, രാത്രിയോ അവർ വിശ്രമിച്ചില്ല. അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാ പ്രയാസങ്ങളെയും അവർ സഹിച്ചു. ജീവൻ പോലും അവർ ത്യജിക്കുകയുണ്ടായി.

അത്കൊണ്ട് ഹ:മസീഹ് മൗഊദ് (അ) ന്റെ ഈ വാക്കുകളും തന്റെ ജമാഅ ത്തിൽ നിന്നും ത്യാഗങ്ങളുടെ പ്രതീക്ഷ കളും ഇന്നും ജമാഅത്ത് ശരിക്കും മനസിലാക്കിയിരിക്കുന്നു. അത് അവർ ഓർക്കുന്നു. സന്തോഷത്തോടെ തങ്ങളു ടെ ജീവൻ അവർ സമർപ്പിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനു ള്ളിൽ എത്രയോ ജീവനുകളാണ് ജമാഅത്ത് സമർപ്പിച്ചത്.

അത് കൊണ്ട് ലാഹോറിലെ ശഹാദ ത്തുകളായാലും മൺഢി ബഹാ വുദ്ദീനിലെ ശഹാദത്തുകളായാലും ഘട്ടിയാനിലേതായലും, കറാച്ചിയി ലേതായാലും, ത്യാഗത്തിന്റെ ഈ ആത്മാവ് എല്ലായിടത്തും എല്ലാ അഹ്മ ദികളിലും നമുക്ക് കാണാൻ സാധിക്കു ന്നതാണ്. ഇതിലാണ് തങ്ങളുടെ വിജയ മുള്ളതെന്ന് അഹ്മദികൾക്കറിയാം. അത്കൊണ്ട് അഹ്മദിയ്യത്തിന്റെ ശത്രു ക്കളെ ! ലാഹോറിൽ ഡസൻ കണക്കിന് ശഹാദത്തുകൾ നടത്തിയതിന് ശേഷവും നിങ്ങൾക്ക് ഒരഹ്മദിയെ പോലും അവരുടെ വിശ്വാസത്തിൽ നിന്നും അകറ്റാൻ സാധിച്ചിട്ടില്ല. അഹ്മദികളുടെ വിശ്വാസത്തിന് ഭംഗം വരുത്താൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കറാച്ചിയിലെ അഹ്മദി കളെയും ഇളക്കാൻ നിങ്ങൾക്ക് സാധിച്ചില്ല. ഇവരുടെ വിശ്വാസത്തിൽ ഒരു കുറവും വരുത്തുവാൻ നിങ്ങൾക്ക് സാധിച്ചില്ല.

വിശ്വാസികൾക്ക് സ്വർഗമുണ്ട്. അവർ അതിൽ സന്തോഷിക്കുക. തണലേകുന്ന തോട്ടം അവർക്കുണ്ട്. അതിന്റെ താഴോരത്തുകൂടെ അരുവികൾ ഒഴുകി കൊണ്ടിരിക്കുന്നതാണ്. ഈ ലോകത്ത് നാനാതരം പ്രയാസങ്ങളും നൽകി ക്കൊണ്ട് നമുക്കെതിരിൽ എതിരാളികൾ തീ കത്തിക്കുന്നു. എന്നാൽ അല്ലാഹു വിന്റെ പക്കൽ ഈ വിശ്വാസികൾക്ക് കുളിരേകുന്ന തണലുകളും ശീതള പാനീയങ്ങളും ലഭ്യമാണ്. എതിരാളി കൾക്ക് എന്നെന്നും നിലനിൽക്കുന്ന അഗ്നിയാണ് ഉള്ളത്. അതിനാൽ പൊതുവിൽ ഈ എതിർപ്പുകൾ ഉള്ള സ്ഥലങ്ങളിലെല്ലാം ധീരത അഹ്മദികൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും ചില സ്ഥലത്ത് അസ്വസ്ഥതകൾ ഉണ്ടെങ്കിൽ ഒരിക്കലും വ്യാകുലപ്പെടേണ്ട കാര്യമില്ല. അഹ്മദികളുടെ ത്യാഗങ്ങൾ 1500 വർഷങ്ങൾക്ക് മുമ്പേ വിശുദ്ധഖുർആൻ അവതരിച്ചപ്പോൾ തന്നെ അല്ലാഹുവിന്റെ പക്കൽ സ്വീകരി ക്കപ്പെട്ടതാണ്. അത് കൊണ്ട് ഇത് ഒരു സാധാരണ ബഹു മതിയല്ല. അതിനാൽ പാകിസ്താനിലെ അഹ്മദികളാണെങ്കിലും ഇന്തൊ നേഷ്യയിലെ അഹ്മദികളാണെങ്കിലും ഇന്ത്യയിലെ ചെറു ഗ്രാമങ്ങളിലെ അഹ്മ ദികളാണെങ്കിലും ഏതെങ്കിലും അറബ് നാടുകളിലെ അഹ്മദികളാണെങ്കിലും എവിടെയാണെങ്കിലും ശരി, എതിരാളി കൾ കത്തിച്ചു വിട്ട എതിർപ്പിന്റെ തീ നാളങ്ങളിലൂടെ കടന്നു പോകുന്ന ഓരോരുത്തർക്കും അവരുടെ ക്ഷമയു ടെയും നാനാതരം ത്യാഗങ്ങളുടെയും ഫലമായി അവരെ സ്ഥായിയായ സ്വർഗ ത്തിന്റെ അവകാശിയായിമാറ്റുന്നതാണ്.

കറാച്ചിയിൽ മൂന്ന് ശഹാദത്തുകൾ നടക്കുകയുണ്ടായി. അഹ്മദിയ്യത്തിന്റെ എതിരാളികൾ ഇപ്പോൾ കറാച്ചിയെയാണ് ലക്ഷ്യം വെച്ചിരിക്കുന്നത്. അല്ലാഹു ഈ ശഹീദുകളുടെ പദവി ഉയർത്തു മാറാ കട്ടെ. ഓരോ ശഹീദിന്റെയും ഓരോ തുള്ളി ചോരയും അഹ്മദിയ്യത്തിന്റെ വിജയ ത്തെ ലക്ഷം മടങ്ങ്, കോടിമടങ്ങ് വർദ്ധിപ്പിക്കുന്നതായിതീരട്ടെ.

ആദ്യത്തെ ശഹീദ് സഅദ് ഫാറൂഖ് സാഹിബാണ്. ഫാറൂഖ് അഹ്മദ് കാഹ് ലോൻ സാഹിബിന്റെ മകനാണ്.

ഒക്ടോബർ 15ന് ബൽദിയ്യ ടൗൺ കറാച്ചിയിൽ വെച്ചാണ് ശഹീദാക്കപ്പെട്ടത്. ഒക്ടോബർ 15 ന് മൂന്ന് നാല് ദിവസം മുമ്പാണ് ശഹീദ് മർഹൂമിന്റെ വിവാഹം നടന്നത്. 3 ദിവസത്തിന് ശേഷം ശഹീദാകുകയാണുണ്ടായത്.

ശഹാദത്ത് സംഭവം ഇപ്രകാരമാണ് വിവരിക്കപ്പെടുന്നത്. ഒക്ടോബർ 19-ാം തീയതി വെള്ളിയാഴ്ച്ച സഅദ് ഫാറൂഖ് സാഹിബും അദ്ദേഹത്തിന്റെ പിതാവ് ഫാറൂഖ് അഹ്മദ് സാഹിബ്, കാഹ്ലോൻ സദ്ർ ഹൽഖ ബൽദിയ്യ ടൗണും കുടുംബത്തിന്റെ മറ്റു അംഗങ്ങളോ ടോപ്പം ജുമുആ നമസ്കാരം കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചു പോകുകയായിരുന്നു. സഅദ് ഫാറൂഖ് സാഹിബ് ബൈക്കിലായിരുന്നു. പിതാവ് ഫാറൂഖ് അഹ്മദ് സാഹിബ്, ഭാര്യാപിതാവ് നുസ്റത്ത് മഹ്മൂദ് സഹിബ്, സഹോദരൻ ഹമ്മാദ് ഫാറൂഖ് സാഹിബ്, മൂത്താപ്പ മൻസൂർ സാഹിബ്, സഹോദരി ഭർത്താവ് അശ്റഫ് സാഹിബ് എന്നിവർ കാറിലുമായിരുന്നു. വീടിന് അടുത്ത് എത്തിയതേ ഉണ്ടായിരുന്നുള്ളു. സഅദ് ഫാറൂഖ് സാഹി ബിനെ മുഖം മൂടികളായ രണ്ട് ബൈക്ക് യാത്രക്കാർ പിന്നിൽ നിന്ന് വെടിവെക്കുകയുണ്ടായി. ഒരു വെടി വലത് ചെവിക്ക് താഴെകൊണ്ടു അത് ഇടത് വശത്തുകൂടെ പുറത്ത് പോവുകയും ചെയ്തു. അത് കാരണം ഗുരുതരമായ പരിക്കേറ്റ് വീഴുകയുണ്ടായി. അക്രമികൾ കാർ പിന്തുടർന്ന് ഫയർ ചെയ്തു. അത് കാരണം കാറ് ഓടിച്ചിരുന്ന ശഹീദ് മർഹൂമിന്റെ പിതാവിന് അഞ്ച് വെടിയുണ്ടകൾ വന്നു തറച്ചു. രണ്ടു വെടിയുണ്ട കൾ വലത് കൈക്കും രണ്ടെണ്ണം ഇടത് കൈക്കും ഒരു വെടി അദ്ദേഹത്തിന്റെ കഴുത്തിനെ സ്പർശിച്ച് കൊണ്ട് കടന്നു പോകുകയും ചെയ്തു.

ശഹീദ് മർഹൂമിന് തന്റെ കുടുംബത്തോട് വളരെ സ്നേഹബന്ധമായിരുന്നു. അദ്ദേഹത്തിന്റെ ഉമ്മ പറയുന്നു: രാത്രി ഉറങ്ങുന്നതിന് മുമ്പെ ഞങ്ങളുടെ റൂമിൽ വന്ന് എന്റെയും തന്റെ പിതാവിന്റെയും കാലുകൾ തടവിത്തരും, ചായ കുടിപ്പിക്കും, എ. സി. യുടെ ഊഷ്മാവ് ക്രമപ്പെടുത്തും. എന്നിട്ട് പോകാൻ അനുവാദം ചോദിക്കും. അനുസരണത്തിന്റെ എല്ലാ വശങ്ങളും പൂർത്തിയാക്കിയിരുന്നു. ഞങ്ങളുടെ ഒരു വാക്കും ഇന്നേ വരെ എതിർത്തിട്ടില്ല. അതുപോലെ മറു ത്തൊന്നും പറഞ്ഞിട്ടില്ല. രക്തം ദാനം ചെയ്യാൻ വലിയ താത് പര്യമായിരുന്നു. മുഹല്ലയിലോ ജമാഅത്തിലോ ആർക്ക് രക്തം ആവശ്യമുണ്ടെങ്കിലും ആദ്യം സ്വയം സമർപ്പിക്കുമായിരുന്നു. ഉമ്മ പറയുന്നു. ഞാൻ തടയുമ്പോൾ പറയാറുള്ളത് ഉമ്മാ ! ഈ രക്തം ഏതായാലും ഒഴുകി പോകും, ഇത് ആർക്കെങ്കിലും പ്രയോജനപ്പെട്ടാൽ എത്ര നല്ലതാണ്. ഇദ്ദേഹ ത്തിന്റെ സഹോദരി ഡോ: സദാ ഫാറൂഖ് പറയുന്നു: ഞങ്ങൾ സഹോദരി സഹോദരന്മാർക്കിടയിൽ സുഹൃദ് ബന്ധ മാണ് നിലനിന്നിരുന്നത്. ജനങ്ങൾ എന്നോട് പറയാറുള്ളത് നിന്റെ സഹോദരൻ ഈ ലോകത്ത് നിന്ന് തികച്ചും വ്യത്യസ്തനാണ്. ഇളയവനായിരുന്നിട്ടുകൂടി കുട്ടികളെപ്പോലെ എന്നെ പരിപാലിച്ചിരുന്നു. സാത്വികനും സേവനതത്പരനുമായിരുന്നു. ഞങ്ങളുടെ ഹൃദയത്തിൽ മാത്രമല്ല അവനുമായി ആരെല്ലാം ഇടപഴകിയിട്ടുണ്ടോ അവരുടെ മനസ്സിലും അവൻ എപ്പോഴും ജീവിച്ചിരിക്കു ന്നതാണ്. അല്ലാഹുതആല അവന്റെ ഖുർബാനി സ്വീകരിക്കു മാറാകട്ടെ.

രണ്ടാമത്തെ ജനാസ ബശീർ അഹ്മദ് ഭട്ടി സാഹിബ് ബൽദിയ ടൗൺ കറാച്ചിയുടെതാണ്. ഒക്ടോബർ 23 നാണ് ഇദ്ദേഹം ശഹീദായത്. ഇന്നാലില്ലാഹ്. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇദ്ദേഹത്തിന്റെ ഉപ്പാപ്പ മിയാൻ അക്ബർ സാഹിബ് മുഖേനയാണ്.

അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാണ്. ബൽദിയാ ടൗണിലുള്ള തന്റെ കടയിൽ ഇരിക്കുകയായി രുന്നു. രാത്രി 9.30 ആയിരുന്നു സമയം. രണ്ട് ബൈക്ക് യാത്രക്കാർ വരികയും അതിലൊരാൾ അദ്ദേഹത്തെ 3 പ്രാവ ശ്യം വെടിവെക്കുകയുമുണ്ടായി. അതിൽ രണ്ട് വെടിയുണ്ട കഴുത്തിലും മറ്റൊന്ന് നെഞ്ചത്തും കൊണ്ടു. ഉടനെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും വഴിയിൽ വെച്ച് തന്നെ ശഹീദാവുകയുണ്ടായി അദ്ദേഹത്തിന്റെ വയസ്സ് ഏകദേശം 67 ആയിരുന്നു. കശ്മീരിലാണ് ജനിച്ചത്. അക്ഷരാഭ്യാസമൊന്നും ഉണ്ടായിരുന്നില്ല. കൂലിവേല ചെയ് താണ് ജീവിച്ചിരുന്നത്. 1984 ൽ കറാച്ചിയിലേക്ക് താമസം മാറ്റി. ഫാക്ടറികളിൽ ജോലി ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം വീടിനടുത്ത് ഒരു പലചരക്കു കട ഇട്ടിരുന്നു. മക്കളെയെല്ലാം വളരെ നല്ല രീതിയിൽ തർബിയ്യത്ത് ചെയ്തു. ഇദ്ദേഹത്തിന്റെ ഒരു പൗത്രൻ ഇമ്രാൻ നാസിർ സാഹിബ് കഴിഞ്ഞ വർഷം ജാമിഅ അഹ്മദിയായിൽ പഠനത്തിനായി പോയപ്പോൾ അദ്ദേഹം കുട്ടിക്ക് ദീനീ സേവനവുമായി ബന്ധപ്പെട്ട ഉപദേശം നൽകുകയുണ്ടായി. ജമാഅത്തിന്റെ നിസാമു മായി നല്ലതുപോലെ സഹകരിച്ചിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഇഴകിച്ചേർ ന്നിരുന്നു. ഭാര്യയും രണ്ട് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളും ഇദ്ദേഹത്തിനുണ്ട്. അല്ലാഹു ഇവരെ എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ.

മൂന്നാമത്തെ ശഹാദത്ത് ഡോക്ടർ രാജാ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെതാണ്. അബ്ദുൽ അസീസ് സാഹി ബിന്റെ മകനാണ്. അറിവും പരിജ്ഞാനവുമുള്ള സയ്യിദ് റിബാ ബിസ്മിൽ സാഹിബ് ദാഈ ഇലല്ലാഹ് കറാച്ചി 1994 ൽ ഡോക്ടർ രാജാ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെ പിതാവ് അബ്ദുൽ അസീസ് സാഹിബുമായി ബന്ധപ്പെടുകയുണ്ടായി. പല ചോദ്യോത്തര സദസ്സുകളും സംഘടിപ്പിക്കുകയുണ്ടായി. അതിനുശേഷം 1994 ൽ തന്നെ ഡോക്ടർ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന് ബയ്അത്ത് ചെയ്ത് നൗ മുബാഈനിൽ അംഗമാകാൻ സൗഭാഗ്യം ലഭിച്ചു. കുറച്ച് കാലം കൂടി കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പിതാവും മാതാവും ബയ്അത്ത് ചെയ്യുകയുണ്ടായി.

ശഹീദ് മർഹൂം 1972 ലാണ് ജനിച്ചത്. ബൽദിയാ ടൗണിൽ തന്നെ ഇന്റർമീഡിയേറ്റ് വരെയുള്ള വിദ്യാഭ്യാസം കരസ്ഥമാക്കി. പിന്നീട് നേവിയിൽ ചേർന്ന് സിവിലിയൻ ഫോർമാനായി പ്രവേശിച്ചു. ഡോക്ടർ എന്ന് ഇദ്ദേഹത്തെ പറയാനുള്ള കാരണം പിതാവിനോടൊപ്പം ക്ലിനിക്കിൽ ഇദ്ദേഹവും ഇരിക്കാറുണ്ടായിരുന്നു. അവിടെ അൽപ്പം ചില്ലറ പ്രാക്ടീസൊക്കെ ചെയ്യും. നേവി ഡ്യൂട്ടിയിൽ നിന്നും തിരിച്ചുവന്നാൽ ക്ലിനി ക്കിൽ വന്നിരിക്കും. 8.45 ന് രാത്രി ഒക്ടോബർ 23 ാം തിയ്യതി രണ്ട് ബൈക്ക് യാത്രികർ വരികയും ഒരാൾ ബൈക്കിൽ തന്നെ ഇരിക്കുകയും മറ്റൊരു വ്യക്തി ക്ലിനിക്കിൽ പ്രവേശിച്ച് പിസ്റ്റൾ ഉപയോഗിച്ച് മൂന്ന് പ്രാവശ്യം വെടി വെക്കുകയും ചെയ്തു. ഒരു വെടിയുണ്ട ഇടത്തെ കവിളിൽ തുളച്ച് വലതു ഭാഗത്തൂടെ പുറത്തേക്ക് പോയി. രണ്ടാമത്തെ വെടിയുണ്ട താടിക്ക് താഴെ പതിച്ചു. മൂന്നാമത്തെ വെടിയുണ്ട തോളിൽ ഏൽക്കുകയും അത് പുറം ഭാഗത്തുകൂടെ പുറത്തേക്ക് പോയി. ഇതു

ശേഷം പേജ് 33 ൽ

# യേശു തിരിച്ചു വരികയാണെങ്കിൽ...

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ (റഹ്)

ഈസാനബി (അ) വീണ്ടും അവതരിക്കുകയാണെങ്കിൽ ഉണ്ടാവുന്ന സങ്കീർണ പ്രശ്നങ്ങളെക്കുറിച്ച് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) രസകരമായി വിവരിക്കുന്നു

"**അ**വസാനത്തെ പ്രവാചകനായ മുഹമ്മദ് നബി(സ) ഇതിനകം വരികയും പോവുകയും ചെയ്തു, ഈസാനബി (അ) ഭൂമിയിലേക്ക് ഒരു പ്രവാചകനായി കൊണ്ട് ഇറങ്ങി വരികയും ചെയ്യും." ഈ വിശ്വാസത്തിൽ വളരെയേറെ പൊരുത്തക്കേടുകളുണ്ട്. ഈ രണ്ടു വിശ്വാസവും ഒരേ സമയം കൊണ്ടു നടക്കുക അസാധ്യമാണ്. വാസ്തവത്തിൽ പരസ്പരബന്ധമില്ലാത്ത ഈ രണ്ടു വിഷയങ്ങളുടെയും വിചിത്ര മിശ്രണം തയ്യാറാക്കിയത് മദ്ധ്യകാലഘട്ടത്തിലെ ഉലമാക്കൻമാരാണ്. വിശുദ്ധ ഖുർആന്റെ അവതരണകാലത്ത് ഇവ രണ്ടും തമ്മിലുള്ള ബന്ധം അചിന്ത്യമായിരുന്നു.

ഈ വിഷയവുമായി പരിചയമില്ലാത്ത അമുസ്ലിം വായനക്കാർക്ക് വേണ്ടി ഇതിന്റെ ചരിത്ര പശ്ചാത്തലത്തെക്കുറിച്ച് നമുക്ക് അല്പം വിവരിക്കേണ്ടതുണ്ട്. എങ്കിൽ തന്നെ ഇത് സംബന്ധിച്ചുള്ള മുഴുവൻ തർക്ക വിതർക്കങ്ങളും മനസ്സിലാക്കാൻ പ്രയാസമായിരിക്കും. വിശുദ്ധ ഖുർആനിലെ ***' ഖാത്തമുന്നബിയ്യീൻ '*** എന്ന വചനം ഏറ്റവും അടിസ്ഥാന പ്രാധാന്യമുള്ള വചനങ്ങളിലൊന്നാണ്. ആ വചനം അഗാധമായ അർഥസമ്പുഷ്ടതയും നിരവധി സാധ്യമായ അർഥധ്വനികളുമുള്ള ഒരു വചനമാണ്. പക്ഷേ ഈ വചനത്തിന്റെ അർഥം വിദൂരമായിട്ടു പോലുംഈസാനബി (അ)ന്റെ ആകാശാരോഹണവുമായി ബന്ധപ്പെട്ടതല്ല. ഈസാനബി(അ) നാലാം ആകാശത്തേക്ക് ഉയർത്തപ്പെട്ടത് കൊണ്ടാണ് ഈ വചനം ദൈവത്തിന് ഇറക്കേണ്ടിവന്നതെന്ന മുല്ലമാരുടെ വാദം തികച്ചും പരിഹാസ്യവും നാടകീയവുമാണ്. യേശുവിന്റെ സശരീരത്തോടു കൂടിയുള്ള ആകാശാരോഹണത്തിന് ഈ വചനമായോ ഖുർആനിലെ മറ്റു വചനങ്ങളുമായോ യാതൊരു ബന്ധവുമില്ല. ഈസാനബി(അ) ഉയർത്തപ്പെട്ട് ആകാശത്തേക്ക് പോയി എന്ന ആശയം ഒരിക്കലും ദൈവത്തിന്റെ പക്കൽ സംഭവിച്ചിട്ടില്ല. ഈസാനബി(അ) യുടെ സ്ഥൂലശരീരത്തോടു കൂടിയ ആകാശാരോഹണം ഖുർആനും, റസൂൽ തിരുമേനി(സ)യുടെ മുഴുവൻ ഹദീസുകളും ആസകലം പരിശോധിച്ചു നോക്കിയാലും കാണാൻ സാധ്യമല്ല. അതുകൊണ്ട് തന്നെ ഈ അസംബന്ധത്തിൽ നിന്നും ഖുർആനും ഹദീസും ദൈവത്തെ മുക്തമാക്കുന്നു. ഈ വചനം ഉണ്ടാക്കുന്ന പ്രതിബന്ധങ്ങളിൽ നിന്നും കാലേകൂട്ടി രക്ഷനേടുവാനാണ് ദൈവം യേശു(അ)വിനെ ആകാശത്തേക്കുയർത്തിയത് എന്ന മുല്ലമാരുടെ ജൽപനം വിശുദ്ധഖുർആനെതിരെയുള്ള അടിസ്ഥാന രഹിതമായ ഒരാരോപണം മാത്രമല്ല ശുദ്ധകളവുമാണ്. പ്രശ്നം ഉണ്ടാക്കുന്നത് മുല്ലമാർ തന്നെയാണ് എന്നിട്ട് അത് ദൈവത്തിന്റെ പേരിൽ ചാർത്തുകയും ചെയ്യുന്നു. ഖുർആനിലെ ഏറ്റവും അടിസ്ഥാനപരമായ ഒരു വചനത്തോട് ചേർത്ത് ഈ അടിസ്ഥാന രഹിതമായ അഭ്യൂഹം കെട്ടിവെക്കുന്നത് അങ്ങേയറ്റം ജുഗുപ്സാവഹമാണ്. യാതൊരു നിലക്കും പരസ്പര ബന്ധമില്ലാത്ത ഈ രണ്ടു വിഷയങ്ങളെ വഞ്ചനാത്മകമായ രീതിയിൽ ഒന്നിച്ചു ചേർക്കാൻ മദ്ധ്യകാലഘട്ടത്തിലെ പുരോഹിതൻമാരെ പ്രേരിപ്പിച്ചതിന്റെ കാരണങ്ങളെ കുറിച്ചാണ് ഇവിടുത്തെ മുഖ്യ ചർച്ചാ വിഷയം. വായനക്കാരന് ഇതിന്റെ പശ്ചാത്തലത്തെ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി നാമിപ്പോൾ മുല്ലമാരുടെ വിവരണത്തിന്റെ കഥ പറയാൻ പോവുകയാണ്.

ഭാവനാത്മകമായ യേശുവിന്റെ ആകാശത്തേക്കുള്ള കയറ്റത്തിനും ഇറക്കത്തിനും റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തി സ്വതന്ത്രമായി പ്രഖ്യാപിക്കുന്നതുമായി യാതൊരു ബന്ധവുമില്ല. വസ്തുത ഇതായിരിക്കെ അത് രണ്ടും തമ്മിൽ സുനിശ്ചിതമായ ബന്ധമുണ്ടെന്നാണ് മത പുരോഹിതൻമാരുടെ വാദം. മർയമിന്റെ മകനായ ഈസാനബി(അ)യെ ആകാശത്തു നിന്നു തിരിച്ചു കൊണ്ടു വരുവാൻ അവർ നിർബന്ധം പിടിക്കാൻ കാരണം പുതിയ ഒരു പ്രവാചകനേയും മുഹമ്മദ് നബി (സ)ക്ക് ശേഷം കൊണ്ടു വരാൻ സാധ്യമല്ല എന്നതു കൊണ്ടാണ്. പുതിയ ആവശ്യങ്ങൾ നിറവേറ്റാൻ മുസ്ലിം ഉമ്മത്തി (സമുദായം)ൽ നിന്ന് ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കുന്നതിന് പകരം പഴയ ഒരു പ്രവാചകനെ വീണ്ടും തിരിച്ചു കൊണ്ടു വരിക എന്ന മുസ്ലിം യാഥാസ്തികത്വത്തിന്റെ വിദഗ്ധ തന്ത്രം സ്തുതിക്കപ്പെടേണ്ടത് തന്നെ. പക്ഷേ അവരുടെ ഈ ഉത്സാഹം സാധാരണ മനുഷ്യരുമായി പങ്കുവെക്കാൻ കഴിയില്ല. ഒരു അണുമണിതൂക്കമെങ്കിലും സാമാന്യ ബുദ്ധിയുള്ള ഒരാൾക്കും ഈ തരം താണ പറ്റിക്കൽ തന്ത്രം സർവശക്തനും സർവജ്ഞാനിയുമായ അല്ലാഹുവിൽ ആരോപിക്കാൻ സാധ്യമല്ല. ഇങ്ങനെ പറയാൻ മുല്ലമാർക്ക് മാത്രമേ സാധ്യമാവൂ. അവർ ചെയ്തു കൊണ്ടിരിക്കുന്നതുമതാണ്. റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തിയെ യേശുവിന്റെ തിരിച്ചു വരവുമായി ബന്ധപ്പെടുത്തുന്നതിലൂടെ പരിസമാപ്തിയെ സംബന്ധിച്ച് കാലമാകാതെ പ്രഖ്യാപനം നടത്തിയ ദൈവത്തെ രക്ഷിക്കുകയാണെ

ന്നാണ് അവർ കരുതുന്നത്. അങ്ങനെ കടുത്ത പരസ്പര വൈരുദ്ധ്യത്തിന്റെ പ്രശ്നത്തിൽ നിന്നും ദൈവത്തെ മതപുരോഹിതൻമാർ രക്ഷിച്ചു എന്ന് വിശ്വസിക്കുന്നു. ഈ തന്ത്രം വാസ്തവത്തിൽ മന്ദബുദ്ധിയായ ഒരു മുല്ലയുടെ മസ്തിഷ്ക്ക സന്തതിയായിരിക്കണം. ഏത് പ്രവാചകന്റെ പരിസമാപ്തിയെക്കുറിച്ചുള്ള വാഗ്ദാനമാണ് എന്നത് ദൈവത്തിന്റെ അറിവിൽ സൂക്ഷിക്കാൻ കഴിഞ്ഞില്ല. ദൈവത്തിന് അക്കാര്യം ഗ്രഹിക്കാനും സാധ്യമായില്ല പോലും. പരിസമാപ്തിയെ പറ്റിയുള്ള ആ വാഗ്ദാനം നിറവേറ്റാൻ വേണ്ടി അവസാനത്തെ പ്രവാചകന്റെ മരണത്തിന് ശേഷം പഴയ ഒരു പ്രവാചകനെ കൊണ്ടു വരിക എന്നത് തികച്ചും അപഹാസ്യമാണ്. ദൈവത്തെ മുല്ലയുടെ നിലവാരത്തിനനുസരിച്ച് വിലയിരുത്തുന്നതിന്റെ ഭാഗമായി പരസ്പര വൈരുദ്ധ്യത്തിന്റെ ലജ്ജാകരമായ ഒരു പ്രവൃത്തി ദൈവത്തിൽ ആരോപിക്കുകയാണ് ചെയ്യുന്നത്. പിന്നീട് മുല്ല മുന്നോട്ട് വന്ന് ദൈവത്തിന്റെ മുഖം രക്ഷിക്കുന്നു! നിന്ദാകരമായ ഈ പ്രവൃത്തി ബോധപൂർവമാണ് നടത്തുന്നത്. മുല്ലയെ സംബന്ധിച്ചിടത്തോളം നിരവധി ഗുണങ്ങൾ കിട്ടുന്ന വമ്പിച്ച ഒരാശയമാണിത്.

അത് യേശു(അ)വിന്റെ ജീവനെ ശപ്തമായ കുരിശു മരണത്തിൽ നിന്ന് രക്ഷിക്കുകയും യേശു(അ) വ്യാജനാണെന്ന് തെളിയിക്കാനുള്ള ശത്രുക്കളുടെ ശ്രമത്തെ നിഷ്ഫലമാക്കുകയും ചെയ്യുന്നു. ശത്രുക്കളുടെ പിടിയിൽ നിന്നും രക്ഷപ്പെട്ട് യേശു (അ) വായുവിൽ അപ്രത്യക്ഷനാവുന്നത് കാണുമ്പോൾ അവർക്കുണ്ടാവുന്ന ക്രോധാവേശം ഒന്ന് ഭാവനയിൽ കണ്ടു നോക്കൂ. (യേശു കയറിപ്പോയി എന്ന് പറയപ്പെടുന്ന നാലാം ആകാശത്ത് വായു ഉണ്ടെങ്കിൽ) പക്ഷേ ദൈവത്തിന് ഈ നടപടി മറ്റൊരു ചെറിയ പ്രശ്നം കൂടി സൃഷ്ടിക്കുന്നതാണ്. എപ്പോഴാണ് എന്തിനാണ് യേശു(അ)വിനെ വീണ്ടും ഭൂമിയിലേക്ക് തിരിച്ചു കൊണ്ടു വരുന്നത് എന്ന ചോദ്യമാണ് ആ പ്രശ്നം. ഇതെല്ലാമായിരുന്നിട്ടും യേശു(അ)വിനെ ആകാശ മണ്ഡലത്തിൽ വിധി നാൾ വരെ ദൈവം ഉപേക്ഷിക്കുന്നില്ല. വാസ്തവത്തിൽ ദൈവത്തെ സംബന്ധിച്ചേടത്തോളം ഈ പ്രശ്നം നിലനിൽക്കുന്നില്ല. മുല്ലയെ സംബന്ധിച്ചിടത്തോളം പ്രശ്നം സൃഷ്ടിച്ചത് അയാൾ തന്നെയാണ്. റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തിയിലും ആ പരിസമാപ്തിക്കു ശേഷം ഒരു പ്രവാചകനായി വീണ്ടും വരുന്ന യേശു(അ)വിലും വിശ്വസിക്കുന്ന അയാൾക്ക് തന്റെ സ്വയം സൃഷ്ടിയായ ഈ വൈരുദ്ധ്യം മൂടിവെക്കേണ്ടതുണ്ട്. ആ ഒരൊറ്റ കാരണം കൊണ്ടാണ് മുല്ല ഖാത്തമുന്നബിയ്യീനുമായി യേശുവിന്റെ ഈ മിഥ്യാ അവരോഹണത്തെ കൂട്ടിയിണക്കുന്നത്. സാധാരണ മുസ്ലിം പൊതുജനത്തിന് കണ്ടു പിടിക്കാൻ കഴിയാത്ത വഞ്ചനാത്മകമായ കൗശലത്തോടെയാണ് മുല്ല ഈ വേല നിർവഹിക്കുന്നത്. താഴെ പറയുന്ന സംഗതികളിലാണ് അയാൾ തന്റെ വാദം കെട്ടിപ്പൊക്കുന്നത്.

1. ഒരുലക്ഷ്യത്തിന് വേണ്ടിയാണ് യേശു ആകാശത്തേക്കുയർത്തപ്പെട്ടത്. അവസാനം അദ്ദേഹം ഭൂമിയിലേക്ക് തിരിച്ചു വരുന്നതാണ്.

2. പഴയ ഒരു പ്രവാചകൻ വരുന്നത് കൊണ്ട് റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തിയുടെ സീൽ പൊട്ടുന്നില്ല.

3. അവസാനകാലത്തെ ഒരു പ്രവാചകന്റെ ആവശ്യം ദൈവത്തിന്റെ വിധിയിലുള്ള പരസ്പര വൈരുദ്ധ്യത്തിന്റേതായ ഏതെങ്കിലുമൊരു പ്രശ്നം സൃഷ്ടിക്കപ്പെടാതെ നിറവേറ്റപ്പെടുന്നില്ല.

ഒരു വെടിക്ക് രണ്ട് പക്ഷിയെ ചിലർ വീഴ്ത്താറുണ്ട്. എന്നാൽ മുല്ലാ യാഥാസ്ഥിതികത്വം ഒരു വെടിക്ക് മൂന്ന് പക്ഷിയെ വീഴ്ത്താനാണ് നോക്കുന്നത്! വാസ്തവത്തിൽ അവരുടെ മനസ്സ് ദൈവത്തിന്റേതായി മാറ്റുന്ന ഈ കളിയിലൂടെ അവർ നിർവഹിക്കുന്നത് മാപ്പർഹിക്കാത്ത ദൈവനിന്ദയാണ്.

വിവരം കെട്ട ഈ അഭ്യാസത്തിലൂടെയും അത്തരം ഭ്രാന്തമായ കഥകൾ മെനഞ്ഞെടുക്കുന്നതിലൂടെയും മറ്റുള്ളവരേക്കാൾ മുല്ലമാർക്ക് ഏറ്റവും ഗുണകരമായ പല ഫലങ്ങളും ലഭിക്കുമെന്ന് നാം വിശ്വസിക്കുന്നു. മുല്ലമാർക്ക് മേൽ എപ്പോഴെങ്കിലും നിയമിക്കപ്പെടാവുന്ന ദൈവികമായ അധികാരസ്ഥരിൽ നിന്നും രക്ഷപ്പെടാനുള്ള സാധ്യതയാണ് ഈ കെട്ടു കഥകൾ അവർക്ക് നൽകുന്നത്. പ്രവാചകത്വ നിയമനം അജ്ഞരായ മുസ്ലിം ബഹുജനങ്ങൾക്ക് മേൽ മുല്ലമാർക്കുള്ള അധീശാധികാരത്തിനു മേലുള്ള ഒരു ഭീഷണിയാണ്. പ്രവാചകത്വം അവസാനിച്ചു എന്ന പ്രഖ്യാപനത്തിലൂടെ മുല്ലമാരുടെ ഈ നഷ്ട ഭീതിയിൽ നിന്നും അവർ ശാശ്വതമായി മോചിപ്പിക്കപ്പെടുന്നു. രണ്ടായിരം വർഷങ്ങൾ പഴക്കമുള്ള ഒരു പ്രവാചകൻ വീണ്ടും വരും എന്ന വിശ്വാസം ഇനിയൊരിക്കലും പ്രവാചകൻ വരില്ല എന്നതിനുള്ള ആന്തരികമായ ഉറപ്പാണ് നൽകുന്നത്. അങ്ങനെ ഇസ്ലാമിന് മേലുള്ള മുല്ലയുടെ പിടി ശാശ്വതമാക്കപ്പെടുകയാണ്. അങ്ങനെ അവരെ ഒരിക്കലും സംശയിക്കാത്ത മുസ്ലിം പൊതുജനങ്ങൾക്ക് മേൽ മുല്ലയുടെ സ്വേച്ഛാധികാരം കാലകാലത്തേക്കുമായി നിലനിറുത്തപ്പെടുന്നു.

മരണപ്പെട്ടവർ ഒരിക്കലും തന്നെ തങ്ങളുടെ പരലോക സങ്കേതം ഉപേക്ഷിച്ച് മടങ്ങി വരാറില്ല. ഒരിക്കൽ മരിച്ച് വേർപിരിഞ്ഞ വ്യക്തികൾ ഒരിക്കലും തന്നെ ജീവിച്ചിരിക്കുന്നവരുമായി ഇടകലരാൻ വീണ്ടും വരാറില്ല. ഭൂതകാല വാസികളിലാരെയും ദൈവം തിരികെ കൊണ്ടു വരില്ല. അക്ഷരാർഥത്തിൽ യേശുവിനെ കാത്തു നിൽക്കുന്നവർ ആ വൃഥാ പ്രവൃത്തി അനന്തമായി തുടരും. അദ്ദേഹം ഒരിക്കലും വരില്ല. ജനങ്ങളുടെ അജ്ഞത മുതലെടുത്ത് മുസ്ലിം ലോകത്തെ നിയന്ത്രിക്കുന്ന മുല്ല ഒരിക്കലും വിട്ടു പിരിയുകയുമില്ല. ദയ എന്തെന്നറിയാത്ത മുല്ലയുടെ ദയാവായ്പിനായി സർവവും വിട്ടുകൊടുത്തു കൊണ്ട് ഒരു കയ്യിൽ മൃതസഞ്ജീവനിയുമായി യേശു(അ) എന്നെങ്കിലും തിരിച്ചെത്തുമെന്ന മിഥ്യാധാരണയിൽ ജനങ്ങൾ പച്ചപരമാർഥികളായി കഴിയുന്നു. അങ്ങനെ ഈ മുസ്ലിം പൗരോഹിത്യത്തിന്റെ സ്വേച്ഛാവാഴ്ചക്കു കീഴിൽ ഇസ്ലാം മതം വർഷത്തിനു പിന്നാലെ വർഷങ്ങളായി നൂറ്റാണ്ടുകൾ പിറകെ നൂറ്റാണ്ടുകളായി കഴിയേണ്ടി വരും.

യേശുവും പരിസമാപ്തിയും തമ്മിലുള്ള വിഷയത്തിലേക്ക് വീണ്ടും നമുക്ക് നോക്കാം. മുല്ലമാരുടെ നിർദേശങ്ങൾ യാതൊരർഥത്തിലും ന്യായീകരിക്കാനാവാത്തതാണ്. മൂസാ നബി(അ)ന്റെ കഴിഞ്ഞു പോയ ഒരു ജനതയിൽ നിന്ന് ഒരു പ്രവാചകനെ കടം വാങ്ങിക്കൊണ്ട് തികച്ചും വിഭിന്നമായ ആവശ്യങ്ങളുള്ള മുസ്ലിം ഉമ്മത്തിന്റെ അവസാന കാലത്തെ ആവശ്യങ്ങളെ യാതൊരു നിലക്കും പരിഹരിക്കാൻ സാധ്യമല്ല. കടം വാങ്ങപ്പെട്ട ഒരു പ്രവാചകൻ റസൂൽ തിരുമേനി(സ)യുടെ പ്രവാചക സമാപ്തി എന്ന സ്ഥാനത്തെ ലംഘിക്കുന്നയാളായിരിക്കും. അദ്ദേഹമാവട്ടെ അവിടുത്തെ ആത്മീയ പുത്രൻ എന്ന നിലക്ക് തന്റെ ഉമ്മത്തിൽ നിന്ന് എഴുന്നേൽപിക്കപ്പെടുന്നയാളുമല്ല. ഈ കാര്യം മനസ്സിലാക്കുന്നതിൽ മുസ്ലിംകൾ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

മുകളിൽ പ്രതിപാദിച്ച ചർച്ചകളിൽ നിന്നും ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. കാലാനുക്രമം മാത്രം നോക്കിയാൽ ഒരു പ്രവാചകൻ പഴയതോ പുതിയതോ ആണെന്ന് നിർണയിക്കാൻ സാധ്യമല്ല. ഒരു പ്രവാചകൻ അദ്ദേഹത്തിന്റെ

രണ്ടാം സന്ദർശനത്തിൽ ആദ്യത്തെ സന്ദർശനത്തിൽ ഉണ്ടായിരുന്ന അതേ ഗുണത്തോടും കൂടിയാണ് വരുന്നതെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ സന്ദർശനം ഒരു രണ്ടാം വരവായി കണക്ക് കൂട്ടാം. പക്ഷേ അദ്ദേഹത്തിന്റെ രണ്ടാം വരവിന് മുമ്പായി അദ്ദേഹം തന്റെ പെരുമാറ്റ സ്വഭാവങ്ങളിലെല്ലാം വിപ്ലവാത്മകമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. അദ്ദേഹത്തെ സംബന്ധിച്ച് ഒരിക്കലും തന്നെ പഴയ ഒരു പ്രവാചകനാണ് രണ്ടാമതും വരുന്നതെന്ന് പറയാൻ സാധ്യമല്ല. അത് കൂടാതെ അദ്ദേഹത്തിന്റെ ആത്മീയ പദവി, അദ്ദേഹം നൽകുന്ന സന്ദേശം, അദ്ദേഹം കാണിക്കുന്ന ദിവ്യാദ്ഭുതങ്ങൾ, മനുഷ്യ വംശത്തിനു മേൽ അദ്ദേഹം നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവയൊന്നും തന്നെ പുതിയ നിയമത്തിലെ യേശു(അ)വിന്റേതല്ല. ശ്രദ്ധേയമായ ഒരു കാര്യം റസൂൽ തിരുമേനി(സ) വാഗ്ദാനം ചെയ്തിട്ടുള്ള യേശു(അ)വിന്റെ വ്യക്തിത്വം പഴയ യേശുവിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. വാഗ്ദാനം ചെയ്യപ്പെട്ട യേശു(അ) യാതൊരു വിധത്തിലും ഒരു ഇസ്രായേലി പ്രവാചകനല്ല. അദ്ദേഹം ഒരിക്കലും തന്നെ തൗറാത്തിനോ(തോറ) അദ്ദേഹം തന്നെ പ്രബോധിച്ച ബൈബിൾ പുതിയ നിയമത്തിനോ വിധേയനായിരിക്കില്ല. അദ്ദേഹം ഇസ്രായേൽ ജനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടവനായിരിക്കില്ല. ഇതെല്ലാമായിരിക്കെ വാഗ്ദാനം ചെയ്യപ്പെട്ട ഈസാനബി(അ) പഴയ ഇസ്രായേലീ പ്രവാചകൻ തന്നെയായിരിക്കുമെന്നാണ് മുല്ല ശാഠ്യം പിടിക്കുന്നത്. ഭൂമിയിലേക്ക് അയക്കപ്പെടുന്നതിന് മുമ്പ് യേശു(അ) വിനെ പുതിയ പ്രവാചകന് ആവശ്യമായ പ്രത്യേകതകളെല്ലാം നൽകി റീകണ്ടീഷൻ ചെയ്ത് പുനർദൗത്യവുമായിട്ടായിരിക്കും അയക്കപ്പെടുക എന്നാണ് മുല്ലമാരുടെ അഭിപ്രായം. ഇത് മറ്റൊരു പുതിയ പ്രവാചകന്റെ ആവിർഭാവമല്ലെങ്കിൽ പിന്നെ മറ്റെന്താണ്? റസൂൽ തിരുമേനി(സ)യുടെ പരിസമാപ്തി തത്ത്വം അംഗീകരിക്കാത്ത ഇവിടെ വിവരിക്കപ്പെട്ട ഒരു യേശു(അ)വിനെ ഇസ്‌ലാമിലേക്ക് സ്വീകരിക്കപ്പെടുമെന്ന് ഒരു മുല്ലയും അംഗീകരിക്കില്ല. യേശു(അ)വിന് യാതൊരു മാറ്റവും വരുത്താതെയാണ് ഭൂമിയിലേക്ക് അയക്കപ്പെടുക എന്ന് അവർക്ക് വിശ്വസിക്കാൻ പിന്നെയെന്താണ് അദ്ദേഹത്തിൽ അവശേഷിക്കുന്നത്. അദ്ദേഹത്തെ ഇസ്‌ലാമിക വൃക്ഷവുമായി ഇവിടെ ബഡ്സ് ചെയ്ത് യോജിപ്പിക്കണം. പഴയ തായ്ത്തടിയിൽ തന്നെ ഇസ്‌ലാമിന്റെ സാർവലൗകിക പ്രവാചകനായി വീണ്ടും വളരുകയും വേണം. എങ്കിൽ പോലും അദ്ദേഹത്തിന്റെ ഇസ്രായേലി എന്നുള്ള ഐഡന്റിറ്റി ഉപേക്ഷിക്കാൻ കഴിയാത്തിടത്തോളം അദ്ദേഹം ഇസ്‌ലാമിൽ ഒരു പരദേശിയായി തുടരുമെന്ന കാര്യം മുല്ലമാരെ ഓർമിപ്പിക്കാൻ ഞങ്ങളെ അനുവദിക്കണം. അദ്ദേഹത്തിന്റെ സ്ഥിതി ഒരു വർഗത്തിൽപെട്ട ചെടിയുടെ കമ്പ് മറ്റൊരു വർഗത്തിൽപ്പെട്ട ചെടിയിൽ ബഡ്സ് ചെയ്ത് പിടിപ്പിച്ചത് പോലെയിരിക്കും. താമര ചെടി ചെറി മരത്തിൽ ബഡ്സ് ചെയ്ത് പിടിപ്പിച്ചത് പോലെയോ ബ്ളൂബറി മരം പൈനാപ്പിൾ ചെടിയിൽ ബഡ്സ് ചെയ്ത് പിടിപ്പിച്ചത് പോലെയോ ആയിരിക്കും. അപ്രകാരം ഒരു ഇസ്‌ലാമിക പൂർവ പ്രവാചകൻ ഇസ്‌ലാമിലേക്ക് ബഡ്സ് ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ എന്തായിരുന്നാലും ഒട്ടിചേർക്കപ്പെട്ട ചെടിക്ക് ഒരിക്കലും അതിന്റെ വ്യക്തിത്വം മാറ്റുവാൻ സാധ്യമല്ല. ഇസ്‌ലാമിലേക്ക് ഒട്ടിച്ചു ചേർക്കപ്പെട്ടതിന് ശേഷവും യേശുവിൽ നിന്ന് എന്താണ് മുളച്ചു വരിക? അദ്ദേഹം അപ്പോഴും ഇസ്രായേലീ വ്യക്തിത്വമുള്ള യേശു തന്നെയായിരിക്കുമല്ലോ?

യേശു ശാരീരികമായി ഇസ്‌ലാമിക ലോകത്തിലേക്ക് പരിവർത്തനം ചെയ്ത് കഴിഞ്ഞാലും അദ്ദേഹത്തിന് ഒരിക്കലും തന്റെ യഥാർഥ വർണം മാറ്റുവാൻ സാധ്യമല്ല. വിശുദ്ധ ഖുർആൻ തുടർച്ചയായി അദ്ദേഹത്തെ ഒരു ഇസ്രയേലി പ്രവാചകനായിട്ടാണ് വിവരിക്കുന്നത്. അദ്ദേഹം തിരിച്ചു വരികയാണെങ്കിൽ രോഷാകുലനായ ഏതെങ്കിലുമൊരു മുസ്‌ലിമിന് നിവർന്ന് നിന്ന് അദ്ദേഹത്തിന്റെ വാദത്തെ ഖുർആനിക പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ വെല്ലു വിളിക്കാവുന്നതാണ്. അദ്ദേഹം ഒരു വ്യാജവാദിയാണെന്ന് അസന്ദിഗ്ദമായി ആക്ഷേപിക്കപ്പെടും. എന്ത് ആധികാരികതയാണ് അദ്ദേഹത്തിനുള്ളതെന്ന് ചോദ്യം ചെയ്യപ്പെടും. അദ്ദേഹം വെറും ഇസ്രായേലികൾക്ക് മാത്രമായുള്ള പ്രവാചകനാണെന്ന ഖുർആനിക പ്രഖ്യാപനം അദ്ദേഹം റദ്ദാക്കിയോ? ഖുർആൻ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് അപ്രകാരം നിർവചിക്കുന്ന കാലം വരെ അദ്ദേഹത്തിന്റെ വ്യക്തിത്വം ഒരിക്കലും മാറുന്നതല്ല. അദ്ദേഹം എപ്പോഴും ഒരു ഇസ്രായേലി പ്രവാചകനായിരുന്നു. എപ്പോഴും ഇസ്രായേലീ പ്രവാചകനായി തുടരുകയും ചെയ്യും. ഖുർആൻ പറയുന്നു. (ഈസാനബി) ബനീ ഇസ്രായേൽ സന്തതികളിലേക്കുള്ള ഒരു ദൂതനാണ്

നമ്മുടെ ഈ കാലഘട്ടം, മതനിന്ദയുടെ പേരിൽ മുസ്‌ലിം ബഹുജനങ്ങളുടെ വികാരം വ്രണപ്പെടുത്തുന്നതിൽ മതമൗലിക വാദികൾ അത്യധികം ജാഗ്രത പാലിക്കുന്നവരാണ്. യേശു(അ)വിന്റെ ജീവൻ പണ്ട് യഹൂദ ജനതയുടെ കൈകളിൽ സുരക്ഷിതമല്ലാതിരുന്നതിനേക്കാൾ കൂടുതലായി മുസ്‌ലിം മതഭ്രാന്തൻമാരുടെ കൈകളിൽ സുരക്ഷിതമായിരിക്കുകയില്ല. അദ്ദേഹത്തിന്റെ ആദ്യത്തെ സന്ദർശനത്തിൽ അഭിമുഖീകരിച്ചിട്ടില്ലാത്ത മറ്റു പല വിധത്തിലുള്ള വിപത്തുകളേയും അദ്ദേഹത്തിന് അഭിമുഖീകരിക്കേണ്ടി വരും. യേശു (അ)വിന്റെ കാലത്ത് യഹൂദ ലോകത്തുള്ളതിനേക്കാൾ കൂടുതൽ മതഭിന്നതയും പിളർപ്പും കൂടുതൽ തീക്ഷ്ണമായും അസഹിഷ്ണുതയോടെയും മുസ്‌ലിംകളിൽ നിലനിൽക്കുന്നു. അദ്ദേഹം എപ്പോഴെങ്കിലും ഭൂമിയിൽ ഇറങ്ങിയെന്നിരിക്കട്ടെ, ആ ഇറക്കം മുസ്‌ലിം രാജ്യത്താണെങ്കിൽ അദ്ദേഹത്തിന്റെ ജീവന് വമ്പിച്ച ഭീഷണിയായിരിക്കും ഉയരുക. അദ്ദേഹത്തിന്റെ ലാന്റിങ്ങ് ഭൂമി ഇറാനാണെങ്കിൽ അദ്ദേഹത്തിന്റെ സൈദ്ധാന്തിക നിലപാടുകൾ സംബന്ധിച്ച് കഠിനമായ ഒരു വിചാരണ നേരിടേണ്ടി വരുമെന്ന കാര്യം ഉറപ്പാണ്. അദ്ദേഹം പന്ത്രണ്ട് ഇമാമുകളിൽ വിശ്വസിക്കുന്നുണ്ടോ? അതല്ല അവരെ അദ്ദേഹം നിഷേധിക്കുന്നുണ്ടോ? അദ്ദേഹം അബൂബക്കറിന്റെയും ഉമറിന്റെയും ഉഥ്മാന്റേയും ഖിലാഫത്തിൽ വിശ്വസിക്കുന്നുണ്ടോ അതല്ല അത് നിരാകരിക്കുന്നുണ്ടോ? ഹദ്റത്ത് അലി(റ)യെ റസൂൽ തിരുമേനി (സ)യുടെ കണ്ണി മുറിയാത്ത പിൻഗാമിയായി അംഗീകരിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം ശിയാ വിശ്വാസങ്ങളുമായി അദ്ദേഹം ഒത്തു പോകുമെങ്കിൽ തന്നെ അദ്ദേഹത്തിന്റെ ജീവന് നേരെയുള്ള ഭീഷണി ഒഴിഞ്ഞു പോകുന്നില്ല. കാരണം ഇതുകൂടാതെ പന്ത്രണ്ടാമത്തെ ഇമാം അപ്രത്യക്ഷനായത് സംബന്ധിച്ച ഒരു പ്രശ്നം കൂടിയുണ്ട്. അവരുടെ പന്ത്രണ്ടാമത്തെ ഇമാം(അൽ മഹ്ദി) ആകാശത്തെവിടെയെങ്കിലും ഇപ്പോഴും മറഞ്ഞിരിക്കെ ഈസാനബി(അ)മാത്രം ഒറ്റക്ക് എന്തുകൊണ്ട് ഭൂമിയിലേക്ക് വരാൻ ആഗ്രഹിച്ചു എന്ന് അവർ ചോദിക്കും. യേശു(അ)വിന്റെ സത്യത്തെ സംബന്ധിച്ച് ആ ഇമാമിന്റെ വ്യക്തിപരമായ സാക്ഷ്യം കൂടാതെ മിക്കവാറും യേശു (അ) ഒരു വ്യാജനാണെന്ന പേരിൽ ഒരു കുറ്റവാളിയായി പ്രഖ്യാപിക്കപ്പെടുമെന്ന കാര്യം ഉറപ്പാണ്.

ഖലീഫമാരായ ഹദ്റത്ത് അബൂബ

ക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉഥ്മാൻ(റ) എന്നിവരെ അംഗീകരിക്കുകയാണെങ്കിൽ അദ്ദേഹം ഒരു വ്യാജവാദി എന്നതിനേക്കാൾ കടുത്ത രീതിയിൽ അപലപിക്കപ്പെടും. അതിന് ശേഷം സാധാരണ നിയമപ്രകാരം കൊല്ലപ്പെടുകയും ചെയ്യും.

അദ്ദേഹം ശിയാവിശ്വാസവും വെച്ചുപുലർത്തി ഒരു സുന്നി രാജ്യത്താണ് ആകാശത്ത് നിന്ന്ലാന്റ്ചെയ്തതെങ്കിൽ അദ്ദേഹം ആകാശത്തേക്ക് തന്നെ തിരിച്ചയക്കപ്പെടും. സുന്നി വിശ്വാസങ്ങളാണ് കൈകൊള്ളുന്നതെങ്കിൽ പോലും അദ്ദേഹത്തിന്റെ ജീവൻ വിപത്തിൽ നിന്നും വിമുക്തമല്ല. കാരണം ആ രാജ്യത്ത് കഴിയുന്ന ഓരോ സുന്നി ഗ്രൂപ്പും അവരവരുടെ വിശ്വാസം ശരിയാണെന്ന് സാക്ഷ്യപ്പെടുത്താനാവശ്യപ്പെടും. അല്ലെങ്കിൽ അദ്ദേഹം കള്ളനാണെന്ന് പറഞ്ഞ് നിഷേധിക്കപ്പെടും. ബറേൽവികളുടെയോ വഹാബി മതമൗലവിവാദികളുടേയോ രാജ്യത്ത് യേശു(അ) വരികയാണെങ്കിൽ ഇവർ രണ്ടു കൂട്ടരുടേയും വിശ്വാസത്തിലേക്ക് ഏതിലേക്കാണ് പരിവർത്തനം ചെയ്യേണ്ടതെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടായിരിക്കും. ഇവരിൽ ഏതെങ്കിലും ഒരു കക്ഷിയാണ് തന്റേതെന്ന് യേശു(അ) പറയുകയാണെങ്കിൽ അത് അപര കക്ഷിയുടെ മതപുരോഹിതൻ വധശിക്ഷ വിധിച്ചതിന് സമമായിട്ടായിരിക്കും യേശുവിന് അനുഭവപ്പെടുക.

ഈ അപലപനങ്ങൾക്കെല്ലാം കാരണം അദ്ദേഹം വിവിധ കക്ഷികളുടെ സ്വന്തമാണെന്ന് പറയുന്നത് കൊണ്ട് മാത്രമല്ല. അദ്ദേഹത്തെ വധിക്കാൻ വിധിക്കുന്നത് ദൈവത്തിന്റെ യഥാർഥ പ്രവാചകന്റെ കപടവേഷം കെട്ടിയ ആൾ എന്ന കുറ്റം ആരോപിച്ചു കൊണ്ടായിരിക്കും. ഒരു യഥാർഥ പ്രവാചകന് തെറ്റായ മതവീക്ഷണം വെച്ച് പുലർത്താൻ കഴിയില്ല എന്നായിരിക്കും അവരുടെ വാദം. ഓരോ വിഭാഗവും അവരവരുടെ വിശ്വാസമനുസരിച്ച് യേശു(അ)വിനെ വിധിക്കും. ആരും തന്നെ യേശു(അ)വിന്റെ വിധിക്ക് തങ്ങളുടെ വിശ്വാസത്തെ വിധേയമാക്കില്ല.

ഇവിടെ മറ്റൊരു ചോദ്യം കൂടി ഉയർന്നു വരും. അദ്ദേഹം ഏത് നിയമ വിചാരസരണി അഥവാ കർമ ശാസ്ത്രസരണി (മദ്ഹബ്)യിൽപ്പെട്ട ആളായിരിക്കും എന്നതായിരിക്കും ആ ചോദ്യം. അദ്ദേഹം ഹദ്റത്ത് ഇമാം മാലിക്കിന്റെയോ ഹദ്റത്ത് ഇമാം അബൂഹനീഫയുടേയോ ഹദ്റത്ത് ഇമാം ശാഫിയുടേയോ ഹദ്റത്ത് ഇമാം അഹ്മദ്ബിൻ ഹംബലിന്റേയോ മദ്ഹബിൽപ്പെട്ട ആളായിരിക്കുമോ? അത്തരത്തിലുള്ള നിയമവിധികളുടെ തർക്കവിതർക്കങ്ങളുടെ അനുഭവമില്ലാത്ത അദ്ദേഹം ഇത്തരം വാദകോലാഹലങ്ങളുടെ കെണിയിൽപ്പെട്ട അനുഭവമായിരിക്കും ഉണ്ടാവുക. അദ്ദേഹം ഭൂമിയിലേക്ക് ഒരിക്കലും തിരിച്ചു വന്നിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു എന്ന് എങ്ങനെ ആഗ്രഹിക്കാതിരിക്കും! അവസാനം അദ്ദേഹം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ വേഷം അണിയാമെന്ന് വെച്ചാൽ ബാക്കി എഴുപത്തൊന്ന് കക്ഷികളും ശക്തമായി അദ്ദേഹത്തെ നിഷേധിക്കും. ഇതുകൂടാതെ അദ്ദേഹം തുടർച്ചയായി നിഷേധിക്കപ്പെടുന്ന അപകടത്തേയും അഭിമുഖീകരിക്കേണ്ടതുണ്ട്. അത് മുകളിൽ പരാമർശിച്ച ഖുർആനിക വചനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരിക്കും. ആ ഖുർആനിക വചനം പ്രഖ്യാപിക്കുന്നത് അദ്ദേഹം '*ബനീ ഇസ്റാഈൽ സന്തതികളിലേക്കുള്ള ഒരു ദൂതനാണ്*' എന്നാണ്.

നിങ്ങൾ എവിടെ നിന്നാണോ വന്നത് അവിടേക്ക് തന്നെ തിരിച്ചു പോകുക (Go back) എന്ന മുദ്രാവാക്യം അവിടെ കൂടിനിന്ന ഏതെങ്കിലും മതഭ്രാന്തനിൽ നിന്നും ഉയർന്നെന്നും വരാം. വേഗം ഇവിടെ നിന്നും ഇസ്രായേൽ സ്റ്റേറ്റിലേക്ക് വിമാനം തിരിച്ചു വിട്ട് സ്ഥലം വിടുക എന്ന് കുറിക്ക് കൊള്ളുന്ന രൂപത്തിൽ അദ്ദേഹത്തോട് ആവശ്യപ്പെട്ടെന്നിരിക്കും. ജൂതജനതയുടെ കയ്യാൽ രണ്ടാമതും വിചാരണ ചെയ്യാൻ താങ്കൾ തയ്യാറാണെങ്കിൽ ജൂത ജനതയുടെ അടുക്കലേക്ക് പോകുക. താങ്കളുടെ ഐഡന്റിറ്റി വെളിപ്പെടുത്തുക.

ഈ പുതിയ സംഭവഗതികളിൽ ദൈവം എന്താണ് ചെയ്യുക എന്ന് ആരും അദ്ഭുതപ്പെടും. ഒരിക്കൽ കൂടി അദ്ദേഹത്തെ രക്ഷിക്കാൻ ദൈവം മാലാഖമാരോട് തിടുക്കം കൂട്ടി കൊണ്ട് അദ്ദേഹത്തിന്റെ പഴയ ആകാശ സങ്കേതത്തിലേക്ക് ഉയർത്തുമോ? അതല്ല യഹൂദ മുസ്‌ലിം പുരോഹിതൻമാരുടെ കരുണക്കു മുമ്പിൽ ദൈവം അദ്ദേഹത്തെ ഉപേക്ഷിക്കുമോ? ഇസ്രായേൽ രാജ്യത്ത് ഇസ്രായേലി ഭടൻമാരാൽ രണ്ടാമതും അദ്ദേഹം ക്രൂശിക്കപ്പെടുമോ? അല്ലെങ്കിൽ മുസ്‌ലിം ആരാച്ചാരൻമാരുടെ കൈകളാൽ അദ്ദേഹം തൂക്കിലേറ്റപ്പെടുമോ? ഈ ദുഃഖം നിറഞ്ഞ ലോകത്ത് അദ്ദേഹം വീണ്ടും പ്രത്യക്ഷപ്പെടുകയാണെങ്കിൽ ഭാവിയിലുയരുന്ന ചോദ്യങ്ങളായിരിക്കുമിതെല്ലാം. അദ്ദേഹം ആദ്യം വന്നതിനേക്കാൾ അസാധ്യമായ ഒന്നായിരിക്കും അദ്ദേഹത്തിന്റെ പുതിയ ദൗത്യം.

ഗൗരവതരമായ ഒരു കാര്യം കൂടി നാം വായനക്കാരനെ ഉണർത്തുന്നു. യുക്തിബോധം കൂടാതെ മതം വ്യാഖ്യാനിച്ചെങ്കിൽ അതുപോലെ വിശ്വാസവും കാര്യകാരണവുമായി വഴിപിരിയുകയാണെങ്കിൽ യുക്തിയില്ലാത്ത വെറും മിത്തും കഴമ്പില്ലാത്ത വെറും ഇതിഹാസവുമായി മതം പരിണമിക്കും. ചിന്താശേഷിയില്ലാത്ത വിശ്വാസത്തിന്റെ സൂക്ഷിപ്പുകാരൻ ദിവ്യജ്ഞാനത്തിന്റെ വെറും പരിഹാസ രൂപങ്ങൾ സൃഷ്ടിക്കുന്നവരായി മാറും.ഈ പ്രവചനങ്ങളുടെ യഥാർഥ പ്രാധാന്യം മനസ്സിലാകാതെ വന്നത് വാസ്തവത്തിൽ പൊറുക്കാവുന്നതാണ്. അവരുടെ കാലഘട്ടം വേറിട്ട ഒന്നായിരുന്നു. ലോകത്തെ പറ്റിയും പ്രപഞ്ചത്തെ പറ്റിയുമുള്ള അവരുടെ ധാരണകൾ വെറും ഊഹങ്ങളായിരുന്നു. പക്ഷേ സമകാലീന ലോകത്ത് ജീവിക്കുന്ന ഈ മധ്യകാലമനസ്ഥിതിക്കാർ യുക്തി പ്രബുദ്ധമായ ഈ കാലഘട്ടത്തിൽ ജനിച്ചവരും വളർത്തപ്പെട്ടവരുമാണ്. ദിവ്യ പ്രവചനങ്ങളുടെ ഇത്തരത്തിലുള്ള അവരുടെ വായനയാതൊരു നിലക്കും നീതീകരിക്കാൻ കഴിയാത്തതാണ്. ദൈവത്തിന്റെ സത്യസന്ധനായ അടിമ ഈസാനബി(അ) യുടെ ആത്മാവ് തീർച്ചയായും അദ്ദേഹത്തിന് വേണ്ടി ഒരുക്കിവെച്ച ദൈവത്തിന്റെ പക്കലുള്ള ഉന്നത സ്ഥാനത്ത് മടങ്ങിയെത്തിയിട്ടുണ്ടാവും. അവർ കാത്തിരിക്കുന്ന യേശു അവരുടെ മനസ്സിലെ വെറുമൊരു മിഥ്യ മാത്രമാണ്. ഒരായിരം തവണ അത്തരത്തിലുള്ള മിഥ്യാരൂപം ക്രൂശിക്കപ്പെട്ടാലും കുത്തിക്കൊലപ്പെടുത്തിയാലും ആരാണ് അത് ശ്രദ്ധിക്കുക. എന്നാൽ യേശുവിന്റെ ശരീരത്തോടു കൂടിയുള്ള ആകാശാരോഹണവും ബഹിരാകാശത്ത് എവിടെയെങ്കിലും അദ്ദേഹത്തിന്റെ സംരക്ഷണവുമെല്ലാം ഭാവിയിൽ ഒരു പ്രവാചകന്റെ ആവശ്യം നിറവേറ്റുവാൻ വേണ്ടി മാത്രമുള്ളതാണ്. ഇത് മനുഷ്യന്റെ ഔചിത്യ ബോധത്തിൽ പ്രകോപനം സൃഷ്ടിക്കുന്ന ഒരു ഭാവനാ വിലാസമാണ്. ഇത്തരം വിഡ്ഢിത്തരങ്ങൾ ദൈവത്തിൽ ആരോപിക്കുന്നതിനാൽ തങ്ങൾ ശിക്ഷിക്കപ്പെടില്ലെന്ന അവരുടെ ധൈര്യം കൂടിയാവുമ്പോൾ എന്ത് പദാർഥം കൊണ്ടാണ് അവരുടെ മനസ്സ് സൃഷ്ടിക്കപ്പെട്ടതെന്ന് നാം ആശ്ചര്യപ്പെടുന്നു.

ഈ ഭ്രമ കല്പനയിൽ നിന്നും എന്നെന്നേക്കുമായി മോചിതരാവാൻ ഇസ്‌ലാമിനെ അനുവദിക്കുക. അപ്പോൾ ഈ അന്ധവിശ്വാസം വളർത്തിക്കൊണ്ട് വരുന്ന മതപുരോഹിതൻമാരുടെ പിടി അതോടെ അയയും. അവരുടെ കാലഘ

ട്ടത്തിന്റെ മരണം ഇസ്‌ലാമിന്റെ നവോത്ഥാന കാലത്തിന്റെ ഉദയമായിരിക്കും.

അവസാനത്തേതാണെങ്കിലും ഒട്ടും പ്രാധാന്യം കുറയാത്ത ഒരു കാര്യം ഒരു മുസ്‌ലിം പ്രവാചകന്റെ വേഷത്തിൽ ഒരു ഇസ്രായേലി പ്രവാചകനെ അവതരിപ്പിക്കുന്നതിനുള്ള ശക്തമായ ഒരു തടസ്സമുണ്ട് എന്നതാണ്. യേശു(അ)വിന്റെ ഭൂമിയിലെ അഭാവത്തിൽ റസൂൽ തിരുമേനി (സ)ക്കും യേശുവിനും ഒരേസമയം ഖുർആൻ അവതരിക്കാൻ സാധ്യമല്ല എന്ന കാര്യം മുസ്‌ലിം യഥാസ്ഥിതിക മതപുരോഹിതന് എങ്ങനെ മറക്കാൻ കഴിയും? ഈ വീക്ഷണകോണിലൂടെയുള്ള നിരീക്ഷണം മതപുരോഹിതൻമാർക്ക് ഉത്തരം പറയേണ്ട നിരവധി പ്രയാസകരമായ ചോദ്യങ്ങളുയർത്തും. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം അദ്ദേഹത്തിന്റെ മതപരിവർത്തനം തന്നെയാണ്. ഏറ്റവും വലിയ പ്രവാചകനായ റസൂൽ തിരുമേനി(സ) ഭൂമിയിൽ അവതരിച്ച കാര്യം അദ്ദേഹം ആരിൽ നിന്ന് എപ്പോഴാണ് അറിഞ്ഞത്? സത്യവിശ്വാസിയായതിന് ശേഷം മുഹമ്മദ് നബി(സ)യുടെ സത്യത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചുവോ? അദ്ദേഹം ബഹിരാകാശത്ത് വെച്ച് ഇസ്‌ലാം മതം സ്വീകരിച്ച പ്രഥമ വ്യക്തിയാണെങ്കിൽ ഖുർആനിൽ നിന്ന് ഒന്നുമറിയാത്ത അദ്ദേഹത്തിന് എങ്ങനെ ഇസ്‌ലാം മതം ആചരിക്കാൻ സാധിക്കും? അതുപോലെ ഖുർആൻ പ്രധാന മാലാഖ ജിബ്രീൽ മുഖേന നേരിട്ടു ദൈവത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചതാണെങ്കിൽ അത് സംബന്ധിച്ച വിശദീകരണമാണ് നൽകേണ്ടത്.

അദ്ദേഹത്തിന് ബഹിരാകാശത്ത് വെച്ചു തന്നെയാണ് ഖുർആൻ നൽകപ്പെട്ടതെങ്കിൽ അദ്ദേഹം തീർച്ചയായും മൂസാ നബി(അ)ക്ക് ഹാറൂൺ നബി(അ)യെ പോലെ മുഹമ്മദ് നബി(സ)യുടെ ഒരു പങ്കാളി പ്രവാചകനായിരിക്കണം. രണ്ടു പേരും ഏകദേശം ഒരേ സ്ഥാനമായിരുന്നു അലങ്കരിച്ചിരുന്നത്. അദ്ദേഹത്തിന് ഖുർആൻ നേരിട്ട് പ്രധാന മാലാഖ വഴി പഠിപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഭൂമിയിലേക്ക് മടങ്ങുന്നതിന് മുമ്പുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ സ്വഭാവമെന്ത്? ഇസ്‌ലാമാണ് മനുഷ്യ വർഗത്തിന്റെ അവസാനത്തെ വിശ്വമതം എന്ന് ദൈവം പ്രഖ്യാപിച്ചിട്ടും അദ്ദേഹം ഒരു ജൂത ക്രിസ്ത്യാനിയായി തന്നെ തുടരുകയായിരുന്നുവോ? ഈസാനബി(അ)യുടെ വിഷയം ഒരു അസാധാരണ സംഭവം എന്ന നിലക്ക് ഇസ്‌ലാം മതസ്ഥാപകനായ റസൂൽ തിരുമേനി(സ)യുടെ അവതരണത്തിന് ശേഷവും അദ്ദേഹത്തെ ഒരു അമുസ്‌ലിമായി തുടരുവാൻ അനുവദിക്കപ്പെട്ടിരുന്നുവോ? അല്ലായിരുന്നുവെങ്കിൽ യേശു(അ)വിന് കൂടി ഖുർആൻ ഏതെങ്കിലും വിധത്തിൽ വെളിപ്പെട്ടിരിക്കണം എന്ന യുക്തിപരമായ നിഗമനത്തിൽ എത്തിച്ചേരുന്നതിൽ നിന്നും ആർക്കും രക്ഷപ്പെടാൻ സാധ്യമല്ല.

പ്രധാന മാലാഖക്ക് പകരം റസൂൽ തിരുമേനി(സ) താൻ തന്നെ അദ്ദേഹത്തിന് സന്ദേശം എത്തിച്ചിരുന്നതായി മുല്ലമാർ അഭിപ്രായപ്പെടുമോ? റസൂൽ തിരുമേനി (സ) വിശുദ്ധ ഖുർആന്റെ സന്ദേശം തന്റെ അനുയായികൾക്ക് എത്തിച്ചത് യാതൊരു മധ്യവർത്തിയുടേയും സഹായമില്ലാതെയാണ്. പ്രധാന മാലാഖ അദ്ദേഹത്തിന് അവതരിപ്പിച്ചു കൊടുത്തതെന്താണോ അത് അദ്ദേഹം തന്റെ അനുചരൻമാർക്ക് നേരിട്ട് കൈമാറിയിരുന്നു. പക്ഷേ യേശു(അ) മധ്യകാല മുല്ലമാരുടെ അഭിപ്രായപ്രകാരം ആകാശത്തിലെവിടെയോ ഇരിക്കുകയാണ്. അദ്ദേഹത്തിന് റസൂൽ തിരുമേനി(സ)യുമായി നേരിട്ട് ബന്ധമൊന്നുമില്ല. ഇവിടെ രണ്ട് വഴികളാണ് അവശേഷിക്കുന്നത്. ഒന്നുകിൽ അദ്ദേഹം ഭൂമിയിലേക്ക് വരുന്നത് വരെ ഖുർആനിക വെളിപാടുകളെ സംബന്ധിച്ച് തീർത്തും അജ്ഞനായിരിക്കണം. അല്ലെങ്കിൽ ഖുർആൻ യേശു (അ)വിന് മാത്രമായി റസൂൽ തിരുമേനി (സ)യിൽ നിന്നുള്ള ഒരു സന്ദേശമായിക്കൊണ്ട് അവതരിച്ചിരിക്കണം. പക്ഷേ എങ്ങനെയാണ് ആകാശത്തിരിക്കുന്ന യേശു (അ)വിന് ഈ സന്ദേശം പ്രധാന മാലാഖയുടെ സഹായം വീണ്ടുമില്ലാതെ എത്തിക്കുവാൻ സാധിക്കുക? ഈ ഭാവന അങ്ങേയറ്റം അപമാനകരമായും അറപ്പുളവാക്കുന്ന രീതിയിലും ഒരു വിശ്വാസിക്ക് ഒരു നിമിഷം പോലും വെച്ചു പൊറുപ്പിക്കാൻ കഴിയാത്ത വിധം അങ്ങനെ വികസിക്കുകയാണ്. ആലോചിച്ചു നോക്കൂ. പ്രധാന മാലാഖ ഖുർആൻ റസൂൽ തിരുമേനി(സ)ക്ക് അവതരിപ്പിച്ചു കൊടുക്കുന്നു. പിന്നീട് അത് യേശു(അ)വിന് എത്തിക്കുവാൻ റസൂൽ തിരുമേനി(സ)യോട് തിരിച്ചു ചൊല്ലി കൊടുക്കാൻ അഭ്യർഥിക്കുന്നു. അതായത് റസൂൽ തിരുമേനി(സ)യിൽ നിന്നുള്ള ഒരു സന്ദേശം എന്ന നിലക്ക്, ദൈവത്തിൽ നിന്നുള്ളതല്ല.

യേശു(അ)വിന്റെ ഇസ്‌ലാം മതപരിവർത്തന വിഷയത്തിലേക്ക് തന്നെ നമുക്ക് മടങ്ങി വരാം. യേശുവിന് ഖുർആൻ യാതൊരു നിലക്കും വെളിപ്പെട്ടിരുന്നില്ല, എങ്കിലും അദ്ദേഹം റസൂൽ തിരുമേനി(സ)യിൽ വിവരിക്കാൻ സാധ്യമല്ലാത്ത വിധം അവ്യക്തമായ രീതിയിൽ വിശ്വസിക്കുന്നുവെങ്കിൽ അദ്ദേഹത്തെ ഏറ്റവും നന്നായി വിശേഷിപ്പിക്കാൻ കഴിയുക മതം ആചരിക്കാത്തതും ഖുർആനികാദ്ധ്യാപനങ്ങൾ അറിഞ്ഞു കൂടാത്തതുമായ മുസ്‌ലിം എന്നാണ്. ലോകത്തെവിടെയുമുള്ള മുസ്‌ലിംകളിലെ സാമാന്യമായ ആൾകൂട്ടത്തെ അവർ അജ്ഞരാണെങ്കിലും അവരുടെ മതാചരണം അവർക്ക് ഇസ്‌ലാമിൽ നല്ലൊരു പദവി നൽകുന്നു. ഇത്തരത്തിലുള്ള ഒരു യേശു ഭൂമിയിലേക്ക് വരുന്നതിനെ എങ്ങനെ അക്കാലത്തെ മഹാൻമാരായ മുസ്‌ലിം പണ്ഡിതൻമാരും പുരോഹിതൻമാരും സ്വാഗതം ചെയ്യും? അദ്ദേഹത്തിന്റെ അജ്ഞതക്ക് ശമനം കണ്ടെത്താൻ ഒട്ടും സമയം കളയാതെ അദ്ദേഹം ഇമാം അൽ മഹ്ദിയുടെ സന്നിധിയിലേക്ക് കുതിക്കേണ്ടി വരുമോ? ഉടൻ തന്നെ ഇസ്‌ലാമതം സ്വീകരിക്കുന്ന അദ്ദേഹത്തിന് തമ്മിൽ ശണ്ഠ കൂടിക്കൊണ്ടിരിക്കുന്ന മുസ്‌ലിം കക്ഷികൾക്കിടയിൽ ന്യായം വിധിക്കാനുള്ള ന്യായാസനം വാഗ്ദാനം ചെയ്യപ്പെടുമോ? അത്യധികം സൂക്ഷ്മതയും പൂർണതയും ആവശ്യമായിരിക്കുന്ന അതീവ ഗൗരവമേറിയ ഈ ഉത്തരവാദിത്വം നിർവഹിക്കാൻ വേണ്ടി അത്ര വേഗത്തിൽ അദ്ദേഹത്തെ ആര്, എപ്പോൾ ഇസ്‌ലാം മതം പഠിപ്പിക്കും?

മുസ്‌ലിം പുരോഹിതൻമാർ അദ്ദേഹത്തെ ഭൂമിയിൽ ഇറങ്ങുന്നതിന് മുമ്പ് ബഹിരാകാശത്ത് വെച്ചു തന്നെ ഒരു മുസ്‌ലിം പ്രവാചകനായി പുനർ ദൗത്യം ഏൽപിക്കണമെന്ന് ശഠിച്ചാൽ പിന്നെ, എങ്ങനെ അദ്ദേഹത്തെ ഇസ്‌ലാമിനു മുമ്പുള്ള ഒരു പഴയ പ്രവാചകനായി പരിഗണിക്കും?

നമുക്കൊരു നിഗമനത്തിലെത്തിച്ചേരേണ്ടിയിരിക്കുന്നു. ഇസ്‌ലാമിന് മുമ്പുള്ള ഒരു കാലഘട്ടത്തിൽ നിന്നും ഒരു പ്രവാചകനെ കടം വാങ്ങുമ്പോൾ ഒന്നുകിൽ അദ്ദേഹത്തെ ബഹിരാകാശത്ത് വെച്ച് ഇസ്‌ലാമിലെ ഒരു മുസ്‌ലിം പ്രവാചകനായി പുനർ ദൗത്യം ഏൽപിക്കപ്പെടണം. അല്ലെങ്കിൽ അദ്ദേഹം ഭൂമിയിൽ ഇറങ്ങിയതിന് ശേഷം ഒരു മുസ്‌ലിം പ്രവാചകനായി പുനർ നിയമനം ചെയ്യപ്പെടണം.

ഈ വിഭ്രമാത്മകമായ ആശയം എത്ര തന്നെ പരസ്പര വൈരുദ്ധ്യങ്ങൾ ഉള്ളടങ്ങിയതും, മറ്റുള്ളവരുടെ സാമാന്യ യുക്തിയെ ചോദ്യം ചെയ്യുന്നതായാലും ശരി, യാഥാസ്ഥിതികരായ മത പൗരോഹിത്യത്തിന് അതിൽ കുലുക്കമില്ല. ദൈവിക

പ്രവചനങ്ങൾ അവർ മനസ്സിലാക്കുന്നതിൽ യുക്തിയും കാര്യകാരണബന്ധവും യാതൊരു പങ്കും വഹിക്കുന്നില്ല. ഇസ്‌ലാമിന് അത് വരുത്തി വെക്കുന്ന നാശത്തെ കുറിച്ച് യാതൊരു ബോധവുമില്ലാതെ അവർ അത്തരം പ്രവചനങ്ങളിൽ അക്ഷരാർഥത്തിൽ പിടിച്ചു തൂങ്ങുന്നു. ഈ മനോരോഗമാണ് കാര്യങ്ങൾ ഗ്രഹിക്കുന്നതിലും അവരുടെ പ്രതീക്ഷകളിലും ആഗ്രഹങ്ങളിലും കാണുന്ന ആശയക്കുഴപ്പങ്ങൾക്ക് മുഖ്യകാരണം. അമുസ്‌ലിമായ ഒരു പ്രവാചകനെ ഇസ്‌ലാമിക പൂർവകാലഘട്ടത്തിൽ നിന്നും കടം വാങ്ങുക എന്നത് പറയാനെളുപ്പമാണ്. ഇത് മുസ്‌ലിം മതപുരോഹിതൻമാർ കാണുന്നത് പോലെ ലാഭകരമായ കച്ചവടമല്ല. ഇത് ഭൂമിയിൽ ഇസ്‌ലാമിനകത്ത് ജനിച്ച ഒരു പ്രവാചകനേക്കാൾ മതപരിവർത്തനം ചെയ്ത് ഇസ്‌ലാമിലേക്ക് വന്ന ആകാശത്ത് നിന്നുള്ള ഒരു പ്രവാചകനോടുള്ള വിധേയത്വത്തെയാണ് കാണിക്കുന്നത്. മുസ്‌ലിം പുരോഹിതൻമാർ അപ്രകാരം ചെയ്യുന്നതിന് കാരണം യേശുവിന്റെ ഈ യക്ഷിക്കഥാ കഥനം മുഖേന അവർക്ക് ധാരാളം മെച്ചങ്ങൾ ലഭിക്കാനുണ്ട്. ആകാശത്ത് നിന്നുള്ള സന്ദർശകൻ എന്ന നിലക്ക് അദ്ദേഹം പഴയത് പോലെ ഒരു സാധാരണ മനുഷ്യ പ്രവാചകനു തുല്യനായിരിക്കില്ല. എന്നാൽ പ്രവാചക ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്തവിധം അദ്ദേഹത്തിന്റെ ഭൂസന്ദർശനത്തിന് മുമ്പായി തന്നെ അതിമാനുഷമായ നിരവധി കഴിവുകൾ അദ്ദേഹം സംഭരിച്ചിരിക്കണം.

യേശുവിന്റെ ഈ മിഥ്യാരൂപം തന്നെയാണ് അദ്ദേഹത്തിന്റെ പേരിലുള്ള അവരുടെ അക്ഷരാർഥത്തിൽ തൂങ്ങിക്കൊണ്ടുള്ള പ്രവചനങ്ങൾ വമ്പിച്ച തോതിൽ പടച്ചു വിടാനുള്ള പ്രവണതയുടെ വ്യക്തമായ കാരണം. യുക്തിയും കാര്യകാരണ തത്ത്വവും നിരാകരിക്കുന്ന വിഡ്ഢിത്തം കൊണ്ട് അവർ കൊടുക്കേണ്ടി വരുന്ന വിലയെ സംബന്ധിച്ച് അവർ ശ്രദ്ധിക്കുന്നില്ലെന്ന് വ്യക്തമാണ്. അവസാനകാലത്ത് ഇസ്‌ലാമിന്റെ നഷ്ട പ്രതാപങ്ങളും ബഹുമതികളും വീണ്ടെടുക്കാനുള്ള ജോലി അവർ യേശുവിനെ ഏൽപിക്കുന്നു. അദ്ദേഹം ഏകനായിക്കൊണ്ടായിരിക്കും ദജ്ജാലി (അന്തി ക്രിസ്തു) നെതിരെ ആഗോള വ്യാപകമായി അതിശക്തമായ ഒറ്റക്കണ്ണുള്ള ഭീകര സത്വമായ ദജ്ജാലിനെ നിലം പരിശാക്കി നശിപ്പിച്ചതിന് ശേഷം യേശു ലോക ഭരണത്തിന്റെ താക്കോൽ ഇസ്‌ലാം മതവിശ്വാസികളെ ഏൽപിക്കും. മാത്രമല്ല അദ്ദേഹം സംഭരിക്കുന്ന അളവറ്റ ധനവും സമ്പത്തും വിതരണം ചെയ്യപ്പെടും. അങ്ങനെ ദജ്ജാലിനെതിരെയുള്ള യുദ്ധത്തിലൂടെ അദ്ദേഹം സംഭരിക്കുന്ന യുദ്ധമുതലുകൾ ഉമ്മത്തിന്റെ കാൽകീഴിൽ കൊണ്ട് വന്ന് വെക്കും.

മുസ്‌ലിംകളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിച്ചതിന് ശേഷം മതവുമായി ബന്ധപ്പെട്ട പ്രവചനങ്ങളിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിയും. അദ്ദേഹം ക്രിസ്തു മതത്തിനെതിരെയുള്ള പ്രചണ്ഡമായ ആക്രമണം ആരംഭിക്കും. ലോകത്തുള്ള എല്ലാ കുരിശും അവ എന്ത് വസ്തുക്കളുപയോഗിച്ച് നിർമിച്ചതാകട്ടെ അവ തകർക്കുക എന്നതായിരിക്കും അദ്ദേഹത്തിന്റെ യുദ്ധതന്ത്രം. ഇതിനായി അദ്ദേഹം എല്ലാ കത്തീഡ്രലുകളും മൊണാസ്ട്രികളും, പള്ളികളും ക്ഷേത്രങ്ങളും ആശ്രമങ്ങളും സന്ദർശിക്കും. എല്ലാ തെരുവുകളിലും പട്ടണങ്ങളിലും എല്ലാ ഇടവഴികളിലും കുരിശുമന്വേഷിച്ച് അദ്ദേഹം ചെന്നെത്തും. ഒരുപക്ഷേ സ്ത്രീകളായിരിക്കും അദ്ദേഹത്തിന്റെ ഈ സൂക്ഷ്മാന്വേഷണത്തിന്റെ ഇരകൾ. കാരണം സ്ത്രീകളാണ് അവരുടെ ആഭരണങ്ങളിലും മറ്റും കുരിശ് അടയാളപ്പെടുത്തി ധരിച്ചു നടക്കുന്ന ചീത്ത സ്വഭാവമുള്ളവർ എന്ന കാര്യം അദ്ദേഹം ശ്രദ്ധിച്ചിരിക്കും. സ്ത്രീകൾ അവരുടെ കഴുത്തിൽ കുരിശ് തൂക്കിയിട്ടിരിക്കുന്നതും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെടും. ആയതിനാൽ അദ്ദേഹം സ്ത്രീകളുടെ ഓരോ വളയും, ബ്രേസ്‌ലെറ്റും കുരിശടയാളമുള്ള തൂക്കിയും കമ്മലുമെല്ലാം തട്ടിപ്പറിച്ചു കൊണ്ടു പോകും. യേശു പോകുന്ന പാതയിൽ കൂടെ സ്ത്രീകളെങ്ങാനും കടന്നു പോകാൻ തുനിഞ്ഞാൽ അവർക്കാണ് കഷ്ടം. പക്ഷേ അവർക്ക് എവിടെ കയറി ഒളിക്കാനും രക്ഷപ്പെടാനും സാധിക്കും? പാവം നിസ്സഹായരായ നിർഭാഗ്യവതികൾ! അദ്ദേഹം എല്ലാ വീടുകളിലും കയറി എല്ലാ ആഭരണപ്പെട്ടികളും സൂക്ഷിപ്പുസ്ഥലങ്ങളും കുരിശിനു വേണ്ടി സെർച്ച് ചെയ്യും. എല്ലാ ചുമരുകളും മൂലകളും അരിച്ചു പെറുക്കും. അങ്ങനെ കുരിശ് അദ്ദേഹം അക്ഷരാർഥത്തിൽ മുറിക്കുകയും ഭൂമുഖത്ത് നിന്ന് വിപാടനം ചെയ്യുകയും ചെയ്യും. ഈ ദൗത്യം ചെയ്തു തീർക്കുന്നത് വരെ അദ്ദേഹത്തിന് വിശ്രാന്തിയില്ല. ഇതാണ് മുസ്‌ലിം യാഥാസ്ഥിതിക മത പുരോഹിതൻമാർക്ക് യേശു ചെയ്യുന്ന ദൗത്യത്തെ സംബന്ധിച്ച ദർശനം. അത് മാത്രമല്ല, അങ്ങനെ അദ്ദേഹം ത്രിത്വത്തിന്റെ എല്ലാ അടയാളങ്ങളും തുടച്ചു നീക്കിയശേഷം പ്രവചനപ്രകാരമുള്ള മറ്റൊരു ദൗത്യത്തിലേക്ക് നീങ്ങുന്നതാണ്. തുടക്കത്തിൽ ലോകത്തുള്ള സർവ അമുസ്‌ലിംകളെയും കൊന്നൊടുക്കുവാൻ അദ്ദേഹം ഒട്ടും സമയം കളയുകയില്ല. ഒന്നുകിൽ അവർ ഇസ്‌ലാമിലേക്ക് മതം മാറണം. അല്ലെങ്കിൽ മരിക്കണം. അതായിരിക്കും അമുസ്‌ലിംകൾക്ക് തെരഞ്ഞെടുക്കാനുള്ള രണ്ടേ രണ്ട് മാർഗങ്ങൾ. ഈ മനുഷ്യ കശാപ്പ് പരിപാടി അസാധാരണമായ മാർഗത്തിലാണ് അദ്ദേഹം നിർവഹിക്കുക. ഇതിഹാസങ്ങളിലെ വ്യാളിയെ പോലെ അദ്ദേഹം വായിലൂടെ തീ തുപ്പും. എന്നാൽ ലോകത്തിലുള്ള ഒരു ഇതിഹാസങ്ങളിലും അത്തരം ഒരു വ്യാളിയെ കാണുവാൻ സാധ്യമല്ല. ഏറ്റവും ഭീകരമായ യക്ഷികഥകളിൽ പോലും അത്തരത്തിലുള്ള ഒന്നുണ്ടാവില്ല. അദ്ദേഹത്തിന്റെ വായിൽ നിന്നും വമിക്കുന്ന അഗ്നിസ്ഫുലിംഗങ്ങളേറ്റ് മൈലുകൾക്കപ്പുറമുള്ള അനേകം അവിശ്വാസികൾ പോലും ചത്തൊടുങ്ങും. അദ്ദേഹത്തിന്റെ വാളിന്റെ പരിധിയിലുള്ള അവിശ്വാസികളുടെ ശിരസ്സ് ഉടലിൽ നിന്നറ്റ് നിലത്തുരുളും. അദ്ദേഹം വളരെ കൃത്യമായി ഈ അവിശ്വാസികളെ തിരിച്ചറിയും കാരണം അവരുടെ നെറ്റിയിൽ അൽ-കാഫിർ(അവിശ്വാസി) എന്ന് വലുതായി എഴുതി പതിച്ചിട്ടുണ്ടായിരിക്കും. ഈ വിധം അദ്ദേഹം മുസ്‌ലിംകളൊഴികെ ഒരാളെയും ജീവിക്കാനനുവദിക്കില്ല. തീർച്ചയായും ക്രിസ്ത്യൻ രഹിതമായ ലോകത്ത് പിന്നെ ഒരൊറ്റ കുരിശാരാധകരുമുണ്ടാവില്ല. അങ്ങനെ ഭാവനയിലുള്ള യേശുവിന്റെ അതുല്യമായ കൂട്ടക്കൊലപാതകങ്ങൾക്ക് തിരശ്ശീല വീഴും. ഭുവനം മുഴുക്കെ ദുർഗന്ധം കൊണ്ട് പൂരിതമാകും. ചീഞ്ഞളിഞ്ഞ ശവശരീരങ്ങളിൽ നിന്ന് വമിക്കുന്ന ദുസ്സഹമായ ദുർഗന്ധം കൊണ്ട് നിറയും. ചിലർ കശാപ്പ് ചെയ്യപ്പെട്ടിരിക്കും. ചിലർ പൊള്ളലേറ്റായിരിക്കും മരിക്കുന്നത്. വിദ്വേഷം അങ്ങനെ വിദ്വേഷത്തെ ജനിപ്പിക്കുന്നു. രക്തച്ചൊരിച്ചിൽ വീണ്ടും രക്തച്ചൊരിച്ചിലുണ്ടാക്കുന്നു.

യേശുവിന്റെ ഭൂമിയിലെ അവസാനത്തെ രക്ത രൂക്ഷിതമായ പ്രവൃത്തി പന്നിവർഗത്തെ നിഷ്കാസനം ചെയ്യുക എന്നതായിരിക്കും. പന്നികൾക്ക് യാതൊരു സ്ഥലവും നീക്കിവെക്കുന്നതല്ല. എല്ലാ ആൺ പന്നികളേയും പെൺ പന്നികളേയും അവയുടെ കുഞ്ഞുങ്ങളേയും വാളിനിരയാക്കും. കയ്യിൽ ഖഡ്ഗവും വായിൽ അഗ്നിയുമായി യേശു

എല്ലാ പട്ടണങ്ങളും ഗ്രാമങ്ങളും തെരുവുകളും വീടുകളും പന്നിക്കൂടുകളും ആലകളും സന്ദർശിച്ച് ഒളിച്ചിരിക്കുന്ന എല്ലാ പന്നികളേയും തേടിപിടിക്കും. അദ്ദേഹം എല്ലാ കാട്ടു പ്രദേശങ്ങളും സന്ദർശിക്കും. ആഫ്രിക്കയിലെ കുറ്റിക്കാടുകളും അടിച്ചുമെതിക്കും. തെക്കൻ അമേരിക്കയിലെ മഴക്കാടുകളിലും പന്നി വേട്ടക്കിറങ്ങും. ചൈനയേയും ജപ്പാനേയും ഇതിൽ നിന്നൊഴിവാക്കില്ല. പന്നിയിറച്ചി വളരെ പ്രിയപ്പെട്ടതായി കരുതുന്ന തെക്കൻ പെസഫിക്കിലെ ദ്വീപുകളിൽ പന്നിയെ അദ്ദേഹം അരിച്ചു പെറുക്കും.

മനുഷ്യ ചരിത്രത്തിൽ മറ്റൊരു പ്രവാചകനും ചെയ്യാത്ത രക്തരൂക്ഷിതവും വൃത്തി കെട്ടതുമായ കാര്യങ്ങളാണ് യേശുവിൽ മുസ്‌ലിം യഥാസ്ഥിതികത്വം ദർശിക്കുന്നത്. ഇതാണ് റസൂൽ തിരുമേനി (സ)യുടെ അഗാധമായ ജ്ഞാനത്തോട് മുസ്‌ലിം മതപുരോഹിതൻമാർ ചെയ്തു വെച്ചത്. അക്ഷരങ്ങളുടെ കൂടുകൾ പൊളിച്ച് അതിലെ പ്രവചനങ്ങളുടെ ആത്മാവിലേക്കും ചൈതന്യത്തിലേക്കും ചുഴിഞ്ഞിറങ്ങാൻ അവർക്ക് കഴിയുന്നില്ല.

ഈ പ്രവചനത്തിലെ വാഗ്ദത്ത മസീഹ്(അ)വിന്റെ യഥാർഥ പ്രവൃത്തി മനുഷ്യ സമൂഹത്തെ മനുഷ്യത്വ രഹിതമായ സ്വഭാവങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുക എന്നതാണ്. പന്നിയുടെ പ്രതീകം അത്തരം തിന്മകളെയാണ് പ്രതിനിധീകരിക്കുന്നത്. ഇവിടെ ധാരാളം പക്ഷികളും മൃഗങ്ങളും അവയുടെ നിലനിൽപ്പിന് വേണ്ടി പഴങ്ങളും കർഷകന്റെ അദ്ധ്വാനവും കവർന്നെടുക്കാറുണ്ട്. അത് അവയുടെ ജീവൻ നിലനിർത്താൻ വേണ്ടിയാണ്. എന്നാൽ ആ ജീവികളൊന്നും തന്നെ ധാന്യങ്ങളും ചെടികളും വെറുതെ രസത്തിനു വേണ്ടി നശിപ്പിക്കാറില്ല. എന്നാൽ പന്നി അവയിൽ നിന്നെല്ലാം വേറിട്ടു നിൽക്കുന്നു. അതിന് ഇത്തരത്തിലുള്ള നശീകരണ പ്രവണതയുണ്ട്. പന്നികൾക്ക് അതിന്റെ കുഞ്ഞുങ്ങളുടെ ശവങ്ങൾ ഭക്ഷിക്കുക എന്ന കുപ്രസിദ്ധമായ ഗുണം കൂടിയുണ്ട്. കടൽ ജീവികളല്ലാതെ മറ്റൊരു ജീവിയും അതിന്റെ കുഞ്ഞുങ്ങളെ ചത്തുകഴിഞ്ഞാൽ ഭക്ഷിക്കാറില്ല. രക്തദാഹിയായ സിംഹമാകട്ടെ ക്രൂരനായ ചെന്നായയാകട്ടെ അതിന്റെ വർഗത്തിൽപ്പെട്ട ജീവി മരിച്ചു കിടക്കുമ്പോൾ അത് പട്ടിണി കിടന്ന് ചത്താലും അതിന്റെ മാംസം തിന്നുന്നതിനെപറ്റി സ്വപ്നം കാണുക പോലും ചെയ്യില്ല. അതുപോലെ പട്ടികൾ ഒരിക്കലും അതിന്റെ കുഞ്ഞുങ്ങൾ ചത്താൽ അതിന്റെ മാംസം ഭക്ഷിക്കാറില്ല. ആൺ പന്നിയാകട്ടെ അവ രണ്ടും സസ്യഭുക്കുകളാണെന്ന് നാം ഓർക്കണം. പക്ഷേ ചില പൈശാചികമായ പ്രേരണകളാൽ അവ തങ്ങളുടെ കുഞ്ഞുങ്ങൾ ചത്താൽ അതിന്റെ മാംസം രുചിച്ചു നോക്കും. അതുകൊണ്ട് വാഗ്ദത്ത മസീഹ് പന്നിയെ കൊല്ലും എന്ന പ്രവചനത്തിലടങ്ങിയ സന്ദേശം വളരെ പ്രകടമാണ്. മനുഷ്യനിലെ തലതിരിഞ്ഞ വൈകൃത സ്വഭാവങ്ങൾക്കെതിരെയുള്ള വിശുദ്ധ യുദ്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. അതായത് കൂട്ടകൊല നടത്താനും ദുർബലരുടെ അവകാശങ്ങൾ കവർന്നെടുക്കാനുമുള്ള മനുഷ്യന്റെ പ്രവണതയെപ്പറ്റി. പന്നികൾ സ്വന്തം കുഞ്ഞുങ്ങളുടെ മാംസം ഭക്ഷിക്കുന്ന സ്വഭാവമുള്ള ജന്തുവാണ്. ആധുനിക കാലത്ത് കുട്ടികളെ ദുരുപയോഗിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. സ്വന്തം കുട്ടികൾക്കെതിരെയോ അല്ലെങ്കിൽ മറ്റു കുട്ടികൾക്കെതിരെയോ ആണ് മനുഷ്യൻ ഇങ്ങനെ പെരുമാറുന്നത്. രണ്ടായാലും ഇത് പന്നിയുടെ സ്വഭാവമാണ്. ആധുനിക കാലത്ത് സമൂഹത്തിൽ ഈ വിഷയം ഒരു പൊതു സംസാരമായി മാറിയിരിക്കുന്നു. അതിന് കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല. മറ്റു വേറൊരു മൃഗത്തേയും മനുഷ്യന്റെ ഈ പൈശാചിക കൃത്യവുമായി താരതമ്യം ചെയ്യാനാകില്ല.

തിന്മകൾക്കെതിരെയുള്ള യുദ്ധം എപ്പോഴും പ്രവാചകൻമാരുടെ പ്രവൃത്തിയാണ്. അപ്രകാരം യേശു ക്രിസ്തു (അ)വും അദ്ദേഹത്തിന്റെ രണ്ടാം വരവും ആലങ്കാരികാർഥത്തിൽ മനസ്സിലാക്കുകയാണെങ്കിൽ ഇതിൽ യാതൊരു വൈചിത്ര്യവുമില്ല. അത്തരത്തിൽ ഒരാളായ യേശുവിനെ മുസ്‌ലിം പുരോഹിതൻമാർ ബിംബവത്ക്കരിച്ചിരിക്കുകയാണ്. അദ്ദേഹത്തെ അവർ അക്ഷരാർഥത്തിൽ പന്നിയെ കൊല്ലുന്ന ആളായി ചിത്രീകരിക്കുന്നു. ഇതിൽ എന്താണ് അവർക്ക് കാത്തിരിക്കാനും സ്വാഗതം ചെയ്യാനുമുള്ളത്. ഈ കണ്ണിലുണ്ണി വന്ന് മൃഗലോകത്ത് നിന്നും പന്നികളെ വേട്ടയാടി നശിപ്പിക്കുന്ന മഹാദൗത്യം നിർവഹിക്കുമ്പോൾ തീർച്ചയായും അദ്ദേഹം അഭിനന്ദിക്കപ്പെടുന്നു. അപ്രകാരമാണ് ഈ ഭൂഗോളത്തിൽ വന്ന് തന്റെ ഉജ്ജ്വലമായ അന്ത്യദിവസങ്ങൾ ചെലവഴിക്കുമ്പോൾ അദ്ദേഹത്തിന് സമുചിതമായ ആദരാഭിനന്ദനങ്ങൾ നൽകപ്പെടുക!! *കർത്താവായ യേശുവിന് സ്തുതിയായിരിക്കട്ടെ.* കടലിനു മുകളിലും കരക്ക് മുകളിലും, താഴ്‌വാരകൾക്ക് മുകളിലും ഈ സ്തുതി വചനം മുഴങ്ങും. മനുഷ്യരുടെ കൂട്ടഹത്യക്കുള്ള മണിയടി പള്ളിമണികളിൽ നിന്നായിരിക്കില്ല മുഴങ്ങുക. മിനാറങ്ങളിൽ നിന്നും മുഅദ്ദിന്റെ (ബാങ്കു കൊടുക്കുന്നയാൾ) നിലവിളി ദൂരദൂര ദിക്കുകളിൽ കേൾക്കുമാറാകും. '*അല്ലാഹു അക്ബർ' 'അല്ലാഹു അക്ബർ' ദൈവമാണ് മഹാൻ, ദൈവമാണ് മഹാൻ ,രക്ഷകനായ നമ്മുടെ യേശുവിന് സ്തുതിയായിരിക്കട്ടെ.*

അവസാനം ഭൂമിയിൽ നിന്നും വിട പറയുന്നതിനു മുമ്പായി മറ്റൊരു കൃത്യം കൂടി അദ്ദേഹത്തിന് ചെയ്തു തീർക്കാനുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിന് മുല്ലമാരുടെ സഹായം ആവശ്യമുണ്ട്. അതുവരേയുള്ള യേശുവിന്റെ പ്രവർത്തനങ്ങൾ മുല്ലമാരെ സഹായിക്കാനുള്ളതായിരുന്നു. ഇത്തവണ മുല്ലമാരെ ഒരിക്കലെങ്കിലും യേശുവിനെ സഹായിക്കാനനുവദിക്കുക! യേശുവിന്റെ ആഗോള പരാക്രമവിജയങ്ങൾക്ക് ശേഷം മുല്ലമാർ അദ്ദേഹത്തെ വിവാഹം കഴിപ്പിക്കുക എന്ന പ്രവൃത്തിയിൽ സഹായിക്കുന്നതായിരിക്കും, അത്യുഗ്രമായ കൂട്ട നശീകരണത്തിന്റേയും രക്തച്ചൊരിച്ചിലിന്റേയും പാതകൾ താണ്ടിയ ശേഷം വിവാഹം അദ്ദേഹത്തിൽ അത്ര സ്വാഗതാർഹമായ മാറ്റം ഉണ്ടാക്കിയില്ലെന്ന് വരും.

ഈ പ്രവചനങ്ങളുടെ അക്ഷരാർഥത്തിലുള്ള സാക്ഷാത്ക്കാരത്തെ പറ്റി ഗൗരവപൂർണമായ എന്തെങ്കിലും ശ്രദ്ധ മുല്ലമാർക്കുണ്ടെങ്കിൽ, യേശുവിൽ സന്താന ലബ്ധിയുണ്ടാവുന്ന ഉന്നത ഗുണ സമ്പന്നയായ ഒരു മുസ്‌ലിം കന്യകയെ അവർ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ യേശു വിവാഹിതനാവാൻ പോവുന്നു! ചില ബഹുമാന്യരായ മുല്ലമാർ വിവാഹത്തെക്കുറിച്ച് വായിച്ചറിഞ്ഞിട്ടുണ്ടാകണം. യേശുവിന് തന്റെ മകളെ നൽകാൻ സമ്മതിച്ച പ്രതിശ്രുത വധുവിന്റെ പിതാവി(ശ്വശുരൻ)നോട് വിവാഹഘോഷത്തെ സംബന്ധിച്ച് ആ ബഹുമാനപ്പെട്ട മുല്ലാക്കൾ കാര്യങ്ങൾ അന്വേഷിച്ചറിയുന്നു. അദ്ദേഹത്തിന്റെ സമ്മതത്തിന് ശേഷം യേശുവിന്റെ ഊഴമാണ്. അങ്ങനെ നിർദിഷ്ട വിവാഹം ഉറപ്പിക്കപ്പെടുന്നു. എന്തൊരു മംഗളകരമായ മുഹൂർത്തം! എന്തൊരു ഹർഷോന്മാദം!

രണ്ടായിരത്തിലധികം കൊല്ലത്തെ അവിവാഹിത ജീവിതത്തിന് ശേഷം അദ്ദേഹം എഴുന്നേറ്റു നിന്നു സമ്മതഭാവത്തിൽ തലയാട്ടുന്നു: '*അതേ എനിക്ക് സമ്മതമാണ്! അല്ലയോ പ്രിയപ്പെട്ട മുല്ലാ! അതേ എനിക്ക് സമ്മതമാണ്*'. ഇതിനേ

ക്കാൾ ഉന്നതമായ രീതിയിൽ യേശുവിന്റെ മഹാപരാക്രമ വിജയം ആഘോഷിക്കാനുണ്ടോ! കിഴക്ക് മുതൽ പടിഞ്ഞാറ് വരേയും വടക്ക് മുതൽ തെക്ക് വരേയും അദ്ദേഹത്തിന് സ്തുതികൾ ആലപിച്ചു കൊണ്ട് കീർത്തനങ്ങൾ ഉയരും. മധുര മനോജ്ഞമായ വിവാഹഗാനങ്ങൾ കൊണ്ട് അന്തരീക്ഷം മുഖരിതമാകും. അതിന് ശേഷം അദ്ദേഹത്തിനുണ്ടാകുന്ന അനുഗൃഹീതമായ ആദ്യത്തെ കുഞ്ഞിനും തുടർന്ന് ആണും പെണ്ണുമായി വരുന്ന കുഞ്ഞുങ്ങൾക്കും വേണ്ടി ഉദ്വേഗജനകമായ കാത്തിരിപ്പായിരിക്കും.

രണ്ടായിരവും അതിലധികവും പ്രായമുള്ള യേശു സന്താനങ്ങളെ ഉൽപാദിപ്പിക്കുന്നതിലൂടെ അദ്ദേഹം എക്കാലത്തേക്കാളും മഹത്തായ ഒരു ദിവ്യാദ്ഭുതമായിരിക്കും നിർവഹിക്കുന്നത്. അദ്ദേഹത്തിന്റെ ആത്മാവ് എക്കാലത്തും ശക്തമായിരുന്നു. ശക്തിയിൽ അദ്ദേഹത്തിന്റെ ശരീരവും ഒട്ടും പിന്നിലല്ല എന്ന് ഇത് തെളിയിക്കുന്നു. തീർച്ചയായും എന്തൊരു ദിവ്യാദ്ഭുതം! സുദീർഘമായ കാലഘട്ടം അദ്ദേഹത്തെ കൂടുതൽ ശക്തനാക്കിയിരിക്കുന്നു. യൗവന യുക്ത മായ പ്രഥമ സന്ദർശക ഭൂമിയിൽ വെച്ച് തന്നെ തന്റെ വാർദ്ധക്യമെല്ലാം കുഴിച്ചു മൂടപ്പെട്ടിരിക്കുന്നു. അവസാനം മരണത്തിന്റെ നാഴിക വന്നെത്തുന്നു. എന്തൊരു അസൂയാർഹമായ മരണമായിരിക്കുമത്! അദ്ദേഹം ജനിച്ച ദിവസം അനുഗൃഹീത പൂർണമായിരുന്നു. മരിക്കുന്ന രീതിയും അനുഗൃഹീതമായിരിക്കും.

ഇതാണ് യേശുവിന്റെ ഐന്ദ്രജാലികമായ കഥ. ഇതാണ് മുല്ലമാർ ഇസ്ലാമികാദ്ധ്യാപനങ്ങൾ നൽകുന്ന എല്ലാ മദ്രസകളിലും തങ്ങളുടെ വിദ്യാർഥികളോട് നിരന്തരം പറഞ്ഞു കൊണ്ടിരിക്കുന്നത്. വർഷങ്ങൾക്ക് പിറകെ വർഷങ്ങളായി തലമുറകൾക്ക് പിറകെ തലമുറകളോട് അവർ ഇത് പറഞ്ഞു കൊണ്ടേയിരിക്കുന്നു.

ചിന്താശൂന്യരും ഭൗതിക പ്രമത്തരുമായ മുല്ലമാർ ദൈവികമായ ഈ പ്രവചനത്തിന്റെ രൂപം തന്നെ മാറ്റി മറിച്ചു കളഞ്ഞു. ഇതിനേക്കാൾ ഭീഭത്സമായ ഒരുദാഹരണം മുഴുവൻ മതചരിത്രത്തിലും നമുക്ക് കാണാൻ സാധ്യമല്ല. ഇത് മുസ്ലിം പുരോഹിതൻമാർക്ക് മാത്രമുള്ള ഒരു സവിശേഷ സ്വഭാവമല്ല. എവിടെ എപ്പോഴെല്ലാം മതപുരോഹിതൻമാർ മത വ്യവസ്ഥയുടെ നേതൃത്വം ഏറ്റെടുത്തിട്ടുണ്ടോ അവരെല്ലാം യാഥാർഥ്യങ്ങളെ കെട്ടുകഥയായും സത്യത്തെ മിത്തുകളായും മാറ്റിയിട്ടുണ്ട്. സാമാന്യ ബുദ്ധിയും യുക്തി ബോധവുമില്ലാത്തവരും ന്യായത്തെ ന്യായക്കേടിൽ നിന്ന് തിരിച്ചറിയാൻ ശേഷിയില്ലാത്തവരുമായ മതനേതൃത്വത്തെ തങ്ങളുടെ വിശ്വാസം ഏൽപിച്ചു കൊടുക്കുന്ന സാധാരണക്കാരൻ നൽകേണ്ട വില ഇതാണ്. അവർ എന്തെല്ലാം കച്ചവടം നടത്തിയാലും അവരുടെ ചരക്കിൽ യുക്തി എന്ന ഒരു സാധനമുണ്ടാവില്ല.

മുസ്ലിം പുരോഹിതൻമാരുടെ ഈ നില തന്നെയാണ് ലോകത്തിലുള്ള എല്ലാ മതനേതാക്കൻമാരുടേയുമെന്നതാണ് ഏറ്റവും ദുരന്തപൂർണമായ സംഗതി. ഇസ്ലാമിന്റെ അന്തിമ വിജയത്തെക്കുറിച്ച് തെറ്റായ വ്യാഖ്യാനങ്ങളിൽ അവർ പടുത്തുയർത്തിയിരിക്കുന്ന വ്യഥാ പ്രതീക്ഷകൾ മരീചികയും മിഥ്യയുമായി മാറിയിരിക്കുന്നു. യാതൊരു മതവ്യവസ്ഥക്കും നേതൃത്വം കൊടുക്കാൻ അവർ യോഗ്യരല്ല! പഴയതാവട്ടെ പുതിയതാവട്ടെ ദൈവമയച്ച ഒരു പ്രവാചകനേയും പിന്തുടരാനും അവർക്ക് അർഹതയില്ല.

യേശുവിന്റെ ശക്തികൊണ്ടാണ് ഇസ്ലാമിന് അന്തിമ വിജയം കൈവരിക എന്ന മുല്ലമാരുടെ ദർശനം, ഇസ്ലാമിന്റെ വിജയത്തിനായുള്ള അന്തിമസമരത്തിലെ പങ്കാളിത്തത്തിൽ നിന്നും അവരെ ഒഴിച്ചു നിർത്തുന്നു. സത്യത്തിൽ അവർക്ക് വേണ്ടത് ഒരു പ്രവാചകനെയല്ല. ഒരു അടിമയാക്കപ്പെട്ട ഒരു ഭൂതത്തെയാണ്. അവരുടെ ആഗ്രഹങ്ങൾക്കനുസരിച്ചുള്ള ഇത്തരത്തിലുള്ള ഒരു ഈസാ നബി അഥവാ യേശു ഇതിനു മുമ്പുള്ള പ്രവാചക സമൂഹങ്ങളിൽ ഒരിക്കലും കണ്ടെത്തുകയില്ല. വിശുദ്ധ ഖുർആനിലോ മറ്റേതെങ്കിലും മതഗ്രന്ഥങ്ങളിലോ ജനങ്ങളെ വെറുതെ ഇരുത്തി അവർക്ക് മേധാവിത്വം സ്ഥാപിക്കാൻ വേണ്ടി ഒറ്റക്ക് പോരാടുന്ന ഒരു പ്രവാചകനെ കാണുവാൻ സാധ്യമല്ല. ഇതായിരുന്നു മോസസി (അ)നോട് ജൂതൻമാർ ആവശ്യപ്പെട്ടതും, നിരാകരിക്കപ്പെട്ടതും. ചോരയും വിയർപ്പും ചീന്താതെ ഏതെങ്കിലും ഒരു മതത്തിന് അന്തിമ വിജയം ലഭിക്കുമെങ്കിൽ പിന്നെ ത്യാഗം ചെയ്യാൻ വേണ്ടി നിരന്തരം ആവശ്യപ്പെടുന്ന ഒരു പ്രവാചകന് എവിടെയാണ് സ്ഥാനം? അവരുടെ ഭാവനയിലുള്ള അതിശയകരമായ കഴിവുകളുള്ള യേശു, ഒരു ദൈവിക പരിഷ്കർത്താവ് എന്നതിനേക്കാൾ ഒരു ജിന്ന് എന്ന നിലക്കാണ് യോജിക്കുക. വാസ്തവത്തിൽ അവരുടെ യഥാർഥ വിഷയം, പഴയതോ പുതിയതോ ആയ പ്രവാചകനെ സംബന്ധിച്ചുള്ളതല്ല. അത് സർവംസാധ്യമായ ഒരു ജിന്നോ, പ്രവാചകനോ എന്നത് സംബന്ധിച്ചാണ്. അറബി ക്ലാസിക്ക് സാഹിത്യമായ *ആയിരത്തൊന്ന് രാവിലെ* കഥയെ അനുസ്മരിപ്പിക്കുന്നതാണ് അവരുടെ സമീപനം. ആ കഥ ഇങ്ങനെയാണ്. ഒരിക്കൽ ഒരു വഴിവാണിഭക്കാരന്റെ വേഷത്തിൽ ഒരു മാന്ത്രികൻ ബാഗ്ദാദിലെ തെരുവുകളിൽ 'പഴയ വിളക്കിനു പകരം പുതിയ വിളക്ക്', 'പഴയ വിളക്കിനു പകരം പുതിയ വിളക്ക്' എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു കൊണ്ട് അലഞ്ഞു നടക്കുകയായിരുന്നു: തെരുവിലെ വീടുകളിലെ എല്ലാ വീട്ടമ്മമാരും അവരുടെ പഴയ വിളക്കിന് പകരം പുതിയ വിളക്ക് വാങ്ങുവാൻ വേണ്ടി വാതിൽക്കലേക്ക് കുതിച്ചു വന്നു. തീർച്ചയായും വളരെ ആഹ്ളാദകരമായ മാറ്റ കച്ചവടമായിരുന്നു അതെന്ന് അവർ വിചാരിച്ചു. അങ്ങനെ വിചാരിക്കുക സ്വഭാവികമാണല്ലോ. എന്നാൽ അക്കൂട്ടത്തിലൊരു വീട്ടമ്മയുടെ പഴയ വിളക്ക് ഒരു സാധാരണ വിളക്കല്ലായിരുന്നു. കപടവേഷ ക്കാരനായ കച്ചവടക്കാരന് വിളക്ക് കൊടുത്തതിന് ശേഷമാണ് വീട്ടമ്മക്ക് വിളക്കിന്റെ അത്ഭുതസിദ്ധിയെപ്പറ്റി അറിയാൻ കഴിഞ്ഞത്. അവൾ കൊടുത്ത പഴയ വിളക്കിനകത്ത് അപരിമിതമായ ശക്തിയുള്ള ഒരു ഭൂതത്തെ അടക്കം ചെയ്തിരുന്നു. ജിന്നിനെ അടക്കം ചെയ്ത ആ വിളക്കിന്റെ ഉടമ ആ ജിന്നിന്റെ യജമാനനാവും എന്നതിനെ സംബന്ധിച്ച് അവൾക്ക് യാതൊന്നുമറിയില്ലായിരുന്നു. കപട വേഷമണിഞ്ഞ മാന്ത്രികനായ വഴിവാണിഭക്കാരന് യഥാർഥത്തിൽ വിളക്കിലായിരുന്നില്ല താൽപര്യം അതിലടക്കം ചെയ്ത ഭൂതത്തിലായിരുന്നു. ജിന്നിന്റെ കഴിവുകളെ പറ്റി അറിഞ്ഞിരുന്നെങ്കിൽ ആ ജിന്നിനെ അടക്കം ചെയ്ത പഴയ വിളക്കിനു പകരം ഒരു കോടി പുതിയ വിളക്കുകൾ നൽകിയാലും അതൊന്നുമായിരുന്നില്ല.

യഥാർഥത്തിൽ മുല്ലമാർക്ക് മുഹമ്മദ് നബി (സ) യുടെ പ്രകാശത്താൽ കത്തുന്ന പുതിയ വിളക്കിനോടോ മൂസാ നബി(അ) യുടെ ഉമ്മത്തിന്റെ പഴയ വിളക്കിനോടോ താൽ പര്യമില്ല. അവർക്ക് ഐന്ദ്രജാലിക ശക്തികളുള്ള തങ്ങളുടെ ഭാവനാ സൃഷ്ടിയായ യേശുവിലാണ് താൽപര്യം. പ്രവാചകത്വത്തിന്റെ ദിവ്യവെളിച്ചം അവരെ സംബന്ധിച്ചിടത്തോളം യാതൊന്നുമല്ല. അവർ ശ്രദ്ധിക്കുന്നതൊന്നും പ്രവാചകത്വത്തിലേക്കല്ല, അവർക്ക് ആവശ്യമുള്ളതും ഒരു പ്രവാചകനെയല്ല. അവർക്ക് വേണ്ടത് ലൗകികതയുടെ സമ്പത്തും അതിന്റെ വിലപേശലുകളിലേക്കും അവരെ നയി

ക്കുന്ന അടിമയായ രാക്ഷസഭൂതത്തെയാണ്.

രാഷ്ട്രീയവും സാമ്പത്തികവുമായ മേധാവിത്വമാണ് അവരുടെ ഒടുങ്ങാത്ത അഭിലാഷം. അതിനാകട്ടെ അവർക്ക് യാതൊരു സന്നാഹങ്ങളുമില്ല. അവർ പരിശീലിക്കപ്പെട്ട ഒരേയൊരു സംഗതി മുസ്‌ലിമിന്റെ രക്തം ചിന്തുക എന്നത് മാത്രമാണ്. മുസ്‌ലിംകളുടെ കത്തി കൊണ്ട് തന്നെ മറ്റു മുസ്‌ലിംകളെ കശാപ്പ് ചെയ്യൽ മാത്രമാണ് അവർ പഠിച്ച ഒരേയൊരു പണി.

ഏതെങ്കിലും ഒരു മുസ്‌ലിം രാജ്യത്ത് രക്തരൂക്ഷിത വിപ്ലവം സൃഷ്ടിക്കുന്ന മുല്ലാഭരണം (Mullachcracy) മറ്റുള്ളവരെയാരെയും വഴി തെറ്റിക്കുന്നില്ല. അത് യാതൊരു തരത്തിലും ലോകത്തിലെ ശാക്തിക സന്തുലനത്തെ ബാധിക്കില്ല. ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയില്ലാതെയും, തങ്ങളുടെ സമ്പദ്ഘടനയെ ഉജ്ജീവിപ്പിക്കാതെയും വ്യവസായങ്ങളെ വിപ്ലവകരമായി നവീകരിക്കാതെയും ഉന്നതമായ സാങ്കേതിക വിദ്യകളാൽ നവീകരിക്കപ്പെട്ട സൈനിക സാമഗ്രികളില്ലാതെയും നിലവിലുള്ള ശാക്തിക സന്തുലനത്തെ മാറ്റിത്തിരുത്താമെന്ന വ്യാമോഹത്താൽ ആഗോള വൻശക്തികളെ വെല്ലു വിളിക്കുന്നത് ശുദ്ധ ഭ്രാന്താണ്. എന്തൊരൽപത്തരമാണിത്. അവർക്ക് ഒരിക്കലെങ്കിലും അവരുടെ ഈ ലക്ഷ്യം പ്രാപിക്കാൻ സാധിക്കുമോ?

ഇസ്‌ലാം മത സ്ഥാപകരായ റസൂൽ തിരുമേനി(സ)യുടെ മഹത്തായ പ്രചരണങ്ങൾ നിർലജ്ജമാം വിധം വികൃതമാക്കിത്തീർക്കുന്നതിന്റെ പേരിൽ അവർ ശിക്ഷിക്കപ്പെടാതെ പോകില്ല എന്നവർ തിരിച്ചറിയുന്നതാണ്. അവരെ നയിക്കുന്നവർ അവർക്ക് വേണ്ടി നാശമല്ലാതെ മറ്റൊന്നും കൊണ്ടുവരില്ല. ദൈവത്തിന്റെ ജ്ഞാനം തടഞ്ഞു എന്ന കുറ്റത്തിന് അവർ നൽകേണ്ട വിലയായിരിക്കുമിത്. അവരെ ഒരു മൂലക്ക് ഇരുത്തുക. എന്നിട്ട് കടന്നു പോകുന്ന ദിനവും രാത്രിയും അവർ നിരീക്ഷിക്കട്ടെ. ആകാശവീഥികൾ അവർ നോക്കി പാർക്കട്ടെ. അവരുടെ ഇതിഹാസ രൂപിയായ രക്ഷകൻ ആകാശ ശൂന്യതയിൽ നിന്നും അവരോഹിതനാവുന്നതിന്റെ കാലൊച്ച കേൾക്കാൻ അവർ കാതു കൂർപ്പിച്ചിരിക്കട്ടെ. പ്രതീക്ഷക്കുമേൽ പ്രതീക്ഷകളുമായി അവർ ജീവിക്കട്ടെ. തലമുറക്ക് ശേഷം തലമുറകൾ വന്നു. വീണ്ടും തലമുറകൾ വരുമെങ്കിലും അവർ കൊടിയ നിരാശയിൽ വീണ്ടും വീണ്ടും നശിച്ചൊടുങ്ങും. അവരുടെ വക്രീകരിക്കപ്പെട്ട ദർശനങ്ങളും ആദർശവും പ്രവൃത്തിയും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടേയും വലക്കെണിയിൽ നിന്നും ആരും ഒരിക്കലും അവരെ രക്ഷിക്കാനായി വരില്ല. അവരുടെ ദൈനംദിന ജീവിതത്തിൽ അവർ കടന്നു പോകുന്ന ഓരോ നിമിഷത്തിൽ നിന്നും സ്പന്ദിക്കുന്ന ഓരോ സെക്കന്റിൽ നിന്നും ദൈവ ഭയം ദ്രുതഗതിയിൽ അവരിൽ നിന്നും ഓടിയകലുന്നു. സത്യസന്ധത, നീതി, നിസ്വാർഥത, ത്യാഗം, പരസ്പര സഹോദര സ്നേഹം, അന്യരോടുള്ള ബഹുമാനം എല്ലാം പഴയകാലത്തെ മൂല്യങ്ങളായി തീർന്നിരിക്കുന്നു. അവ ഇന്നും പ്രിയംകരമായി ഓർമിക്കപ്പെടുന്നുണ്ടെങ്കിലും പ്രായോഗിക ജീവിതത്തിൽ പാലിക്കപ്പെടുന്നില്ല. ആ മൂല്യങ്ങളെ പറ്റി എന്തൊരു തീവ്രാഭിലാഷത്തോടെയാണ് അവർ സംസാരിക്കുന്നത്. എന്തൊരു സ്നേഹാതിരേകത്തോടെയും ഹൃദയ വായ്പോയോടെയുമാണ് അവരതിനെ വില മതിക്കുന്നത്. പക്ഷേ അതെല്ലാം ഓർമയുടെ സ്മൃതി ശേഖരത്തിൽ മാത്രമാണ്.


കൊള്ള, കവർച്ച, കൊലപാതകം, കുട്ടികളുടെ ദുരുപയോഗം, തട്ടിക്കൊണ്ടു പോകൽ, വ്യഭിചാരം, അസാൻമാർഗികത, വേശ്യാവൃത്തി, ചതി, വഞ്ചന ഇവയെല്ലാം അത് വിപാടനം ചെയ്യാൻ ശ്രമിക്കുന്നവരിലാണ് കാണുന്നത്. മറ്റുള്ളവർ അവിശുദ്ധ ബന്ധത്തിൽ അവരോടൊപ്പം ജീവിക്കുകയും ചെയ്യുന്നു. സമാധാനത്തിന്റെ കാവൽക്കാരാൽ തന്നെ നിറഞ്ഞ പകൽ വെളിച്ചത്തിൽ കൂട്ട ബലാത്സംഗങ്ങൾ അരങ്ങേറുന്നു. കൈക്കൂലി, അഴിമതി, നിയമത്തിന്റെ സംരക്ഷകരെന്ന് പറയപ്പെടുന്ന ന്യായാധിപൻമാരുടെ ലജ്ജാകരമായ നിയമലംഘനം, സമാധാനത്തിലെ കാവൽക്കാരാകേണ്ട സമൂഹത്തിന്റെ നിയമം കയ്യിലെടുക്കൽ, സമാധാനത്തെ ഭഞ്ജിക്കൽ അങ്ങനെ ക്രമമില്ലായ്മ മാത്രം ഒരു സമൂഹത്തിന്റെ ക്രമമായി മാറിയിരിക്കുന്നു. എങ്കിലും വിചിത്രമെന്ന് പറയട്ടെ ആ സമൂഹത്തിന്റെ ശരിയിൽ നിന്ന് തെറ്റ് വേർതിരിച്ചറിയാനുള്ള മുഴുവൻ വിവേചന ബോധവും നഷ്ടപ്പെട്ടിട്ടില്ല. അവരുടെ സമൂഹം സൃഷ്ടിക്കുന്ന തിന്മയെ തന്നെയാണ് ആ സമൂഹം വെറുക്കുന്നത്. അവർ നിർവഹിക്കുന്ന ഭീകരതയെ അവർ നിരാകരിക്കുന്നു. അവർ ഉച്ഛ്വസിക്കുന്ന മലിന വായുവാൽ അവർക്ക് മരണത്തിലേക്ക് നയിക്കുന്ന രോഗം ബാധിച്ചിരിക്കുന്നു. എല്ലാ ദിവസവും എവിടെയും തിന്മയാൽ പൊട്ടിയൊലിക്കുന്ന ജനങ്ങൾ തിന്മയെ നിന്ദിച്ചു സംസാരിക്കുന്നു. കുടിൽ തൊട്ട് കൊട്ടാരം വരെ അവർ താക്കീത് ചെയ്യപ്പെടുകയും അപലപിക്കപ്പെടുകയും അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. സമൂഹത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ അതിന്റെ പ്രതിദ്ധ്വനികേൾക്കാം. എന്നിട്ടും അവർ എത്ര പ്രിയങ്കരമായ രീതിയിലാണ് അതിനെ ആശ്ലേഷിച്ചിരിക്കുന്നത്, എത്ര ഗാഢമായ രീതിയിലാണ് അതിനെ കെട്ടിപ്പുണർന്നിരിക്കുന്നത്. സമൂഹത്തിന്റെ എല്ലാ വിഭാഗം ആളുകളും എത്ര വിശ്വാസപൂർവം ദൈനംദിന ജീവിതത്തിൽ അതുമായി ഒട്ടിച്ചേർന്നിരിക്കുന്നു. അവരുടെ വായ അപലപിക്കുന്നതെന്താണോ അതാണ് അവരുടെ കരങ്ങൾ ചെയ്യുന്നത്. ഈ കളവിലാണ് അവർ ജീവിക്കുകയോ മരിക്കുകയോ ചെയ്യുന്നത്. അവർ ദിനേന മരിക്കുകയാണ്. എന്നിട്ടും അവർ അതിനെ ജീവൻ എന്ന് വിളിക്കുന്നു. മുസ്‌ലിം മൂല്യങ്ങളുടെ സൂക്ഷിപ്പുകാർ എവിടെയാണ്. മാന്യമായ പെരുമാറ്റത്തിന്റെ പ്രകാശവാഹകർ എവിടെയാണ്? ഈ കയ്പേറിയ യാഥാർഥ്യത്തെ പറ്റി അവരിലാരെങ്കിലും അവരുടെ സുഖനിദ്ര ഒരു നിമിഷത്തേക്കെങ്കിലും പാഴാക്കിയിട്ടുണ്ടോ? എന്തു കൊണ്ട് അത് ആരുടെയും ശ്രദ്ധ പിടിച്ചു പറ്റാത്ത സംഗതിയായി മാറി. അതിൽ മുല്ലമാരുടെ ഭാഗത്ത് നിന്നുള്ള ജാഗ്രത എന്താണ്? ദൈവ വിധിയുടെ സമയം ആസന്നമായാൽ മർയമിന്റെ മകൻ ഈസ(അ) ആകാശത്ത് നിന്നും ഇറങ്ങി വന്ന് മുസ്‌ലിംകളെ ഭരണ നിയന്ത്രണത്തിന്റെ ഉന്നതമായ സ്ഥാനങ്ങളിൽ ഉപവിഷ്ഠരാക്കുമെന്ന് വിശ്വസിപ്പിക്കാൻ വേണ്ടി പ്രവാചകന്റെ ചുമലിൽ പോലും കാൽ വെക്കാൻ ഒരു മുല്ല മടിക്കില്ല.

മുല്ലയുടെ സ്വപ്നങ്ങൾ ഏറ്റവും വലിയ മതഭ്രാന്താണ്. പക്ഷേ അയാൾക്ക് എങ്ങനെ അത് മനസ്സിലാവും? ഭ്രാന്തമായ സ്വപ്നങ്ങൾ ഒരിക്കലും ഇരുട്ടിനെ വെളിച്ചമാക്കില്ല. ഒരിക്കലും അത് ഒരു പുതിയ പ്രഭാതത്തിന്റെ വെളിച്ചം കൊണ്ടു വരില്ല. ഓരോ പുതിയ പ്രഭാതങ്ങളും അത്തരം സ്വപ്നങ്ങളെ തകർക്കുന്നു. ഉറങ്ങുന്ന മുല്ല അവിടെ കിടക്കട്ടെ. അഗാധമായ നിദ്രയിൽ ലയിച്ചുറങ്ങട്ടെ. കാലത്തിന്റെ വെളിച്ചം കാണാൻ വേണ്ടി റസൂൽ തിരുമേനി(സ) യുടെ ഉമ്മത്തിനെ തനിയെ വിടാൻ അയാളെ അനുവദിക്കുക.

**REFERENCES**

1. Translation of The Holy Quran 3:50 by the author.

# റസൂൽ തിരുമേനി (സ) യെകുറിച്ച് പ്രതിഭാശാലികൾ പറയുന്നു:



വാൾതലപ്പ് കൊണ്ട് കാര്യങ്ങൾ തീരുമാനിച്ചിരുന്ന അക്കാലത്ത് ഇസ്‌ലാമിന് ഒരു സ്ഥാനം നേടിക്കൊടുത്തത് വാളല്ല എന്ന് എനിക്ക് മുമ്പത്തേക്കാൾ ബോദ്ധ്യമായി. ...പ്രവാചകന്റേത് അങ്ങേയറ്റം ലളിതമായ ജീവിതമായിരുന്നു. പ്രവാചകന്റെ വിനയം, പ്രതിജ്ഞകൾ നിറവേറ്റാനുള്ള അചഞ്ചലമായ പ്രതിബദ്ധത, സ്നേഹിതന്മാരോടും അനുചരന്മാരോടുമുള്ള തീവ്രമായ സമർപ്പണം, നിർഭയത്വം, ദൈവത്തിലും തന്റെ ദൗത്യത്തിലുമുള്ള അടിയുറച്ച വിശ്വാസം ഇതൊക്കെയായിരുന്നു എല്ലാ തടസ്സങ്ങളെയും അതിജീവിച്ച് അവർക്ക് എല്ലാം നേടിക്കൊടുത്തത്. അല്ലാതെ വാളല്ല. രണ്ടാം വാല്യം (പ്രവാചകന്റെ ജീവചരിത്രത്തിന്റെ) വായിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് കൂടുതൽ വായിച്ചില്ല എന്നോർത്ത് ഞാൻ ദുഃഖിക്കുകയുണ്ടായി

Mahatma Gandhi-Young India-1924

---



മുഹമ്മദീയർക്കിടയിൽ പൂർണ സമത്വവും സാഹോദര്യവുമാണുള്ളതെന്ന് മുഹമ്മദിന്റെ ജീവിതം തന്നെ സ്വയം തെളിവാണ്. അവിടെ വംശത്തിന്റെയോ ജാതിയുടെയോ വർണത്തിന്റെയോ ലിംഗത്തിന്റെയോ പ്രശ്നമുദിക്കുന്നില്ല. തുർക്കിയിലെ സുൽത്താന് ആഫ്രിക്കയിലെ അടിമച്ചന്തയിൽനിന്നും ഒരു നീഗ്രോയെ വിലക്ക് വാങ്ങി ചങ്ങലക്കിട്ട് തുർക്കിയിലേക്ക് കൊണ്ടുവരാം. എന്നാൽ ആ നീഗ്രോ ഒരു മുസ്‌ലിം ആകുകയാണെങ്കിൽ അവന്ന് നിശ്ചിത യോഗ്യതയും കഴിവുകളും സിദ്ധിക്കുന്നു. അവന് തുർക്കി സുൽത്താന്റെ മകളെ വരെ വിവാഹം ചെയ്യാൻ സാദ്ധ്യമാണ്. അതേസമയം നീഗ്രോകളോടും അമേരിക്കനിന്ത്യക്കാരോടും ഈ രാജ്യം (അമേരിക്ക) എങ്ങനെ പെരുമാറുന്നു എന്ന് താരതമ്യം ചെയ്തു നോക്കൂ.

(Teachings of Swami Vivekananda, Chapter on ‘Mohammed and Islam)

---



അറേബ്യയിലെ മഹാനായ പ്രവാചകന്റെ ജീവിതവും സ്വഭാവവും പഠിക്കുന്ന ഒരാൾ എങ്ങനെയാണ് അദ്ദേഹം അദ്ധ്യാപനം നിർവഹിച്ചത്, എങ്ങനെയാണ് ജീവിച്ചത് എന്നെല്ലാം അറിയുന്നു. അങ്ങനെയുള്ള ഒരാൾക്ക് എന്ത് തോന്നിയാലും ശരി സമുന്നതരായ ദൈവദൂതന്മാർക്കിടയിലെ പ്രതാപശാലിയായ ഈ പ്രവാചകനെക്കുറിച്ച് ആദരവ് തോന്നാതിരിക്കാൻ കഴിയില്ല. ഞാൻ അദ്ദേഹത്തെക്കുറിച്ച് എന്ത് പറഞ്ഞാലും അത് പലർക്കും അറിയുന്ന കാര്യങ്ങളാണെന്ന് എനിക്കറിയാം. പക്ഷേ, എനിക്ക് സ്വയം ബോദ്ധ്യപ്പെട്ട ഒരു കാര്യം അദ്ദേഹത്തെക്കുറിച്ച് വായിക്കുമ്പോഴെല്ലാം ഒരു പുതിയ രീതിയിലുള്ള ആദരം, ഒരു പുതിയ രീതിയിലുള്ള ആരാധന, പ്രഭാവവാനായ ആ അറേബ്യൻ ഗുരുവിനോടെനിക്കുണ്ടാകുന്നു.

**( Annie Besant - The Life and Teachings of Muhammed - Madras 1933P. 4)**

# ഇസ്‌ലാമിക ശാസ്ത്രം:
## പുരോഗതിയുടെയും ശൈഥില്യത്തിന്റെയും കാരണം

പ്രൊഫ. അബ്ദുസ്സലാം

ആധുനിക ഭൗതിക ശാസ്ത്രത്തിലെ അതികായനും നോബൽ സമ്മാന ജേതാവുമായ ലേഖകൻ വിശ്വപ്രശസ്തനായ അഹ്മദി ശാസ്ത്രജ്ഞനാണ്. മുസ്‌ലിം ലോകത്തെ ശാസ്ത്ര ചരിത്രം പരാമർശിക്കുന്ന ലേഖകൻ പുറമേ നിന്നുള്ള ആക്രമണങ്ങളേക്കാൾ പരിഷ്ക്കരണങ്ങളോടുള്ള വിമുഖതയും ക്രിയാത്മക വിമർശനത്തിന്റെ അഭാവവും അന്ധമായ അനുകരണ ഭ്രമവുമായിരുന്നു മുസ്‌ലിം ലോകത്ത് ശാസ്ത്ര പ്രബുദ്ധത നിലച്ച് പോകാൻ കാരണമെന്ന് വിലയിരുത്തുന്നു. 1982 മെയ് 11 ന് ബഹ്റൈൻ യൂണിവേഴ്സിറ്റിയിൽ ചെയ്ത പ്രസംഗത്തിൽ നിന്നെടുത്തതാണ് ഈ ലേഖനം

**8,9,10** നൂറ്റാണ്ടുകളിൽ മുസ്‌ലിംകൾ ശാസ്ത്ര രംഗത്ത് കുതിച്ചു കയറാനുണ്ടായ കാരണമെന്താണ്? മുഖ്യമായും മൂന്നെണ്ണമാണ്. ഒന്നാമതായി വിശുദ്ധ ഖുർആന്റെയും തിരുനബി (സ)യുടേയും ആവർത്തിച്ചു കൊണ്ടുള്ള ആഹ്വാനങ്ങളാണ്. ഡമാസ്ക്കസ് യൂണിവേഴ്സിറ്റിയിലെ ഡോ. അയ്ജാസുൽ ഖാത്തിബ് പറയുന്നത് ശാസ്ത്ര പഠനത്തിന് ഖുർആൻ കൊടുത്ത പ്രാധാന്യം അനിഷേധ്യമാണെന്നാണ്. വിശുദ്ധ ഖുർആനിൽ മതസാമൂഹിക നിയമങ്ങൾക്കായി 250 വചനങ്ങളുണ്ട്. എന്നാൽ ഖുർആന്റെ വിശുദ്ധ ഏടുകളിൽ 750 ഓളം ആയത്തുകൾ ശാസ്ത്ര സംബന്ധിയാണ്. ഇത് ഖുർആന്റെ എട്ടിൽ ഒന്നോളം വരും. യുക്തി വിചാരശീലം വളർത്തിയെടുക്കാനും പ്രകൃതിയെ പറ്റി പഠിക്കാനും ശാസ്ത്ര സംരംഭങ്ങളെ സമൂഹ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായി കാണാനുമുള്ള അനുജ്ഞകൾ കൊണ്ട് അവ നിറഞ്ഞിരിക്കുന്നു.

രണ്ടാമത്തെ കാരണം ഒന്നാമത്തേതിന്റെ അനുബന്ധം തന്നെയാണ്. അതായത് ശാസ്ത്രത്തിലും മറ്റുമുള്ള വിജ്ഞാനി കൾക്ക് (ആലിംകൾ) ഇസ്‌ലാം



പ്രൊഫ. അബ്ദുസ്സലാം

നൽകിയ മഹോന്നത സ്ഥാനമാണ്. വിജ്ഞാന ശാസ്ത്രങ്ങളിൽ പാരംഗതനായിട്ടുള്ള ഒരാളുടെ പദവി സംബന്ധിച്ച് ഖുർആൻ ചോദിക്കുന്നത്. ***'ഈ യോഗ്യതകളൊന്നുമില്ലാത്തവൻ അതുള്ളവന് തുല്യമായിരിക്കുമോ?'*** എന്നാണ്.

തിരുനബി(സ)ഇങ്ങനെ അരുളുകയുണ്ടായി: 'വിജ്ഞാനാന്വേഷണം ഏതൊരു പുരുഷന്റേയും സ്ത്രീയുടേയും നിർബന്ധബാദ്ധ്യതയാണ്.'. കാത്തേയിൽ (ചൈന) പോയെങ്കിലും ഇൽമ് കരസ്ഥമാക്കണമെന്നും നബി (സ) കൽപ്പിക്കുകയുണ്ടായി. ചൈനയെ സംബന്ധിക്കുന്ന ഈ പ്രസ്താവം ഒരിക്കലും മതവിജ്ഞാനത്തെ സംബന്ധിക്കുന്നതല്ല. ശാസ്ത്രീയ പഠനങ്ങളിൽ അന്തർ ദേശീയത കൈകൊള്ളാൻ പ്രവാചകൻ പഠിപ്പിക്കുകയായിരുന്നു.

ഈ അന്തർ ദേശീയതയായിരുന്നു ശാസ്ത്രീയ കർമണ്യതയുടെ മൂന്നാമത്തെ കാരണം. ഇസ്‌ലാമിക രാഷ്ട്രത്തിന് വർണ വർഗ വൈവിധ്യങ്ങൾക്കതീതമായി വമ്പിച്ച ജനസഞ്ചയത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞത് അത്കൊണ്ടാണ്. മുഖ്യമായും ആദ്യകാല മുസ്‌ലിംകൾ അന്യരോടും അവരുടെ ആശയങ്ങളോടും കാണിച്ച സഹിഷ്ണുത പുരോഗതിക്ക് കാരണമായി.

ശാസ്ത്രത്തോടുള്ള ബഹുമാനാദരങ്ങളാണ് ഇസ്‌ലാമിനെ ശാസ്ത്രത്തിന്റെ പരിപോഷകരാക്കി മാറ്റിയതും അറബ് ഇസ്‌ലാമിക്ക് രാജ്യങ്ങളിൽ അത്

ശക്തിപ്പെടാനും കാരണമായത്. ഇസ്‌ലാമിക സാഹിത്യത്തിന് സമാന്ത രമായി വികസിച്ച ശാസ്ത്രത്തെ സംബന്ധിച്ച് എ. ആർ ഗിബ്ബ് പറഞ്ഞത് മറ്റിടങ്ങളെ അപേക്ഷിച്ച് ഇസ്‌ലാമിക രാജ്യങ്ങളിൽ ശാസ്ത്രം ഗുണപൗ ഷ്കല്യം നേടിയത് സോപാധികമാണ്..... വർദ്ധിച്ച ഔദാര്യവും പോഷണവും അതിന്മേൽ ചൊരിയപ്പെടുകയുണ്ടായി. മുസ്‌ലിം സമൂഹ ത്തിന് എവിടെയെല്ലാം ജീർണതയേറ്റുവോ അവിടങ്ങളിലെല്ലാം ശാസ്ത്രത്തിന്റെ ഊർജസ്വലതയും ശക്തിയും നഷ്ടപ്പെട്ടിട്ടുണ്ട്. രാജാക്ക ന്മാരും മന്ത്രിമാരും ശാസ്ത്രത്തെ പരിപോഷി പ്പിക്കുന്നതിൽ സന്തോഷവും ക്ഷേമവും ബഹുമതിയും കണ്ടെത്തിയോ അപ്പോഴെ ല്ലാം വിജ്ഞാന ദീപം വെളിച്ചം പ്രസരി പ്പിച്ച് ജ്വലിച്ചു നിൽക്കുക യുണ്ടായി.'

ഈ നില ദീർഘകാലം തുടർന്നില്ല. എ . ഡി 1100 മുതൽ ഇസ്‌ലാമിക ലോകത്ത് ശാസ്ത്രത്തിന് ശിഥിലീകരണം ആരം ഭിച്ചു. 1350 ആവുമ്പോഴേക്കും ശാസ്ത്രം അവിടെ പൂർണമായും മുതലകൂപ്പു കുത്തിക്കഴിഞ്ഞു. ഇതെങ്ങനെ സംഭവി ച്ചു? ആർക്കും ഒരു നിശ്ചയവുമില്ല.

### ഇമാം ഗസ്സാലിയുടെ അനുശാസനവും ഇബ്നു ഖൽദൂന്റെ നിസ്സംഗതയും

ശാസ്ത്ര രംഗത്തെ ഈ അധഃപതന ത്തിന് കാരണം മംഗോളിയരുടെ ആക്രമണവും സംഹാരാത്മകമായ പടയോട്ടവും പോലെയുള്ള ബാഹ്യമായ കാരണങ്ങളായിരുന്നു. പടയോട്ടത്തിൽ കവിഞ്ഞ് കിരാതമായ ദുരന്തങ്ങൾ വാരിവിതറിക്കൊണ്ടുള്ള ആക്രമണം തന്നെയായിരുന്നു അത് എന്നുള്ളതിൽ സംശയമില്ല. എന്നാൽ ചെങ്കിസ്ഖാന് 60 വർഷങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെ പൗത്രനായ ഹല്ലാക്കുഖാൻ മറാഗയിൽ ഒരു ജ്യോതി ശാസ്ത്ര നിരീക്ഷണ നിലയം സ്ഥാപിക്കുകയുണ്ടായി എന്നത് ശ്രദ്ധേ യമാണ്. പ്രഗല്ഭനായ നാസിറുദ്ദീൻ തുസി ഇവിടെയാണ് ശാസ്ത്ര പ്രവർത്തനങ്ങൾ നടത്തിയത്. സജീവ ശാസ്ത്രം പൊടു ന്നനെ അന്യം നിന്നും പോവാൻ കാരണം എന്റെ വീക്ഷണത്തിൽ അഭ്യന്തര വൈരു ദ്ധ്യങ്ങളാണ്. പരിഷ്ക്കരണങ്ങ ളോടുള്ള പരാങ്ങ് മുഖത്വവും അഥവാ അന്ധമായ അനുകരണം (തഖ്‌ലിദ്) ശാസ്ത്രീയ സംരംഭങ്ങളെ സമൂഹ മദ്ധ്യത്തിൽ നിന്നും വേർപ്പെടു ത്തിയതുമാണ് ഇതിന് മുഖ്യഹേതു.

ഇമാം ഗസ്സാലിയുടെ (1058-1111) 'ഇഹ്‌യാ ഉലൂമുദ്ദീന്റെ' (മതവി ജ്ഞാന ങ്ങളുടെ പുനരുത്ഥാനം) എന്ന ഗ്രന്ഥ ത്തിന്റെ ആദ്യ അദ്ധ്യായത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. മുസ്‌ലിം ശാസ്ത്രത്തിന്റെ പുരോഗതിക്ക് വൈദ്യ ശാസ്ത്രവും ഗണിതവും പഠിച്ച് പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നി പറഞ്ഞിരിക്കുന്നു. ഇത് സമൂഹത്തിന്റെ നിർബന്ധ ബാദ്ധ്യതയായി അദ്ദേഹം കരുതുന്നു. സമൂഹത്തി ന്റെ കുറച്ചുപേരോ അല്ലെങ്കിൽ സമൂഹം ഒന്നടങ്കമോ ഈ ശാസ്ത്രങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുമ്പോൾ മുഴുവൻ സമൂഹവും അപരാധി യാവുന്നു. തന്റെ ' അൽ മുൻഖിദ് മിനദ്ദലാൻ(Al Munquidh Ad-dalan)' എന്ന ഗ്രന്ഥത്തിൽ പറയുന്നത് ശ്രദ്ധിക്കുക.

*' ഇസ്‌ലാം ഗണിത ശാസ്ത്രത്തിന് എതിരാണെന്ന് ഒരാൾ സങ്കൽപ്പി ക്കുകയാണെങ്കിൽ മതത്തിനെതിരെ കൈകൊള്ളുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും അത്. നിഷേധ ത്തിലൂടെയും സ്ഥിരീകരണത്തിലൂ ടെയും ലഭിക്കുന്ന ഗണിതശാസ്ത്ര വസ്തുതകൾ വെളിപാട് സത്യങ്ങൾ ക്കെതിരല്ല. അതുപോലെ ശാസ്ത്രത്തിന് മത സത്യങ്ങളെ എതിർക്കാനുമാവില്ല.*

'ഇമാം ഗസ്സാലി അദ്ദേഹത്തിന്റെ ഉജ്ജ്വലമായ അനുശാസനം തുറന്നെഴുതുമ്പോഴേക്കും മുസ്‌ലിം ലോകത്ത് ശാസ്ത്രത്തിന് മാന്ദ്യം ബാധിച്ചു കഴിഞ്ഞിരുന്നു. ഭൗതികാന്വേ ഷണത്തിന് പകരം സൂഫിസത്തിലേക്കും കർമ നിരാസത്തിലുന്നിയ പരലോക ചിന്തയിലേക്കും, നിശിതമായ മനനങ്ങൾക്ക് പകരം തഖ്‌ലീദി ലധിഷ്ഠിതമായ അനുകരണത്തിലേക്കും അസഹിഷ്ണുതയിലേക്കും അവരുടെ ശ്രദ്ധ വഴിമാറി.

ഈ തകർച്ച വിശദീകരിക്കാൻ ലോകം കണ്ടതിൽ വെച്ചേറ്റവും വലിയ ചരിത്രകാരനായ ഇബ്നു ഖൽദൂണിനെ (1332- 1406) ഉദ്ധരിക്കാം. അദ്ദേഹം മുഖദ്ദിമയിൽ എഴുതുന്നു:

*'ഫ്രാങ്ക് ദേശത്ത് വടക്കൻ മെഡിറ്ററേനിയൻ തീരത്തും തത്ത്വശാ സ്ത്രത്തിന്റെ പുതിയൊരു ഉജ്ജീവന ത്തെക്കുറിച്ച് നാമറിയുകയുണ്ടായി. അവർ വീണ്ടും പഠനം ആരംഭിക്കു കയും വിവിധ രീതിയിൽ അഭ്യസിപ്പി ക്കുകയും ചെയ്യുന്നു. അവരുടെ നിലവിലുള്ള വ്യാഖ്യാന സമ്പ്രദായം സമഗ്രമാണെന്ന് പറയപ്പെടുന്നു. അവരെ അറിയുന്നവരും അവരുടെ പഠിതാക്കളും നിരവധിയുണ്ട്. അവിടുത്തെ സ്ഥിതി യുടെ യഥാർഥ വിവരം അല്ലാഹു വിനറിയാം.... ഒരുകാര്യം വ്യക്തമാണ് നമ്മുടെ മത വിഷയങ്ങളിൽ ഭൗതിക ശാസ്ത്ര ങ്ങൾക്ക് ഏറെ പ്രസക്തിയില്ല. അതു കൊണ്ട് തീർച്ചയായും നമുക്ക് അവയെ അവഗണിക്കാം'.*

പുറം ലോകത്തുണ്ടായിക്കൊണ്ടി രിക്കുന്ന വൈജ്ഞാനിക സംഭവവികാസ ങ്ങൾക്ക് നേരെ നിർജീവമായ ജിജ്ഞാ സയും പ്രതിലോമകരമായ നിലപാടുമാണ് ഖൽദൂൺ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളിലെ നിസ്സംഗത പുറം ലോകത്തുനിന്നും മുസ്‌ലിംകൾ ഒറ്റപ്പെടാൻ കാരണമായി. ശാസ്ത്രീയ രംഗത്ത് നിന്നുള്ള ഒറ്റപ്പെടലും അധികാരികളോടുള്ള ആരാധനയും ധൈഷണിക മൃത്യുവിന്റെ വിഷവിത്ത് വിതക്കുകയും ചെയ്തു. വിമർശന പരമായ പഠനങ്ങൾക്ക് പകരം പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നിർണയിക്കപ്പെട്ടത്. സർവ വിജ്ഞാന കോശ സമ്പ്രദായ ത്തിലുള്ള പഠന രീതി തന്നെ വിശേഷവത്ക്കരണ ത്തിന്റെ ഈ യുഗത്തിൽ വിലങ്ങു തടിയായി. യുവ ഗവേഷകരെ സംബന്ധി ച്ചിടത്തോളം ക്രിയാത്മക വിമർശന ത്തിന്റെ അന്ത സത്തയായ നിലവിലുള്ള പഠന വിഷയങ്ങളെ ചോദ്യം ചെയ്ത് പുനഃപരിശോധിച്ച് പുതിയ ആശയങ്ങൾ കണ്ടെത്തുന്ന രീതി പ്രോത്സാഹി പ്പിക്കപ്പെടുകയോ പൊറുപ്പിക്കപ്പെടുകയോ

## വെറുക്കപ്പെട്ടവൻ

ആയിശ (റ) ൽ നിന്ന് നിവേദനം: നബി(സ) അരുളി ചെയ്തു: തീർച്ചയായും ജനങ്ങളിൽ വെച്ച് അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടവൻ കുതർക്കം നടത്തുന്ന വനും പിടിവാശിക്കാര നുമാണ്. **(ബുഖാരി)**

ചെയ്തില്ല.

ഖൽദൂനിയൻ കാലഘട്ടം മുതൽക്കുള്ള ധൈഷണികമായ ഈ ഒറ്റപ്പെടൽ തുർക്കിയിലെ ഉസ്മാനിയാ ഇറാനിലെ സഫ്‌വി, ഇന്ത്യയിലെ മുഗൾ എന്നീ മഹത്തായ സാമ്രാജ്യങ്ങളുടെ കാലവും പിന്നിട്ട്കൊണ്ട് ശൈഥില്യത്തിന്റെ ഒരു സമ്പൂർണ ചിത്രം രചിക്കുകയുണ്ടായി. യൂറോപ്പിൽ ശാസ്ത്ര വൈജ്ഞാനിക രംഗത്തുണ്ടായ വിസ്ഫോടനങ്ങളെപറ്റി സുൽത്താന്മാരോ ഷഹിൻഷാമാരോ ബോധവാന്മാരായിരുന്നില്ല. തോക്ക് നിർമാണ രംഗത്തും നാവിക രംഗത്തും വെനീഷ്യരും ജെനോയിസുകളും കടന്ന് വരുന്നത് അവർ ഗൗനിച്ചില്ല. കപ്പൽ നിർമാണ കലയിൽ വൈദഗ്ധ്യം നേടി ഇസ്‌ലാമിക രാജ്യങ്ങളുടെ തീരങ്ങളടക്കം ലോകത്തെ സമുദ്രങ്ങൾ മുഴുവൻ അടക്കിവാണ പോർച്ചുഗീസുകാരെ പറ്റി അവർ ശ്രദ്ധിച്ചില്ല. എന്തിനധികം ഹജ്ജിന്നുള്ള സമുദ്ര സഞ്ചാര പഥങ്ങൾ പോലും അവർ കൈയടക്കുമ്പോഴും നിതാന്തമായ മയക്കത്തിലായിരുന്നു മുസ്‌ലിംകൾ. പോർട്ട്ഗീസുകാർക്ക് നാവിക വൈദഗ്ധ്യം വന്നത് ഒരു യാദൃച്ഛിക സംഭവമല്ല. അവരുടെ നാവിക രാജകുമാരൻ ഹെൻട്രി(Hentry) 1419 ൽ തുടക്കം കുറിച്ച നാവിക വികസന പ്രവർത്തനം അനവരതം തുടർന്നു പോയതിന്റെ ഫലമായിരുന്നു അത്.

### അവസാന ശ്രമവും പരാജയത്തിലേക്ക്

ഈ പതിതാവസ്ഥയിലും എഴുന്നേറ്റു നിൽക്കാനവർ ഒരു ശ്രമം നടത്താതിരുന്നില്ല. പക്ഷേ സൈദ്ധാന്തിക ശാസ്ത്രവും ടെക്നോളജിയും തമ്മിലുള്ള പാരസ്പര്യം മനസ്സിലാക്കുന്നതിൽ അവർ പരാജയപ്പെട്ടു പോകുകയാണുണ്ടായത്.

ഉദാഹരണത്തിന് 1799 ൽ തുർക്കിയിലെ സലീം മൂന്നാമൻ ആധുനിക ബീജഗണിതവും(Algibra) ത്രികോണ മിതിയും (Trignometry) ബലതന്ത്രവും (Mechanichs) വിക്ഷേപണ വിദ്യയും (Balistic) ലോഹവിദ്യയും(Mettallurgy) പഠിപ്പിക്കാൻ ഫ്രാൻസിൽ നിന്നും സ്വീഡനിൽനിന്നും വിദഗധരായ അദ്ധ്യാപകരെ വരുത്തി തോക്കുനിർമാണത്തിൽ യൂറോപ്പുമായി മത്സരിക്കാൻ പോലും വേദിയൊരുക്കി. പക്ഷേ അദ്ദേഹത്തിന് ഈ വിഷയങ്ങളിൽ അടിസ്ഥാനപരമായ ഗവേഷണത്വര വളർത്താനായില്ല. അങ്ങനെ അതും പരാജയമടഞ്ഞു. പിന്നെ തുർക്കിക്ക് ഒരിക്കലും യൂറോപ്പിനോടൊപ്പം എത്താനായില്ല.

മുപ്പത് വർഷത്തിന് ശേഷം ഈജിപ്തിലെ മുഹമ്മദലി കൽക്കരിയും സ്വർണവും സർവേചെയ്യാനും അത് കണ്ടെത്താനുള്ള വിദ്യ പഠിപ്പിക്കാനും നേതൃത്വം നൽകി. പക്ഷേ അദ്ദേഹത്തിനും അദ്ദേഹത്തെ തുടർന്നു വന്നവരും ഭൂവിജ്ഞാനത്തിൽ (Geology) അടിസ്ഥാനവശങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാൻ ദീർഘ കാല പരിശീലനം ലഭ്യമാക്കാൻ യത്നിച്ചില്ല.

സാങ്കേതിക വിദ്യയാണ് സർവാധാരവും ശക്തിയുമെന്ന് നാം ഇപ്പോഴും വിശ്വസിക്കുമ്പോഴും അതി ലേക്ക് കുറുക്കുവഴികളൊന്നുമില്ല എന്ന് നാം ഓർക്കാറില്ല. ഈ രംഗത്ത് ഉയരണമെങ്കിൽ സൈദ്ധാന്തിക ശാസ്ത്രവും അതിന്റെ പ്രയോഗമായ സാങ്കേതിക വിദ്യയും ഒരു പോലെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറേണ്ടതുണ്ട്. ഏതെങ്കിലും കുശാഗ്ര ബുദ്ധികൾ സ്വാർഥപരമായമാക്കിയവല്ലിയൻ സമീപനം നടത്തിയെങ്കിൽ അവരുടെ കുടിലമായ തന്ത്രങ്ങളെ നാം മനസ്സിലാക്കേണ്ടതായിരുന്നു. സിദ്ധാന്തമില്ലാത്ത സാങ്കേതികവിദ്യാ കൈമാറ്റം എന്ന മോഹനമായ ഭാഷാശൈലിയിലെ കച്ചവട തന്ത്രം നാം തിരിച്ചറിയേണ്ടതുണ്ട്.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv



# മുഹമ്മദ്നബി (സ)
## ജീവിതവും ദർശനവും

നസീമജലീൽ

മനുഷ്യ കുലത്തിനാകമാനം ഉത്തമ മാതൃക എന്ന് അല്ലാഹു വിശേഷിപ്പിച്ച ഒരു മഹാത്മാവിന്റെ ഹ്രസ്വമായ ജീവിത ചിത്രം.

**ലോ**കചരിത്രം പരിശോധിക്കുമ്പോൾ ആത്മീയവും ഭൗതികവുമായ ഒട്ടനവധി പരിഷ്ക്കർത്താക്കൾ വന്നതായി കാണാം. അവരിൽ തങ്ങൾ അവതരിപ്പിച്ച ആദർശങ്ങൾക്കനുസൃതമായ മാതൃകാജീവിതം കാഴ്ചവെക്കുവാനും അവയുടെ പരിപൂർണ വിജയം സ്വജീവിതകാലത്ത് കരസ്ഥമാക്കാനും കഴിഞ്ഞിട്ടുള്ളവർ വിരളമാണ്. ഒരു പ്രദേശത്തോ രണ്ടോമൂന്നോ തലമുറയിലോ സ്വാധീനം ചെലുത്തിയിട്ടുള്ളവരും ഭാഗിക വിജയം നേടിയിട്ടുള്ളവരും കണ്ടെന്നു വരാം. എന്നാൽ, ആയിരത്തിനാന്നൂറു വർഷം കഴിഞ്ഞിട്ടും ഇന്നും ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള സകല വിഭാഗം ജനതയ്ക്കും പ്രയോജനപ്പെടുംവിധം അന്യൂനവും ലളിതവും ഉത്തമവുമായ ജീവിത പദ്ധതി സമർപ്പിക്കാനും സ്വജീവിതകാലത്തു തന്നെ സമ്പൂർണ മാതൃകാജീവിതം കാഴ്ചവെച്ച് വിജയം വരിക്കാനും ഇസ്ലാംമത സ്ഥാപകർക്കു മാത്രമേ കഴിഞ്ഞിട്ടുള്ളു.

ശക്തമായ അധികാരത്തിന്റെ ചെങ്കോലോ ആൾബലമോ കനത്ത ഖജനാവോ ഒന്നുമില്ലാതെ ശത്രുക്കളുടേയും മിത്രങ്ങളുടേയും ഹൃദയങ്ങൾ കീഴടക്കി സമൂഹത്തിലെ സകല മേഖലകളേയും സംസ്കരിച്ച് കേവലം 23 വർഷക്കാലയളവിൽ അന്ധകാരത്തിന്റെ അഗാധതയിൽ നിന്ന് ധാർമികതയുടെ ഉത്തുംഗതയിലേക്ക് അറേബ്യയെ കൈപിടിച്ചുയർത്തിയ ആ ധന്യമായ ജീവിത മാതൃക ഇന്നും അന്യൂനമായി നിലകൊള്ളുന്നു. ദൈവികഗ്രന്ഥമായി അവകാശപ്പെടാവുന്നതെന്ന് എതിരാളികൾപോലും സമ്മതിക്കുമാറ് യാതൊരു മാറ്റങ്ങൾക്കും കൈകടത്തലുകൾക്കും വിധേയമായിട്ടില്ലാത്ത വിശുദ്ധ ഖുർആൻ ഇങ്ങനെ പ്രസ്താവിക്കുന്നു.*"അല്ലാഹുവിന്റെ പ്രവാചകനിൽ നിങ്ങൾക്കു ഉത്തമ മാതൃകയുണ്ട്."(33:21)*

അറേബ്യയിലെ ഏറ്റവും ഉന്നതമായ ഖുറയ്ശി ഗോത്രത്തലവന്റെ പൗത്രനായി ജനനം. അനാഥ ബാല്യവും നിരക്ഷരതയും. സാംസ്കാരിക അധഃപതനത്തിന്റെ പടുകുഴിയിൽ കഴിയുന്ന നിർലജ്ജമായൊരു സാമൂഹിക പശ്ചാത്തലം! ഗോത്രസ്പർദ്ധയുടെ നിണമണിഞ്ഞ അറേബ്യൻ ദേശീയത. ധാർമികതയുടെ മുൻമാതൃകയോ ഒരു സാമൂഹിക പരിഷ്കർത്താവിന്റെ നിഴലോ കടന്നു ചെന്നിട്ടില്ലാത്ത മരുപ്രദേശം. ഗോത്രത്തലവന്റെ പൊന്നോമനയ്ക്ക് ജീവിതം ആഘോഷമാക്കി ത്തീർക്കാനും വഷളാക്കാനും ഇതിൽ കൂടുതലെന്ത് വേണം! എന്നാൽ, ക്ഷമയുടേയും സഹനത്തിന്റേയും സൗമ്യതയുടേയും വിനയത്തിന്റേയും മൂർത്ത രൂപമായിരുന്നു ആ ബാലൻ; തന്റെ ചുറ്റും നടമാടിയിരുന്ന അനാചാരങ്ങളിൽ, അതിക്രമങ്ങളിൽ, ഉച്ചനീചത്വങ്ങളിൽ അശാന്തമായിരുന്നു ആ കൗമാരം. അൽഅമീൻ എന്ന് നാടെങ്ങും അറിയപ്പെട്ടു ആ നിഷ്കളങ്കൻ.

പീഡിതരെ സഹായിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ ഒരു സംഘടനയായിരുന്നു **ഹിൽഫുൽ ഫുളൂൽ**. അറബ് ഗോത്രങ്ങൾ മക്കാ നഗരത്തിന് ഭീഷണിയായിത്തീർന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ആ അവസരത്തിൽ സുബയ്ർ ബിൻ അബ്ദുൽ മുത്തലിബ്, **അബ്ദുല്ലാഹ് ബിൻ ജുദ്ആന്റെ** വീട്ടിൽ **ഹാശിം, സുഹ്റ, തൈം** ഗോത്രങ്ങളെ വിളിച്ചു വരുത്തി ഒരു സദ്യ നല്കി. അവർ അവിടെവെച്ച് അല്ലാഹുവിന്റെ പേരിൽ ഒരു പ്രതിജ്ഞയെടുത്തു. മർദിതരുടെ അവകാശങ്ങൾക്കുവേണ്ടി എന്നെന്നും അവരോടൊപ്പം നിലയുറപ്പിക്കുമെന്നായിരുന്നു പ്രതിജ്ഞ. ഇതിന് **ഹിൽഫുൽഫുളൂൽ** എന്ന് അറബികൾ പേരു കൊടുത്തു. ഈ സംരംഭത്തിൽ മുഹമ്മദും സന്നിഹിതനായിരുന്നു.

പ്രതാപികളും ശക്തരും ധാർഷ്ട്യരുമായ ഗോത്രജനതയ്ക്കിടയിൽ അവർക്കു പ്രവർത്തിക്കാൻ ഒന്നുമില്ലായിരുന്നു. കാരണം സഹായമർഥിച്ചു പരാതിപ്പെടാനുള്ള ധൈര്യം പോലുമില്ലാത്ത നിസ്സഹാ

യരായിരുന്നു അവരിലധികവും. എന്നാൽ, അത്തരം സന്ദർഭത്തിൽ പോലും യഥാർഥ ധൈര്യം കാണിക്കാൻ നബി(സ)ന് അവസരം ലഭിച്ചു. സംഭവം ഇങ്ങനെ: അറാശീ നിർധനനായ ഗ്രാമീണനാണ്. തനിക്കുകിട്ടാനുള്ള പണം അംറുബ്നു ഹിശാം എന്ന അബൂജഹ്ലിൽ നിന്ന് വാങ്ങിത്തരാൻ അയാൾ ഖുറയ്ശീ നേതാക്കളോടു അപേക്ഷിച്ചു. കുബുദ്ധികളായ അവർ മുഹമ്മദിന്റെ അടുക്കലേക്ക് അയാളെ പറഞ്ഞു വിട്ടു. ആ ഗ്രാമീണൻ മുഹമ്മദിനെ സമീപിച്ചു. അബൂജഹ്ൽ എന്ന മഹാമേരുവിന്റെ മുമ്പിൽ ചെന്നുനില്ക്കാൻ ആരും ഒന്നു അറച്ചു നില്ക്കും. പക്ഷേ, മുഹമ്മദ് എന്ന ചെറുപ്പക്കാരൻ അയാളേയും കൂട്ടി നേരെ അബൂജഹ്ലിന്റെ അടുക്കൽച്ചെന്ന് അയാൾക്കു കൊടുക്കാനുള്ളത് കൊടുക്കാൻ പറഞ്ഞു. അന്ധാളിച്ചുപോയ അബൂജഹ്ൽ അയാൾക്കു കൊടുക്കാനുളളത് ഉടനെ കൊടുത്തു. അബൂജഹ്ൽ, മുഹമ്മദിനെ ആട്ടിപ്പായിക്കുന്നതു കാണാൻ കാത്തിരുന്ന ഖുറയ്ശികൾ നിരാശരായി. അവർ കാര്യം ചോദിച്ചപ്പോൾ അബൂജഹ്ൽ പറഞ്ഞു,' 'മുഹമ്മദിന്റെ ശബ്ദം കേട്ടപാടെ എനിക്കു ഭയമുണ്ടായി. വെളിയിൽ വന്നു നോക്കിയപ്പോൾ മുഹമ്മദിന്റെ തലയുടെ അടുത്ത് രക്ത ദാഹിയായ ഒട്ടകം. ഞാൻ നിഷേധിച്ചിരുന്നെങ്കിൽ അതെന്നെ കടിച്ചു കീറുമായിരുന്നു.' (ഇബ്നുഹിശാം)

ഭൗതികമായ സുഖഭോഗങ്ങൾ കാത്തിരുന്നിട്ടും തന്റെ ചുറ്റുമുളള നിരാലംബർക്കായി ആ മനം നൊന്തു. താൻ തിരിച്ചറിഞ്ഞ സത്യത്തിനെതിരെ സ്വജനത മുഴുവൻ തിരിഞ്ഞിട്ടും ആ മഹാത്മാവ് പതറിയില്ല. മനുഷ്യ സമൂഹത്തിന്റെ ഐക്യത്തിനും ക്ഷേമത്തിനും സമത്വത്തിനും ഏകദൈവ വിശ്വാസം കൂടിയേ തീരൂ എന്ന് ആ ധന്യാത്മാവ് മനസ്സിലാക്കി. അറേബ്യയുടെ മുഴുവൻ സമ്പത്തും അധികാരവും സുന്ദരികളായ തരുണീമണികളും കാൽക്കൽകൊണ്ടുവയ്ക്കാമെന്ന ഗോത്ര ജനതയുടെ അഭ്യർഥന നിരസിച്ചുകൊണ്ട് ആ പുണ്യാത്മാവ് പറഞ്ഞു, 'എന്റെ ഒരുകൈയിൽ സൂര്യനേയും മറുകൈയിൽ ചന്ദ്രനേയും വെച്ചാൽപ്പോലും ഏകദൈവതത്ത്വ പ്രഘോഷണത്തിൽനിന്ന് ഞാൻ പിന്മാറില്ല.' ഫലമോ സ്വന്തം ജനതയുടെ ബഹിഷ്കരണം, മർദനം. പക്ഷേ, ഒരു വിഷമവും പ്രകടിപ്പിക്കാതെ മക്കത്തെ മർദിതരായ അടിമകളോടൊപ്പം നാട്ടുകാരുടെ കണ്ണിലുണ്ണിയായ ഗോത്രകുമാരനും പീഡനങ്ങളേറ്റു വാങ്ങി. തനിക്കൊരു നീതി, അനുചരർക്കു മറ്റൊരു നീതി എന്നതല്ലായിരുന്നു മുഹമ്മദി (സ) ന്റെ തത്ത്വം. താനെന്തൊന്നു വിശ്വസിച്ചുവോ അതദ്ദേഹം പറഞ്ഞു, താൻ എന്തൊന്ന് പറഞ്ഞുവോ അതദ്ദേഹം പ്രവർത്തിച്ചു കാണിച്ചു. യുദ്ധാവസരത്തിലും സമാധാനഘട്ടത്തിലും വിശ്വാസ ദാർഢ്യത്തിലും പ്രവൃത്തിയിലും വിനോദത്തിലും വിപ്ലവത്തിലും തന്റെ അനുചരരോടു തോളോടുതോൾ ചേർന്നു ആ മഹാത്മാവ് ജീവിച്ചു.

നാട്ടിൽ അപൂർവമായ സൽഗുണങ്ങളുളള യുവാവിനോടു വിധവയും മധ്യവയസ്കയുമായ വ്യാപാരി ഖദീജ വിവാഹാഭ്യർഥന നടത്തി. വിവാഹം മംഗളകരമായി നടന്നു. വിവാഹശേഷം ഖദീജ താനും ഭർത്താവും തമ്മിലുളള സാമ്പത്തികാന്തരം ഇല്ലാതാക്കാൻ മുഴുവൻ സമ്പത്തും ഭർത്താവിനു സമർപ്പിച്ചു. അതിന് ശേഷം ലോകം അതുവരെ കണ്ടിട്ടില്ലാത്ത ഒരു നേതൃഗുണം ദർശിക്കുകയായിരുന്നു. തന്റെ കൈയിൽവന്ന എല്ലാ അടിമകളേയും ആ മഹാത്മാവ് മോചിപ്പിച്ചു. സമ്പത്തു മുഴുവൻ പാവങ്ങൾക്കായി ചെലവഴിച്ചു. അടിമ മോചനത്തിനായി ഉപദേശ പ്രസംഗമോ നിയമമോ കൊണ്ടുവന്നില്ല. തന്റെ കൈയിൽ വന്നവരെ സ്വയം മോചിപ്പിച്ചു. മറ്റുളളവരുടെ കൈയിൽനിന്ന് വിലകൊടുത്തു വാങ്ങിയും അടിമകളെ മോചിപ്പിച്ച് മാതൃകകാട്ടി. ദൈവത്തിന്റെ പക്കൽ അടിമവിമോചനം ഏറ്റവും പുണ്യകരമായ പ്രവൃത്തിയാണെന്ന് അനുയായികളെ ബോധവൽകരിച്ചു. അങ്ങനെ വിപ്ലവകരമായ പരിവർത്തനത്തിന്റെ പടയോട്ടം നടത്തി.

സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെ, ഹൃദ്യമായ ഉപദേശങ്ങളിലൂടെ, കൊച്ചുകൊച്ചു പ്രവർത്തനങ്ങളിലൂടെ ആ ജീവിത പദ്ധതി അനുയായികളുടെ ഹൃദയങ്ങളേയും എതിരാളികളുടെ മനസ്സുകളേയുംകീഴടക്കുകയായിരുന്നു. ഉളളവനും ഇല്ലാത്തവനും കർമം ഒരുപോലെ പ്രധാനപ്പെട്ടതാണെന്നും കഴിവനുസരിച്ചിട്ടുളള അളവിലേ വ്യത്യാസം വരുന്നുളളൂവെന്നും ആ മഹാത്മാവ് പഠിപ്പിച്ചു. നേതാവിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ശിഷ്യർ അങ്ങാടികളിലും മറ്റും ചുറ്റിനടന്ന് പ്രചാരണം നടത്തി. അബലരെ സഹായിച്ചു. കൂലിവേല ചെയ്തുകിട്ടിയത് ദാനം ചെയ്തു. കൂട്ടുചേർന്ന് സ്വരുക്കൂട്ടി അടിമകളെ മോചിപ്പിച്ചു. വിലപ്പെട്ട ഒരടിമയെ അവന്റെ കർക്കശക്കാരനായ യജമാനനിൽനിന്ന് മോചിപ്പിക്കാൻവേണ്ടി, നട്ടുനനച്ചു വളർത്തിയ മുന്നൂറു തൈകളുളള ഒരു ഈത്തപ്പനത്തോട്ടംപോലും അവർ തയ്യാറാക്കിയിരുന്നു എന്നറിയുമ്പോഴേ ആ അധ്യാപന മഹത്വവും അതെത്രമാത്രം ജനങ്ങളെ സ്വാധീനിച്ചിരുന്നുവെന്നും മനസ്സിലാക്കാൻ സാധിക്കുകയുളളു. അനുയായികൾ മാത്രമല്ല അവരോടൊപ്പം തോളോടുതോൾചേർന്ന് എല്ലാ രംഗത്തും നേതാവും കൂടെത്തന്നെയുണ്ട് എന്നതാണ് ആ ആദർശ മാതൃക.

അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറുനിറച്ചുണ്ണുന്നവൻ തന്നിൽപ്പെട്ടവനല്ലെന്ന് പ്രഖ്യാപിച്ചു. അന്യരുടെ വികാരത്തെ വ്രണപ്പെടുത്തരുതെന്നും ബിംബങ്ങളെ അവഹേളിക്കരുതെന്നും വർണവിവേചനം അരുതെന്നും പഠിപ്പിച്ചു.

സ്ത്രീ സ്വാതന്ത്ര്യത്തിനും മദ്യവർജനത്തിനും അടിമത്വ വിമോചനത്തിനും സാമ്പത്തിക സാമൂഹിക സമത്വത്തിനും വേണ്ടി നേതാക്കളും നിയമങ്ങളും അഹോരാത്രം പണിപ്പെട്ടിട്ടും ഈ ഇരുപതാം നൂറ്റാണ്ടിലും വിജയിക്കാൻ കഴിഞ്ഞിട്ടില്ല എന്നോർക്കുമ്പോഴാണ് അജ്ഞതയും സംസ്കാര ഹീനത്വവും കൊടികുത്തിവാണിരുന്ന ഒരു ജനതയെ ധാർമികതയുടെ മാതൃകാ സമൂഹമാക്കി മാറ്റിയ ആ മഹാ മാനുഷി കാണിച്ച ഇന്ദ്രജാലം വില തിരിച്ചറിയാൻ കഴിയുന്നത്. പെണ്ണായി പിറന്നു പോയെന്ന കുറ്റത്തിന് മണ്ണിനടിയിൽ കുഴിച്ചിടപ്പെട്ടിരുന്ന അവസ്ഥയിൽനിന്ന് സ്ത്രീയെ മാനുഷതയുടെ പരമപദത്തിലേക്ക് അവിടുന്ന് കൈപിടിച്ചുയർത്തി. മാതാവിന്റെ കാൽകീഴിലാണ് സ്വർഗം എന്ന് പറഞ്ഞുകൊണ്ട് സ്വർഗത്തെ പോലും മാതാവിന്റെ പാദങ്ങൾക്ക് കീഴെ വരുവോളം മാതൃത്വത്തെയും അത് വഴി സ്ത്രീത്വത്തെയും അവിടുന്ന് ഉയർത്തി. അറിവ് ആർജിക്കുന്ന കാര്യത്തിലും ബുദ്ധിനിലവാരത്തിലും കർമ്മങ്ങളു ടെ പ്രതിഫലത്തിലും സ്ത്രീ-പുരുഷ വ്യത്യാസമില്ലാ എന്ന പ്രഖ്യാപനത്തിന്റെ ബലത്തിൽ അധ്യാപന രംഗത്തും യുദ്ധരംഗത്തും ഭരണരംഗത്തും എന്നുവേണ്ട മുസ്‌ലിം സ്ത്രീ എത്തിപ്പെടാത്ത മേഖലകളില്ല എന്നു പറയാം. വിജ്ഞാനം സത്യവിശ്വാസിയുടെ കളഞ്ഞു പോയ സ്വത്താണ്, അത് എവിടെക്കണ്ടാലും നിങ്ങൾ എടുത്തുകൊളളുക എന്നു പഠിപ്പിച്ച അത്യഗാതമായ വിജ്ഞാന പ്രണയം കടുത്ത ദ്രോഹം ചെയ്തവർക്ക് പോലും മാപ്പു നൽകി വിട്ടയച്ച മഹാമനസ്കത മറ്റെവിടെയാണ് കാണാൻ കഴിയുക? കിരീടം വെക്കാത്ത രാജപദവി ഉണ്ടായിട്ടും പനയോലപ്പായയിലുറങ്ങി. മരണവേളയിൽ ഒരു നാണയത്തുട്ടുപോലും മിച്ചമുണ്ടായില്ല. അദ്ദേഹത്തിന്

ലഭിച്ചതെല്ലാം അവിടുന്ന് ദാനം ചെയ്തു. താനാരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ പകരം ചോദിക്കാവുന്നതാണെന്ന് മരണത്തിനു അല്പം മുമ്പേ ആഹ്വാനം ചെയ്ത മഹാത്മാവാണ് നബി (സ).

ജീവിതത്തിന്റെ തുടക്കം മുതൽ ഒടുക്കംവരെ ഓരോ സംഭവങ്ങളും നിമിഷങ്ങളും രേഖപ്പെടുത്തപ്പെട്ട തുറന്നൊരു പുസ്തകംപോലെ ലോകത്തിന്റെ മുമ്പിൽ മറ്റൊരു ചരിത്ര പുരുഷൻ ഉണ്ടാകില്ല എന്ന് നിസംശയം പറയാം. മനുഷ്യ ജീവിതത്തിന് ഭൗതികവും ആത്മീയവുമായ രണ്ടവസ്ഥകൾ ഉണ്ടെന്നും അവ പരസ്പര പൂരകങ്ങളാണെന്നും ആ ധന്യാത്മാവ് പഠിപ്പിച്ചു. അവയ്ക്കിടയിലെ നേർത്ത അതിർ വരമ്പുകളെ ലോകത്തിനു മനസ്സിലാക്കിക്കൊടുത്തു. ഉന്നതമായ ധാർമികമൂല്യങ്ങൾ പാലിച്ചുകൊണ്ട് വിജയകരമായ ഭൗതികജീവിതവും അതുമുഖേന ആത്മീയവിജയവും നേടാനാകുമെന്ന് ലോകത്തിനു കാണിച്ചുകൊടുത്തു. സാഹോദര്യത്തിന്റേയും വിശ്വമാനവികതയുടേയും സമസൃഷ്ടി സേവനത്തിന്റേയും ആത്മീയാചാര്യനായ ഈ മാതൃകാ മനുഷ്യന്, ഏറ്റവും വിജശ്രീലാളിതനായ പ്രവാചകൻ എന്ന് എതിരാളികൾപോലും സമ്മതിച്ച മുഹമ്മദ് (സ)യ്ക്ക്, ആധുനിക ലോകത്തിന്റെ അംഗീകരമാണ് ചരിത്രത്തിലെ നൂറു മഹാത്മാക്കളിൽ പ്രഥമ സ്ഥാനം. ഈ മാതൃക പിന്തുടരുക മാത്രമേ ലോകത്തിനു രക്ഷയുള്ളു എന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു, ആ ദിവ്യാത്മാവിനുമേൽ ആയിരമായിരം അനുഗ്രഹാശംസകൾ വർഷിക്കുമാറാകട്ടെ. ചൈനയിൽ പോയിട്ടായാലും വിദ്യ അഭ്യസിക്കുക തുടങ്ങിയ അധ്യാപനങ്ങളിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് മുസ്ലിംകൾ എത്തിപ്പിടിക്കാത്ത മേഖലകളില്ല. ലോകോത്തര ഗ്രന്ഥശാലകളും സർവകലാശാലകളും ശാസ്ത്രജ്ഞരും ശാസ്ത്ര- സാഹിത്യ ശാഖകളും ഇസ്ലാമിന്റെ സംഭാവനകളാണെന്ന സത്യം നാം മറക്കാൻ പാടില്ല. യൂറോപ്പ് 14-ാം നൂറ്റാണ്ടിൽ മാത്രമാണ് ഉണരുവാൻ തുടങ്ങിയത്. ആ സാംസ്കാരിക പുനരുത്ഥാനം മുസ്ലിം സംസ്കാര പ്രസരണത്തിന്റെ സന്തതി മാത്രമാണ്. യഥാർഥത്തിൽ യൂറോപ്യൻ നാടുകളിൽ ശാസ്ത്രത്തിന് ബീജാവാപം ചെയ്തത് മുസ്ലിം ശാസ്ത്രകാരന്മാരും അറബി ഭഷയിലുള്ള ശാസ്ത്ര ഗ്രന്ഥങ്ങളുമാണ്. യൂറോപ്യൻ പുനർജന്മത്തിന്റെ തൊട്ടിൽ ഇറ്റലിയല്ല. സ്പെയിനായിരുന്നു.

വൃത്തിയും ലജ്ജയും സത്യവിശ്വാസത്തിന്റെ ഭാഗമാണെന്ന പാഠത്തിലധിഷ്ഠിതമാണ് ഇസ്ലാം. അധ്വാനിക്കുന്നവന് അവന്റെ വിയർപ്പു വറ്റുന്നതിനു മുമ്പേ വേതനം കൊടുക്കുക എന്ന് ഏതു മാനിഫെസ്റ്റോയ്ക്ക്, ഏതു നേതാവിനാണ് പറയാൻ കഴിഞ്ഞിട്ടുള്ളത്? കൊടുക്കുന്ന കൈയാണ് വാങ്ങുന്ന കൈയേക്കാൾ ശ്രേഷ്ടം എന്ന ചെറുവചനത്തിലൂടെ നബി(സ) അധ്വാനത്തിന്റേയും ദാനത്തിന്റേയും മാഹാത്മ്യം ശിഷ്യരെ പഠിപ്പിച്ചു. വർഗവർണ വിവേചനത്തിനും സാമൂഹിക-സാമ്പത്തിക അസമത്വങ്ങൾക്കും എതിരെ സന്ധിയില്ലാസമരമായിരുന്നു ആ ജീവിതം മുഴുക്കെ. തികഞ്ഞ അനാഥനായിരുന്നിട്ടും മുഹമ്മദ് നബി(സ) മാതാപിതാക്കളോടുള്ള കടമയും ആദരവും നിഷ്കർഷിച്ചിട്ടുള്ളതുപോലെ മറ്റൊരു വേദവും മതവും പ്രവാചകനും കല്പിച്ചിട്ടില്ല. കുടുംബ ബന്ധങ്ങളുടെ പ്രാധാന്യവും കുട്ടികളുടെ ശിക്ഷണവും ദേശസ്നേഹവും സമസൃഷ്ടിസേവനവും ബഹുഭാര്യത്വവും-സാമൂഹിക ഭദ്രത അപകടപ്പെടാവുന്ന സാഹചര്യങ്ങളിൽ മാത്രം- ദൈവം അനുവദിച്ചിട്ടുള്ളതിൽ ഏറ്റവും വെറുക്കപ്പെട്ടത് എന്ന നിബന്ധനയോടെ വിവാഹ മോചനവും -ഏറെ വികലമാക്കപ്പെടുകയും തെറ്റുധരിക്കപ്പെടുകയും ചെയ്യപ്പെട്ടൊരു അധ്യാപനമാണിത്- എന്നു വേണ്ട ആ മഹാത്മാവ് എന്തൊക്കെ പറഞ്ഞു എന്നതിനെക്കാളേറെ എന്താണ് പറയാത്തത് എന്നു ചോദിക്കാൻമാത്രം ജീവിതത്തിന്റെ എല്ലാ മേഖലയിലും മാതൃക കാണിച്ചു.

ഊഹക്കച്ചവടത്തേയും ഉൽപന്നങ്ങളിൽ മായം ചേർക്കുന്നതിനേയും നിരുത്സാഹപ്പെടുത്തിയ മുഹമ്മദ് നബി (സ) അങ്ങാടികളിൽ ചുറ്റി നടന്ന് ധാന്യച്ചാക്കുകൾ പരിശോധിക്കുകയും വഞ്ചനയ്ക്കുള്ള ദൈവശിക്ഷയെക്കുറിച്ച് അനുയായികളെ ബോധവൽക്കരിക്കുകയും ചെയ്യുമായിരുന്നു. ഏകദൈവവിശ്വാസത്തിൽ നിന്നുടലെടുത്ത ആത്മീയതയിലൂന്നിയ ധാർമിക ബോധമായിരുന്നു മുഹമ്മദു നബി (സ)ലോകത്തിനു നല്കിയത്; അന്യൂനമായ നേതൃത്വ മാതൃകയാൽ ഹൃദയങ്ങളിൽ അതു ആഴ്ന്നിറങ്ങിയതുകൊണ്ടാണ് ഇന്നും സജീവമായി അവ നിലനിന്ന് പോരുന്നത്.

രാഷ്ട്ര തന്ത്രജ്ഞതയുടെ മികച്ച മാതൃകയാണ് നബിതിരുമേനി(സ) മദീന കരാറിലും ഹുദയ്ബിയ്യഃ സന്ധി നേരത്തും കാഴ്ചവച്ചത്; ലോകത്തിനു അപരിചിതമായ പൗരാവകാശത്തിന്റെ കാണാപുറങ്ങൾ. സാമ്പത്തിക സന്തുലനമാണ് സമൂഹത്തിന്റെ കെട്ടുറപ്പിനാധാരം. പലിശരഹിത വ്യവസ്ഥിതി അതിന് അത്യന്താപേക്ഷിതമാണ്. അത് ആ മഹാത്മാവ് നടപ്പിൽ വരുത്തി. ഈ രണ്ടു ഇസ്ലാമിക തത്ത്വങ്ങൾ പാടെ നിരസിച്ചതുകൊണ്ടാണ് ലോകം ഇന്ന് സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടിട്ടുള്ളത്. ആക്രമണം അഴിച്ചുവിട്ടുള്ള യുദ്ധം നബി(സ)വിരോധിച്ചു. യുദ്ധം, യുദ്ധത്തിനു വേണ്ടിയല്ല, സമാധാനത്തിനു വേണ്ടിയായിരിക്കണമെന്ന് ആ മഹാത്മാവ് പഠിപ്പിച്ചു. വിശ്വാസ സംരക്ഷണാർഥമല്ലാതെ സ്വാർഥലാഭത്തിനായോ കോപാവേശത്താലോ മുസ്ലിംകൾ യുദ്ധത്തിന് ഒരുങ്ങരുത്, കാർഷികവിളവുകളും പൊതുമുതലുകളും യുദ്ധാവസരത്തിൽ നശിപ്പിക്കരുത്, സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, വീടുകളിൽ ഇരിക്കുന്നവർ തുടങ്ങിയവരെ ആക്രമിക്കരുത് -ഇവയെല്ലാം ആ മഹാനായ പ്രവാചകൻ പഠിപ്പിച്ച് മാതൃക കാണിച്ചിട്ടുള്ളതും അനുയായികൾ അനുവർത്തിച്ചു വന്നിട്ടുള്ളതുമാണ്. അതുകൊണ്ടുതന്നെ ഇസ്ലാമിന്റേയും നബി(സ)യുടേയും പേരുംപറഞ്ഞ് രക്തക്കൊതി തീർക്കുന്ന നരാധമന്മാർ ആ പുണ്യാത്മാവിന്റെ അനുയായികളോ മുസ്ലിംതന്നെയോ ആകുന്നില്ല. തന്റെ ജനതയ്ക്കു അദ്ദേഹം നൽകിയ നിർവചനം ഇവിടെ ശ്രദ്ധേയമാണ്; ആരുടെ കൈയിൽനിന്നും നാവിൽനിന്നും മറ്റുള്ളവർ സുരക്ഷിതനാണോ അവനാണ് മുസ്ലിം.'എത്ര ഉദാത്തമായ പാഠം; ഇവിടെയാണ് ഇന്ന് ഓരോ മുസ്ലിമും ആത്മപരിശോധന നടത്തേണ്ടതിന്റെ പ്രസക്തി.

അനാവശ്യമായി യുദ്ധത്തടവുകാരെ സൂക്ഷിക്കരുതെന്നും നിരുപാധികം വിട്ടയക്കലയാണ് ഉത്തമമെന്നും നബി(സ) പഠിപ്പിച്ചു. അന്നത്തെ മുസ്ലിംകളുടെ നിസ്സഹായാവസ്ഥ കാരണം സമ്പന്നരിൽനിന്നും മോചനദ്രവ്യം വാങ്ങിയും വിദ്യാസമ്പന്നരോടു നിരക്ഷരരെ പഠിപ്പിക്കാൻ കരാറാക്കിയും തടവുകാരെ വിട്ടയച്ചിരുന്നു.കോൺസൺട്രേഷൻ ക്യാമ്പുകളും ഗ്വാണ്ടനാമോകളുമൊരുക്കി ജനാധിപത്യത്തിന്റെ കാവൽക്കാർ ചമയുന്നവരാണ് ഇസ്ലാമിലെ ഈ മഹത്തരമായ അധ്യാപനത്തെ ഭീകരമായി ചിത്രീകരിക്കുന്നതെന്ന് ഓർക്കുക!. അറേബ്യയുടെ അമരക്കാരനായി മാറിയപ്പോഴും നിരന്തരം തന്നെ ദ്രോഹിച്ചുകൊണ്ടിരുന്ന -പ്രിയപുത്രിയുടെ മരണത്തിനുത്തരവാദിയായ കൊടിയ ശത്രുവിനു പോലും നിരുപാധികംമാപ്പു നൽകി വിട്ടയച്ച മഹാമനസ്കത മറ്റെവിടെയാണ് കാണാൻ കഴിയുക?

തൗസീഹെ മറാം-8

# സൂര്യനെപ്പോലെ ജിബ്‌രീലീപ്രകാശം

## ലോകം മുഴുവൻ വ്യാപിച്ചു നില്ക്കുന്നു

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഇ**വിടെ ഈയൊരു കാര്യം വിവരിക്കേണ്ടത് നിർബന്ധമാണ്. അതായത് കാരണകർത്താവ് അഥവാ ആദികാരണക്കാരനാണ് അല്ലാഹു. സകല വസ്തുക്കളുടേയും പരമ്പര അവനുമായി ബന്ധപ്പെട്ടിരിക്കുന്നു. രക്ഷാപരമായോ ശിക്ഷാപരമായോ ഒരു കാര്യം സൃഷ്ടിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രവർത്തനം നടത്തുമ്പോൾ അത് തികവുറ്റതും പരിപൂർണവുമാകണമെങ്കിൽ ലോകത്തുള്ള മുഴുവൻ സൃഷ്ടികളുടേയും പ്രവർത്തനം അനിവാര്യമാക്കുന്നു. ഭാഗികമായിട്ടുള്ള പ്രവർത്തനമാണുണ്ടാകേണ്ടതെങ്കിൽഅതിനനുസരിച്ച് ലോകത്തിന്റെ ചില ഭാഗങ്ങളിൽ ചലനമുണ്ടാക്കുന്നു. യാഥാർഥ്യമെന്താണെന്നുവച്ചാൽ, പ്രതാപവാനായ അല്ലാഹുവുമായിട്ട് അവന്റെ മുഴുവൻ സൃഷ്ടികളുടേയും മുഴുവൻ പ്രപഞ്ചങ്ങളുടേയും ബന്ധം ശരീരത്തിന് ജീവനുമായിട്ടുള്ളതുപോലെയാണ്. ശരീരത്തിന്റെ സകല അവയവങ്ങളും ആത്മാവിന്റെ ഉദ്ദേശ്യങ്ങൾക്കു വിധേയമായിരിക്കും. എങ്ങോട്ടാണോ ആത്മാവ് കുനിയുന്നത് അങ്ങോട്ട് അതും കുനിയുന്നു. ഈ ബന്ധമാണ് അല്ലാഹുവിലും അവന്റെ സൃഷ്ടികളിലും കാണപ്പെടുന്നത്. അല്ലാഹുവിനെ സംബന്ധിച്ച് **ഖലഖൽ അശ്‌യാഅ വ ഹുവ അയ്‌നുഹാ** എന്ന് ഇബ്നു അറബി പറഞ്ഞതുപോലെ ഞാൻ പറയുന്നില്ല. എന്നാൽ,**ഖലഖൽ അശ്‌യാഅ വ ഹുവ കഅയ്നിഹാ** എന്ന് തീർച്ചയായും ഞാൻ പറയും. **ഹാദൽ ആലമു കസ്വർഹിൻ മുമർറദിൻ മിൻ ഖവാരീറിൻ വ മാഉ ത്ത്വാഖത്തിൽ ഉല്മാ യജ്‌രീ തഹ്തഹാ വയഫ്അലു മാ യുരീദു യുഖയ്യലു ഫീ അയൂനിൻ ഖാസ്വിറത്തിൻ കഅന്നഹാ ഹുവ യഹ്സിബൂനശ്ശംസ വൽഖമറ വന്നുജൂമ മുഅഥ്ഥിറാത്തിൻ ബിദാത്തിഹാ വലാ മുഅ്ഥിറുൻ ഇല്ലാ ഹുവ** *(അല്ലാഹുവിനെ സംബന്ധിച്ച് 'അവൻ വസ്തുക്കളെ സൃഷ്ടിച്ചു, അവൻ അതുതന്നെയാണ്' എന്ന് ഇബ്നു അറബി പറഞ്ഞതുപോലെ ഞാൻ പറയുന്നില്ല. എന്നാൽ, 'അവൻ വസ്തുക്കളെ സൃഷ്ടിച്ചു, അവൻ അതുപോലെതന്നെയാണ്' എന്ന് ഞാൻ തീർച്ചയായും പറയും. ഈ പ്രപഞ്ചം മിനുസമുള്ള സ്ഫടികംകൊണ്ടു നിർമിച്ച കൊട്ടാരം പോലെയാണ്. അതിന്റെ താഴെ ശക്തമായ ജലപ്രവാഹവുമുണ്ട്.അവനുദ്ദേശിക്കുന്നതു അവൻ ചെയ്യുന്നു. പക്വമാകാത്ത കണ്ണുകൾ അവനെ സംബന്ധിച്ച് വിചാരിക്കുന്നത് അവൻ അതുതന്നെയാണെന്നാണ്. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും സംബന്ധിച്ച് അവർ ധരിക്കുന്നത് അവ നേരിട്ടു സ്വാധീനം ചെലുത്തുന്നുവെന്നാണ്. അല്ലാഹുവിനെക്കൂടാതെ നേരിട്ടു സ്വാധീനം ചെലുത്തുന്നവരായി ആരുമില്ലെന്നതാണ് വാസ്തവം.- വിവ:)*

എല്ലാ വസ്തുക്കളോടും കൂടിയ ഈ മുഴുവൻ പ്രപഞ്ചവും ആ ആദികാരണന്റെ പ്രവർത്തനവും ഉദ്ദേശ്യവും നടപ്പിൽ വരുത്തുന്നതിനുവേണ്ടി യഥാർഥത്തിൽ സ്വയം നിലകൊള്ളുന്ന അവയവങ്ങളെപ്പോലെയാണെന്ന രഹസ്യം യുക്തിജ്ഞനായ അല്ലാഹു എനിക്കു വ്യക്തമാക്കിത്തന്നിരിക്കുന്നു. എന്നല്ല എപ്പോഴും ആ മഹോന്നതമായ ആത്മാവിൽനിന്ന് ശക്തിയാർജിക്കുകയും ചെയ്യുന്നു. ശരീരത്തിന് മുഴുവൻ ശക്തിയും ജീവന്റെ ഇടപെടൽ മുഖേന ഉണ്ടാകുന്നതുപോലെ തന്നെ. ഈ പ്രപഞ്ചം മഹോന്നതമായ ആ സത്തയുടെ പകരക്കാരനായ അവയവങ്ങളുടെ സ്ഥാനത്താണുള്ളത്. ചില വസ്തുക്കൾ അതിലുണ്ട്. അതു അവന്റെ മുഖത്തിന്റെ പ്രകാശമാണ്. അത് ബാഹ്യമോ ആന്തരികമോ ആയ നിലയിൽ അവന്റെ തീരുമാനമനുസരിച്ച് പ്രകാശമായി പ്രയോജനപ്പെടുന്നു. ചില വസ്തുക്കൾ അവന്റെ കൈകൾ പോലെയാണ്. ചിലതു അവന്റെ കാലുകൾ പോലെയാണ്. ചിലതു അവന്റെ ശ്വാസം പോലെയാണ്. ചുരുക്കംപറഞ്ഞാൽ ഈ പ്രപഞ്ചസമുച്ചയം അല്ലാഹുവിനായിക്കൊണ്ടു ഒരു ശരീരമെന്നനിലയിൽ നില്ക്കുന്നു. ആ ശരീരത്തിന്റെ എല്ലാ തണുപ്പും ചൂടും അതിന്റെ മുഴുജീവിതവും എല്ലാത്തിനേയും നിലനിറുത്തുന്നവനായ ആ മഹോന്നതമായ ആത്മാവിൽ നിന്നുള്ളതാണ്. എല്ലാത്തിനേയും നിലനിറുത്തുന്നവനായ ആ മഹാ സത്ത എന്താണോ ഉദ്ദേശിക്കുന്നത് അതു ആ ശരീരത്തിന്റെ മുഴുവൻ അവയവങ്ങളിലോ ചിലതിലോ അവൻ ആഗ്രഹിക്കുന്നതുപോലെ ഉണ്ടാകുന്നു.

മുകളിൽ പറഞ്ഞ കാര്യങ്ങൾ ചിത്രീകരണത്തിലൂടെ മനസ്സിലാക്കാൻ ഭാവനാത്മകമായി നമുക്കു ഇങ്ങനെ സങ്കല്പിക്കാവുന്നതാണ്: പ്രപഞ്ചത്തെ നിലനിറുത്തുന്നവൻ നിരവധി കൈകളും കാലുകളുമുള്ള മഹത്തായൊരു സത്തയാണ്. ഓരോ അവയവവും അസംഖ്യവും അറ്റമില്ലാത്ത വീതിയും നീളവും ഉൾക്കൊള്ളുന്നതുമാണ്. ചിലന്തിയെപ്പോലെ ആ മഹോന്നതമായ സത്തയ്ക്കു വലകളുമുണ്ട്. അതു ഭൂതലത്തിന്റെ എല്ലാ അറ്റങ്ങൾവരേയും വിരിച്ചിരിക്കുകയും ആകർഷിച്ചു നിറുത്തുക എന്ന കൃത്യം നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അവയവത്തിനു മറ്റു വാക്കുകളിൽ പറയുന്ന പേരാണ് പ്രപഞ്ചം എന്നത്. പ്രപഞ്ചത്തെ നിലനിറുത്തുന്നവൻ ഭാഗികമായോ സമ്പൂർണമായോ എന്തെങ്കിലും പ്രവൃത്തി ചെയ്യുമ്പോൾ അവന്റെ പ്രവർത്തനത്തോടൊപ്പം അവന്റെ അവയവങ്ങളിൽ ചലനമുണ്ടാകുക എന്നത് സ്വാഭാവികമാണ്. അവൻ തന്റെ എല്ലാ ഉദ്ദേശ്യവും ഇതേ അവയവങ്ങൾ മുഖേന പ്രത്യക്ഷമാക്കിക്കൊണ്ടുവരും; മറ്റു രീതിയിലല്ല. സൃഷ്ടികളുടെ ഓരോ ഭാഗവും അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങൾക്കു വിധേയവും അവന്റെ രഹസ്യമായ ഉദ്ദേശ്യങ്ങളെ തങ്ങളുടെ സേവനാപരമായ മുഖ

ത്ത് പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും സമ്പൂർണമായ അനുസരണംകൊണ്ടു അവന്റെ ഉദ്ദേശ്യങ്ങളുടെ വഴിയിൽ മുഴുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് പറയപ്പെട്ടിരിക്കുന്ന ആത്മീയ കാര്യത്തെ സംബന്ധിച്ച് സാധാരണക്കാരന് മനസ്സിലാക്കാനുള്ള ഉദാഹരണമാണിത്. ഈ അനുസരണം ഒരിക്കലും ഭരണമേൽക്കോയ്മയുടേയോ ബലാൽക്കാരത്തിന്റേയോ ഫലമല്ല. മറിച്ച്, ഓരോ വസ്തുവിനും അല്ലാഹുവിൽനിന്നുള്ള ഒരു കാന്തിക ആകർഷണ ശക്തിയുള്ളതായി കാണാം. ഒരു അസ്തിത്വത്തിന്റെ വിവിധ അവയവങ്ങൾ ആ അസ്തിത്വത്തിന് നമ്രമായിരിക്കുന്നതുപോലെ എല്ലാ ഓരോ കണികയും സ്വാഭാവികമായും അവന് കുനിഞ്ഞിട്ടുള്ളതായി മനസ്സിലാകുന്നു. അതുകൊണ്ടു മുഴുവൻ പ്രപഞ്ചവും ആ മഹോന്നതമായ സത്തയുടെ അവയവങ്ങളായിട്ടു നിലകൊളളുന്നു എന്നതു തന്നെയാണ് സത്യം; തികച്ചും സത്യം. ഇക്കാരണത്താൽ അവൻ ഖയ്യൂമുൽ ആലമീൻ -പ്രപഞ്ചങ്ങളെ നിലനിറുത്തുന്നവൻ- എന്നു പറയപ്പെടുന്നു. കാരണം ജീവൻ അതിന്റെ ശരീരത്തിനു ഖയ്യൂം (നിലനിറുത്തുന്നവൻ) ആണെന്നതു പോലെ അവൻ മുഴു സൃഷ്ടികളുടേയും ഖയ്യൂമാണ്. അങ്ങനെ അല്ലായിരുന്നെങ്കിൽ പ്രപഞ്ചവ്യവസ്ഥിതി തികച്ചും തകർന്നു പോകുമായിരുന്നു.

ബാഹ്യമായിട്ടുളളതാണെങ്കിലും ആന്തരികമായിട്ടുളളതാണെങ്കിലും ആത്മീയമാണെങ്കിലും ഭൗതികമാണെങ്കിലും ആ ഖയ്യൂമിന്റെ എല്ലാ ഓരോ ഉദ്ദേശ്യവും ഇതേ സൃഷ്ടികളുടെ മധ്യവർത്തത്തിലൂടെയാണ് വെളിപ്പെടുന്നത്. ഈ മധ്യവർത്തത്തിലൂടെയല്ലാതെ അവന്റെ ഒരുദ്ദേശ്യവും ഭൂമിയിൽ വെളിപ്പെടുകയില്ല.പണ്ടുപണ്ടേയുള്ള നിയതിനിയമമാണിത്. അതു തുടക്കം മുതലേ പരസ്പരപൂരകമായി നടന്നു വരുന്നു. കാർമേഘങ്ങൾ മുഖേന ഭൂമിയിൽ പതിക്കുന്ന മഴയ്ക്ക് നീരാവിയുടെ മധ്യവർത്തിത്വം അനിവാര്യമായി മനസ്സിലാക്കുകയും കാർമേഘമില്ലാതെ മഴ സ്വയം പെയ്യുകയില്ലെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ആളുകൾ, പരിശുദ്ധ മനസ്സുകളിൽ പെയ്തിറങ്ങുന്ന വെളിപാടിന്റെ മഴയ്ക്കായി ധർമശാസ്ത്രപരമായി നിർബന്ധമായിട്ടുള്ള മലക്കുകളുടെ മധ്യവർത്തത്തെ അജ്ഞതയുടെ കണ്ണുകൊണ്ട് പരിഹസിക്കുകയും അല്ലാഹുവിന് മലക്കുകളുടെ മധ്യവർത്തിത്വം കൂടാതെ സ്വയം വെളിപാടിറക്കാൻ കഴിവില്ലേ എന്ന് ചോദിക്കുകയും ചെയ്യുന്നവരുടെ ബുദ്ധിയിൽ ഞാൻ അദ്ഭുതപ്പെടുന്നു. വായുവിന്റെ മധ്യവർത്തിത്വം കൂടാതെ ശബ്ദം കേൾക്കുക എന്നത് പ്രകൃതി നിയമത്തിനു വിരുദ്ധമാണെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ, ആത്മീയമായ നിലയിൽ അല്ലാഹുവിന്റെ ശബ്ദത്തെ വെളിപാടിറങ്ങുന്നവരുടെ മനസ്സിൽവരെ എത്തിക്കുന്ന ആ വായുവിനെപ്പറ്റി, ആ പ്രകൃതി നിയമത്തെപ്പറ്റി ഇവർ അശ്രദ്ധരാണ്. കണ്ണിന്റെ കാഴ്ചയ്ക്കു പ്രകാശം ആവശ്യമാണെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ, ആത്മീയമായ കണ്ണുകൾക്കു ഏതെങ്കിലും ആത്മീയപ്രകാശത്തിന്റെ ആവശ്യമുണ്ടെന്ന കാര്യത്തിൽ വിശ്വസിക്കുന്നില്ല.

ഈ പ്രപഞ്ചം അതിന്റെ ബാഹ്യവും ആന്തരികവുമായ എല്ലാ കഴിവുകളോടുമൊപ്പം അല്ലാഹുവിന്റെ അവയവങ്ങൾ എന്ന നിലയിൽ നിലകൊള്ളുന്നു, ഓരോ വസ്തുവും അതാതിന്റെ സ്ഥാനത്തും അവസരത്തിലും അവയവങ്ങളുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു, അവന്റെ ഓരോ ഉദ്ദേശ്യവും ആ അവയവങ്ങളിലൂടെ വെളിച്ചത്തു വരുന്നു, ആ മധ്യവർത്തികൾ കൂടാതെ ഒരുദ്ദേശ്യവും വെളിച്ചത്തു വരികയില്ല തുടങ്ങിയ ദൈവനിയമങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇനി അറിഞ്ഞിരിക്കേണ്ടത് പരിശുദ്ധ മനസ്സുകളിൽ ഇറങ്ങുന്ന അല്ലാഹുവിന്റെ വെളിപാടും ജിബ്രീലുമായിട്ടുള്ള ബന്ധവുമാണ്. അതു ഇസ്‌ലാമിക കർമശാസ്ത്രത്തിൽ ഒരു അനിവാര്യ കാര്യമായി മനസ്സിലാക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുളളതാണ്. ഈ ബന്ധവും ഞാനിപ്പോൾ പറഞ്ഞു കഴിഞ്ഞ തത്ത്വത്തിലധിഷ്ഠിതമാണ്. അതിന്റെ വിശദീകരണം ഇങ്ങനെയാണ്. മുകളിൽ പറയപ്പെട്ട പ്രകൃതി നിയമമനുസരിച്ച് വെളിപാടിറക്കുന്നതിനും വെളിപാട് സ്വീകരിക്കുന്നതിനുള്ള കഴിവ് നല്കുന്നതിനും വേണ്ടി, അല്ലാഹുവിന്റെ വെളിപാടുപരവും ആദ്ധ്യാത്മികവുമായ ഉദ്ദേശ്യം വെളിപ്പെടുത്താൻ ഒരു അവയവമായി സേവനമനുഷ്ഠിക്കുന്നതിന് ഭൗതികമായ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ളതുപോലെ ഒരു സൃഷ്ടി ഉണ്ടാവേണ്ടതാണ്. അതു അതേ അവയവം തന്നെയാണ്. അതിനെ മറ്റു വാക്കുകളിൽ ജിബ്രീൽ എന്നു വിളിക്കുന്നു. അതു ആ മഹോന്നതമായ സത്തയുടെ ആഹ്വാനത്തെ പൂർണ അനുസരണത്തോടെ യഥാർഥ അവയവമെന്നപോലെ ക്ഷണത്തിൽ നടപ്പിൽ വരുത്തുന്നു. അതായത് അല്ലാഹു തന്നെ സ്നേഹിക്കുന്നവനിലേക്ക് സ്നേഹപൂർവം മടങ്ങുന്നതോടുകൂടി മുകളിൽ ഇപ്പോൾ വിവരിച്ചു കഴിഞ്ഞ നിയമമനുസരിച്ച് ജിബ്രീലിനും -അദ്ദേഹം വായു പോലെയോ കണ്ണിന്റെ പ്രകാശംപോലെയോ അല്ലാഹുവുമായി ബന്ധപ്പെട്ടയാളായാണ്- അതിനോടൊപ്പം പ്രവർത്തിക്കേണ്ടതായി വരുന്നു. അല്ലെങ്കിൽ അതിങ്ങനെ പറയാം. അല്ലാഹുവിന്റെ അനക്കത്തോടൊപ്പംതന്നെ ജിബ്രീലും അനിയന്ത്രിതവും സ്വന്തമായ ഉദ്ദേശ്യമൊന്നും കൂടാതെയും അതേപോലെ അനങ്ങാൻ തുടങ്ങുന്നു. മൂലവസ്തുവിന്റെ ചലനത്തോടൊപ്പം നിഴലിനും നിർബന്ധമായും ചലിക്കേണ്ടി വരുന്നുവെന്നത് സ്വാഭാവികമാണ്. അല്ലാഹുവിന്റെ ആകർഷണവും ആഹ്വാനവും പ്രകാശത്തിന്റെ ഊത്തും കൊണ്ട് ജിബ്രീലിന്റെ പ്രകാശം ചലിക്കാൻ തുടങ്ങുമ്പോൾ പെട്ടെന്ന് അതിന്റെ ഒരു ഛായാചിത്രം -അതിനെ റൂഹുൽഖുദുസ്, പരിശുദ്ധാത്മാവ് എന്നു തന്നെയാണ് വിളിക്കേണ്ടത്- സത്യവാനായ സ്നേഹിതന്റെ മനസ്സിൽ വരയ്ക്കപ്പെടുന്നു. അവന്റെ സത്യസന്ധമായ സ്നേഹത്തിന്റെ ഒരു വിശേഷം അനുപേക്ഷണീയമായി നിലനില്ക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ ശബ്ദം ശ്രവിക്കാൻ പ്രസ്തുത ശക്തി ചെവിയുടെ ഫലം പ്രദാനം ചെയ്യുന്നു. അവന്റെ അദ്ഭുതങ്ങൾ ദർശിക്കുന്നതിനായി കണ്ണുകളുടെ പ്രതിനിധിയായിത്തീരുന്നു. അവന്റെ വെളിപാടുകൾ നാവിലൂടെ പുറത്തു വരുന്നതിന് ഒരു ചാലകശക്തിയായി പ്രയോജനപ്പെടുന്നു. അതു ശക്തിയോടുകൂടി നാവിനെ വെളിപാടുപരമായ രേഖയിലൂടെ നടത്തുന്നു. ഈ ശക്തി ഉണ്ടാകാത്തിടത്തോളം മനുഷ്യന്റെ മനസ്സ് അന്ധനെപ്പോലെയായിരിക്കും. നാവ്, എഞ്ചിനിൽനിന്ന് വേർപ്പെട്ടു കിടക്കുന്ന ബോഗികൾ പോലെയായിരിക്കും. പക്ഷേ, ഓർക്കുക! റൂഹുൽഖുദുസ് എന്ന പേരിൽ അറിയപ്പെടുന്ന ഈ ശക്തി ഓരോ മനസ്സിലും ഒരേ രീതിയിലോ സമമായിട്ടോ അല്ല ഉണ്ടാകുന്നത്. പൂർണവും അപൂർണവുമായ മനുഷ്യന്റെ സ്നേഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഉണ്ടാകുന്നത്. ആ അളവനുസരിച്ച് ജിബ്രീലിന്റെ പ്രകാശം അവന്റെമേൽ സ്വാധീനം ചെലുത്തുന്നു.

ഇക്കാര്യം കൂടി ഓർമവയ്ക്കേണ്ടതുണ്ട്. ഇരു സ്നേഹങ്ങളും ഒത്തുചേരുന്നതിനാൽ മനുഷ്യമനസ്സിൽ ജിബ്രീലിന്റെ പ്രകാശത്തിന്റെ പ്രതിച്ഛായയാൽ ഉണ്ടാകുന്ന ഈ റൂഹുൽഖുദുസിന്റെ ശക്തി കൊണ്ട് മനുഷ്യൻ എപ്പോഴും അല്ലാഹുവിന്റെ പരിശുദ്ധ വചനങ്ങൾ കേട്ടുകൊണ്ടിരിക്കണമെന്നോ ദർശനപരമായി എന്തെങ്കിലും കണ്ടുകൊണ്ടിരിക്കണമെന്നോ നിർബന്ധമില്ല. ഇതു ദൈവികപ്രകാശം സിദ്ധിക്കുന്നതിന്, അടുത്ത വഴി

കൾ പോലെയാണ്. അല്ലെങ്കിൽ ഇങ്ങനെ പറയാം, ഇതു ആത്മീയ കണ്ണുകൾക്കു കാണാൻവേണ്ടി അല്ലാഹുവിൽനിന്നുള്ള ആത്മീയപ്രകാശമോ ആത്മീയ ചെവികൾവരെ ശബ്ദം എത്തിക്കുന്നതിനുള്ള ആത്മീയ വായുവോ ആണ്.

ഒരു വസ്തു മുമ്പിലില്ലെങ്കിൽ, വെറും വെളിച്ചം ഒന്നിനേയും കാണിക്കുകയില്ലെന്നത് വ്യക്തമാണ്. സംസാരിക്കുന്നവന്റെ വായിൽനിന്ന് ഒന്നും പുറത്തു വരുന്നില്ലെങ്കിൽ വെറും വായുവിന് ചെവികൾവരെ ഒരു വാർത്തയും എത്തിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഈ വെളിച്ചമോ വായുവോ ആത്മീയമായ ഇന്ദ്രിയങ്ങൾക്ക് ദൈവികമായൊരു പിന്താങ്ങ് നല്കുന്നു. ബാഹ്യമായ കണ്ണുകൾക്കു സൂര്യപ്രകാശവും ബാഹ്യമായ ചെവികൾക്കു വായുവിന്റെ ബന്ധവും നിശ്ചയിക്കപ്പെട്ടിരിക്കുന്നതുപോലെ അല്ലാഹുവിന്റെ ഉദ്ദേശ്യം അവനിലേക്കു ശ്രദ്ധിക്കുമ്പോൾ, അതായത് തന്റെ വചനം തന്റെ ഏതെങ്കിലും ദൈവപ്രബുദ്ധന്റെ മനസ്സിലെത്തിക്കാനുദ്ദേശിക്കുമ്പോൾ അവന്റെ ആ സംസാര ചലനത്താൽ ഉടനെ ജിബ്രീലീപ്രകാശത്തിൽ, മനസ്സിൽ വെളിപാടിടുന്നതിനായി ഒരു പ്രകാശത്തിന്റെ തിരമാലയോ വായുവിന്റെ തിരമാലയോ ദൈവപ്രബുദ്ധന്റെ നാവിനെ ചലിപ്പിക്കുന്നതിനായി ആവേശത്തിന്റെ തിരമാലയോ ഉണ്ടാകുന്നു. തിരമാലയുടെ ആ അലതല്ലലിൽ അല്ലെങ്കിൽ ആവേശത്തള്ളിച്ചയിൽ താമസംവിനാ ആ വചനം ദൈവപ്രബുദ്ധന്റെ കൺമുമ്പിൽ എഴുതപ്പെട്ടിരിക്കുന്നതായി കാണിച്ചു കൊടുക്കുന്നു. അല്ലെങ്കിൽ ചെവികൾവരെ അവന്റെ ശബ്ദം എത്തുന്നു. അല്ലെങ്കിൽ നാവിൽ ആ വെളിപാടുപരമായ വാക്കുകൾ ഉണ്ടാകുന്നു. വെളിപാടിറങ്ങുന്നതിനുമുമ്പേ ഒരു ശക്തിപോലെ ആത്മീയമായ ഇന്ദ്രിയങ്ങളും ആത്മീയമായ വെളിച്ചവും ലഭിക്കുന്നു. ഈ ഇരു ശക്തികളും നല്കപ്പെടുന്നത്, വെളിപാടിറങ്ങുന്നതിനുമുമ്പേ അതു സ്വീകരിക്കുന്നതിനുള്ള ത്രാണി ഉണ്ടാകുന്നതിനാണ്. ദൈവപ്രബുദ്ധന്റെ മനസ്സ് ആത്മീയമായ ഇന്ദ്രിയങ്ങളില്ലാത്തതോ പരിശുദ്ധാത്മാവിന്റെ വെളിച്ചം ഹൃദയകണ്ണാടിക്ക് എത്തിയിട്ടില്ലാത്തതോ ആണെങ്കിൽ അവന് ദൈവവെളിപാട് ഏതു കണ്ണുകളുടെ പരിശുദ്ധപ്രകാശത്താലാണ് കാണാൻ കഴിയുക? ഈ ആവശ്യം കൊണ്ടാണ് ഇവ രണ്ടും ദൈവപ്രബുദ്ധന് ആദ്യമേ തന്നെ നല്കപ്പെടുന്നത്. ഈ ഗവേഷണത്തിൽനിന്ന് വെളിപാടിനെ സംബന്ധിച്ച് ജിബ്രീലിന് മൂന്നു ജോലികളുണ്ടെന്ന കാര്യവും വായനക്കാർ മനസ്സിലാക്കുന്നതാണ്

ഒന്ന് മനുഷ്യകർമത്തിന് ഒരു കൈകടത്തലുമില്ലാതെ ഏതൊരുവന്റെ പ്രകൃതിയെയാണോ പ്രതാപവാനായ അല്ലാഹു തന്റെ പരമകാരുണികതയുടെ തേട്ടം ഒന്നുകൊണ്ടുമാത്രം വെളിപാടു സ്വീകരിക്കാൻതക്ക പ്രകൃതി ഉണ്ടാക്കാൻ ആഗ്രഹിക്കുന്നത്, അവനിൽ ഗർഭപാത്രത്തിൽ ബീജമായിരിക്കുന്ന അവസ്ഥയിൽതന്നെ ജിബ്രീലീ പ്രകാശത്തിന്റെ നിഴൽ ഇടുന്നു. അപ്പോൾ അത്തരം വ്യക്തിയുടെ പ്രകൃതിയിൽ അല്ലാഹു വെളിപാടുപരമായ സവിശേഷതകൾ സൃഷ്ടിക്കുകയും അതു സ്വീകരിക്കാനുള്ള ഇന്ദ്രിയം അവനു ലഭിക്കുകയും ചെയ്യുന്നു.

ജിബ്രീലിന്റെ രണ്ടാമത്തെ പ്രവൃത്തി, മനുഷ്യന്റെ സ്നേഹം അല്ലാഹുവിന്റെ സ്നേഹത്തിന്റെ നിഴലിൽ വന്നു പതിക്കുമ്പോൾ അല്ലാഹുവിന്റെ ശിക്ഷണപരമായ പ്രവർത്തനം കാരണത്താൽ ജിബ് രീലീ പ്രകാശത്തിലും ഒരു പ്രവർത്തനമുണ്ടായി സത്യവാനായ സ്നേഹിതന്റെ മനസ്സിൽ ആ പ്രകാശം ചെന്നു പതിക്കുന്നു. അതായത് ആ പ്രകാശത്തിന്റെ പ്രതിബിംബം സത്യവാനായ സ്നേഹിതന്റെ മനസ്സിൽ പതിച്ച് ജിബ്രീലിന്റെ ഒരു ഛായാചിത്രം അവനിൽ ഉണ്ടാകുന്നു. അത് ഒരു വെളിച്ചമായോ വായുവായോ ചൂടായോ പ്രയോജനപ്പെടുന്നു. വെളിപാടിന്റെ നൈപുണ്യമെന്ന നിലയിൽ ദൈവപ്രബുദ്ധന്റെ ഉള്ളിലിരിക്കുന്നു. അതിന്റെ ഒരറ്റം ജിബ്രീലിന്റെ പ്രകാശത്തിൽ മുങ്ങിപ്പോകുന്നു. മറ്റേഅറ്റം ദൈവപ്രബുദ്ധന്റെ മനസ്സിനുള്ളിൽ പ്രവേശിക്കുന്നു. ഇതിനെ മറ്റു വാക്കുകളിൽ റൂഹുൽഖുദുസ് -പരിശുദ്ധാത്മാവ് അല്ലെങ്കിൽ അതിന്റെ ഛായാചിത്രം എന്നു പറയാവുന്നതാണ്.

ജിബ്രീലിന്റെ മൂന്നാമത്തെ പ്രവൃത്തി അല്ലാഹുവിൽനിന്ന് ഏതെങ്കിലും വചനമിറങ്ങുമ്പോൾ കാറ്റുപോലെ അലയടിച്ചു വന്ന് ആ വചനത്തെ മനസ്സിന്റെ ചെവികൾവരെ എത്തിക്കുക എന്നതാണ്. അല്ലെങ്കിൽ വെളിച്ചത്തിന്റെ വർണത്തിൽ വിളങ്ങി അതിനെ കൺമുമ്പിൽ കൊണ്ടുവരുന്നു. അല്ലെങ്കിൽ ചലനത്തിന്റെ ആവേശത്തള്ളിച്ചയുടെ വർണത്തിൽ, വേഗം സൃഷ്ടിച്ച് നാവിനെ വെളിപാടിന്റെ വാക്കുകളിലേക്കു ചലിപ്പിക്കുന്നു.

ഔലിയാക്കന്മാരുടേയും പ്രവാചകന്മാരുടേയും വെളിപാടുകൾക്കും ജാഗ്രദർശനങ്ങൾക്കും മറ്റുള്ളവരെ അപേക്ഷിച്ച് എന്തു പ്രത്യേകതയാണുള്ളതെന്ന് ചോദിച്ച് സംശയങ്ങളിലും സന്ദേഹങ്ങളിലും അകപ്പെട്ടു കഴിയുന്നവരുടെ തെറ്റായധാരണകളും ഞാനിവിടെ അകറ്റാൻ ആഗ്രഹിക്കുകയാണ്. കാരണം നബിമാർക്കും വലിയ്യുമാർക്കും അദൃശ്യകാര്യങ്ങൾ വെളിവാക്കപ്പെടുന്നുവെങ്കിൽ, മറ്റുള്ളവർക്കും ഇടയ്ക്കൊക്കെ വെളിവാക്കപ്പെടുന്നുണ്ടല്ലോ? എന്നല്ല, ചില ആജ്ഞാലംഘകർക്കും അങ്ങേയറ്റം വൃത്തികെട്ടവർക്കുംകൂടി സത്യമായ സ്വപ്നങ്ങളുണ്ടാകുന്നു! എന്നുമാത്രമല്ല ഏറ്റവും തരംതാണ ദുർവൃത്തരും ദ്രോഹികളും പോലും തങ്ങൾ കണ്ട ദർശനങ്ങൾ വിവരിക്കുകയും അത് അതേപടി പുലരുകയും ചെയ്യുന്നു. തങ്ങളെ നബിയെന്നോ മറ്റേതെങ്കിലും ആത്മീയപദവി സിദ്ധിച്ചവരെന്നോ പറയുന്നവരോടൊപ്പം ദുർനടപ്പുകാരനും ഇവിടെ പങ്കാളിയാണ്. അവരാകട്ടെ ദുർനടപ്പിലും ദുർവൃത്തിയിലും മുഴുകിയവരും അതിൽ കുപ്രസിദ്ധി നേടിയവരുമാണ്. അങ്ങനെ വരുമ്പോൾ നബിമാർക്കും വലിയ്യുമാർക്കും എന്തു മേന്മയാണു അവശേഷിക്കുന്നത്? ഇതിനു ഞാൻ മറുപടി പറഞ്ഞുകൊള്ളട്ടെ. യഥാർഥത്തിൽ ഈ ചോദ്യം അതിന്റെ തനതായ സ്ഥിതിനോക്കുമ്പോൾ കുറ്റമറ്റതും ശരിയായിട്ടുള്ളതുമാണ്. ജിബ്രീലീ പ്രകാശത്തിന്റെ നൂറിൽ നാല്പതു ഭാഗം ലോകം മുഴുവൻ വ്യാപിച്ചു നില്ക്കുന്നുണ്ട്. ആജ്ഞാലംഘകനും കുറ്റവാളിയും അങ്ങേയറ്റം തരംതാണ ദുർവൃത്തനും ഒന്നും അതിനു വെളിയിലല്ല. എന്നല്ല, വീടുംകൂടുമില്ലാതെ അവിടേയുംഇവിടേയും ചുറ്റിക്കറങ്ങി ജീവിക്കുന്ന കഞ്ചരീ സംഘത്തിൽപ്പെട്ട സ്ത്രീ -അവളുടെ യുവത്വം മുഴുവൻ ദുർവൃത്തിയിലാണ് കഴിഞ്ഞിട്ടുള്ളത്-ഇടയ്ക്കിടെ നല്ല സ്വപ്നങ്ങൾ കാണാറുണ്ടെന്നത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള സ്ത്രീ ചിലപ്പോൾ കാമുകനുമൊത്ത് കിടക്കപങ്കിടുമ്പോൾപോലും എന്തെങ്കിലും സ്വപ്നം കാണുകയും അതു സത്യമായി പുലരുകയും ചെയ്യുന്നു എന്നതാണ് അദ്ഭുതം. എന്നാൽ, ഓർമിച്ചുകൊള്ളുവിൻ! അതങ്ങനെതന്നെയാണ് ഉണ്ടാകേണ്ടിയിരുന്നത്. കാരണം ഹെഡ്കോർട്ടേഴ്സായ സൂര്യനെപ്പോലെ ജിബ്രീലീ പ്രകാശം ലോകം മുഴുവൻ അതിന്റെ കഴിവനുസരിച്ച് സ്വാധീനം ചെലുത്തുന്നു. നിർമലമായ ദേശസ്നേഹവും പ്രേമപാത്രത്തോടുള്ള സ്നേഹവും തെല്ലെങ്കിലുമില്ലാത്ത പൂർണമായും ഇരുട്ടായിട്ടുള്ള ഒരൊറ്റ മനുഷ്യനും ലോകത്തില്ല. വളരെ താഴ്ന്ന പ്രകൃതിയിലും അതുണ്ടാകും. ഈ രീതിയിൽ നോക്കുമ്പോൾ മുഴുവൻ ആദം സന്തതികളുടെമേലും ദൈവലഹരി പിടിച്ച അവരിലെ ഉന്മത്തരായവരുടെ മേലും അല്പമൊക്കെ ജിബ്രീലിന്റെ

സ്വാധീനമുണ്ടാകേണ്ടത് നിർബന്ധമായിരുന്നു; യഥാർഥത്തിൽ ഉണ്ടാകുന്നുമുണ്ട്. സാധാരണക്കാർ മജ്ദൂബ് എന്നു പറയുന്ന ദൈവലഹരിയിൽ ഉന്മത്തരായവരും, ചില അവസ്ഥകളിൽ ഭൗതികതയുമായി ഒരു തരത്തിൽ അവർ ബന്ധം വിച്ഛേദിക്കുന്നതിനാൽ ജിബ്‌രീലീ പ്രകാശത്തിന്റെ കീഴെ വന്നു വീഴുന്നു. അവരുടെ ആഭ്യന്തരമായ കണ്ണുകളിൽ ആ പ്രകാശത്തിന്റ വെളിച്ചം അല്പമൊക്കെ വന്നു പതിയുന്നു. അതുമുഖേന അല്ലാഹുവിന്റെ മറഞ്ഞിരിക്കുന്ന നിയന്ത്രണങ്ങൾ കുറച്ചൊക്കെ അവർ കാണാനും തുടങ്ങുന്നു. എന്നാൽ, അവരുടെ സ്വപ്നങ്ങളും ദർശനങ്ങളും **നുബുവ്വത്തിനും വിലായത്തിനും** ഒരു ക്ഷതവും വരുത്തുകയില്ല. അവരുടെ മഹനീയസ്ഥാനത്തിന് ഒരു കോട്ടവും തട്ടുകയില്ല. അദ്ഭുതപ്പെടുത്തുന്ന ഒരു അവ്യക്തതയും ഉണ്ടാകുകയുമില്ല. എന്തുകൊണ്ടെന്നാൽ, പ്രത്യക്ഷമായനിലയിൽ ഓരോ നിഷ്കളങ്കനും മനസ്സിലാകുന്ന വ്യക്തമായൊരു വ്യത്യാസം ഇടയിലുണ്ട്. അതെന്താണെന്നുവച്ചാൽ, പ്രത്യേകക്കാരുടേയും സാധാരണക്കാരുടേയും സ്വപ്നങ്ങളും ജാഗ്രദർശനങ്ങളും അതിന്റെ ചേർച്ചാപരമായും വിഭജനപരമായും അളവിലും സ്ഥിതിയിലും ഒരിക്കലും സമമായിരിക്കുകയില്ല. അല്ലാഹുവിന്റെ പ്രത്യേക ആളുകൾ അമാനുഷികമായ നിലയിൽ അദൃശ്യഅനുഗ്രഹങ്ങളുടെ ഓഹരിയെടുക്കുന്നു. അവർക്കു നല്കപ്പെടുന്ന അനുഗ്രഹങ്ങളിൽ ലോകം പങ്കാളികളാകുന്നുണ്ട്. കൈയിൽ ഒരണയുള്ള ഭിക്ഷക്കാരൻ താനും പണത്തിന്റെ ഖജനാവുകളുള്ള രാജാവാണെന്ന് കണക്കുകൂട്ടുന്നതു പോലെയാണത്. അതി നിസ്സാരമായ ആ പങ്കാളിത്തംകൊണ്ട് രാജാവിന്റെ പ്രൗഢിയ്ക്ക് ഒരു കോട്ടവും തട്ടാൻ പോകുന്നില്ല. അല്പം ചിന്തിച്ചു നോക്കുക, മിന്നാമിനുങ്ങിനും സൂര്യനും പ്രകാശമുണ്ട്. ആ പങ്കാളിത്തംകൊണ്ട് സൂര്യന്റെ ബഹുമതിയിൽനിന്ന് എന്തെങ്കിലും പിടിച്ചുപറ്റാൻ കഴിയുമോ? അതുകൊണ്ട് ഉന്നതമായ ശ്രേഷ്ഠതയും അളവും സ്ഥിതിയും അടിസ്ഥാനപ്പെടുത്തിയുമാണ് എല്ലാ അനുഗ്രഹങ്ങളും കരസ്ഥമാകുന്നതെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. അല്ലാതെ ഒരക്ഷരം തിരിച്ചറിയുന്നതുകൊണ്ട് ഒരാൾ മഹാപണ്ഡിതനു തുല്യനാകുമെന്നല്ല. യാദൃച്ഛികമായി രണ്ടുവരി കവിത നാവിൻതുമ്പിൽ വരുമ്പോൾ മഹാകവി ആകുമെന്നല്ല. ജ്ഞാനത്തിന്റേയോ ഭരണത്തിന്റേയോ അടിസ്ഥാനത്തിൽ ഒരു വർഗവും അണുവിന്റെ ഉദാഹരണ പങ്കാളിത്തത്തിൽനിന്ന് ഒഴിവല്ല. ഒരു രാജാവ് മുഴുലോകവും ഭരിക്കുന്നു. അപ്രകാരം തന്നെ ഒരു കൂലിവേലക്കാരനും തന്റെ കുടിലിൽ തന്റെ കുട്ടികളുടേയും തന്റെ ഭാര്യയുടേയുംമേൽ ഭരണാധികാരിയാണ്. ഇനി അവശേഷിക്കുന്ന കാര്യം അല്ലാഹു സൽസ്വഭാവികളിലും ദുസ്സ്വഭാവികളിലും എന്തിനു പങ്കാളിത്തം വെച്ചു എന്നതാണ്. വിത്തെന്ന നിലയിൽ അശ്രദ്ധരായിക്കിടക്കുന്ന സംഘത്തെ അദൃശ്യമായ അനുഗ്രഹത്തിൽ എന്തിനു ഭാഗഭാക്കാക്കി? കുറ്റാരോപണത്തിനും ന്യായപൂർത്തി വരുത്തുന്നതിനുംവേണ്ടിയാണ് ഭാഗഭാക്കാക്കിയിട്ടുള്ളത് എന്നാണ് അതിനുള്ള മറുപടി. ഈ വിത്തുപരമായ പങ്കാളിത്തം കാരണത്താൽ ഓരോ നിഷേധിയും സമ്പൂർണതകൈവരിച്ച മനുഷ്യരുടെ അവസ്ഥയ്ക്കു സാക്ഷിയാവണം. അവൻ തന്റെ ചെറിയ കഴിവിന്റെ വൃത്തത്തിൽനിന്നുകൊണ്ട് ആ സമ്പൂർണരായ ആളുകളുടെ നാവിൽനിന്ന് കേൾക്കുന്നതു കുറച്ചു നോക്കി കാണുമ്പോൾ ആ അല്പമാത്രമായ സ്ഫുരണംകൊണ്ട് സത്യഹൃദയത്തോടെ ആ വെളിപാടുപരമായ കാര്യത്തെ തികച്ചും അസംഭാവ്യമായി മനസ്സിലാക്കാൻ അവനു സാധിക്കുകയില്ല. അവൻ ഈ ആത്മീയമായ പ്രത്യേകതയുടെ അല്പം മാതൃക ഉൾക്കൊള്ളുന്ന കാരണത്താൽ അല്ലാഹുവിന്റെ നിന്ദയ്ക്കു വിധേയനാണ്. ഇതിന്റെ വെളിച്ചത്തിൽ നിഷേധാവസ്ഥയോടുകൂടി അവൻ പിടിക്കപ്പെടും; അല്ലാഹു നാലു വേദങ്ങളും ഇറക്കിയിട്ട് പിന്നീടു ക്ഷണത്തിൽ എന്നെന്നേക്കുമായി വെളിപാടിന്റെ പായ ചുരുട്ടിവച്ചുവെന്ന് ഇക്കാലത്തെ ആര്യസമാജക്കാർ ധരിക്കുന്നതുപോലെ. എന്നാൽ, അല്ലാഹുവിന്റെ പ്രകൃതി നിയമം അവരെ കുറ്റവാളിയാക്കുന്നു. അദൃശ്യകാര്യങ്ങൾ വെളിപ്പെടുന്ന ഈ പരമ്പര ഇപ്പോഴും നടന്നു വരുന്നതായും അവരിലെ ആജ്ഞാലംഘകർ പോലും ഇടയ്ക്കിടെ സൽസ്വപ്നങ്ങൾ കാണുന്നതായും അവർ സ്വന്തം കണ്ണുകൊണ്ട് കാണുന്നുണ്ട്. അതുകൊണ്ട് തന്റെ ആത്മീയാനുഗ്രഹം ഇറക്കുന്നതിനു ഇക്കാലഘട്ടത്തിലെ ആജ്ഞാലംഘകരേയും സുഖലോലുപരേയുംപോലും മാറ്റി നിറുത്താതിരിക്കുകയും അവർക്കും സത്യമായ സ്വപ്നങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുമ്പോൾ അവന്റെ ഇഷ്ടത്തിനൊത്ത് നടക്കുന്നവരും തികവുറ്റതും പരിപൂർണവുമായ നിലയിൽ അവനോടു ചേർന്നു നില്ക്കുന്നവരുമായവരുടെമേൽ എന്തൊന്നാണ് അവൻ ഇറക്കാതിരിക്കുക. ഈ വിത്തിലെ പങ്കാളിത്തത്തിന്റെ ഒരു രഹസ്യം, എത്ര വലിയ ആജ്ഞാലംഘകനും വൃത്തികെട്ടവനും ചോരകുടിക്കുന്ന നിഷേധിയുമാണെങ്കിലും അവൻ ഈ പങ്കാളിത്തത്തിൽ ചിന്തിച്ചുകൊണ്ട്, അല്ലാഹു തന്നെ സൃഷ്ടിച്ചിട്ടുള്ളത് നശിപ്പിക്കുന്നതിനു വേണ്ടിയല്ലെന്നും തന്റെ ഉള്ളിലും വളരാനുള്ള വഴി നിക്ഷേപിച്ചിട്ടുണ്ടെന്നും തനിക്കു പ്രത്യക്ഷപ്പെടാൻ വിത്തു നല്കിയിട്ടുണ്ടെന്നുംമനസ്സിലാക്കുക എന്നതാണ്. ഇതിൽ അവനും മുന്നോട്ടു ചുവടുവയ്ക്കാൻ കഴിയും. അല്ലാഹു തന്റെ അനുഗ്രഹങ്ങളുടെ ഭക്ഷണത്തളിക പ്രകൃത്യാ അവന് നിഷേധിച്ചിട്ടില്ല. തന്റെ ഉള്ളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ആ പ്രകാശം ഉപയോഗിക്കാതെ സ്വയം അവൻ തള്ളിക്കളയുകയും മോക്ഷ പ്രാപ്തിക്കുള്ള പ്രകൃതിപരമായ മാർഗങ്ങളെ അറിഞ്ഞുകൊണ്ട് അവഗണിക്കുകയുമാണെങ്കിൽ അവൻതന്നെ അതനുത്തരവാദിയാണ്. അതിന്റെ തിക്തഫലം അവനു അനുഭവിക്കേണ്ടിവരും.

(അവസാനിച്ചു)

## അഹങ്കാരവും പൊങ്ങച്ചവും

തന്റെ ഹൃദയത്തിൽ അണുഅളവ് അഹങ്കാരമുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അപ്പോൾ ഒരാൾ ചോദിച്ചു. തന്റെ വസ്ത്രവും പാദുകവും ഭംഗിയുള്ളതാവണമെന്ന് ആഗ്രഹിക്കുന്ന ഒരാളെപ്പറ്റി എന്തു പറയുന്നു? പ്രവാചകൻ മറുപടി പറഞ്ഞു. അല്ലാഹു സുന്ദരനാകുന്നു. അല്ലാഹു സൗന്ദര്യത്തെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. അഹംഭാവം സത്യത്തെ നിഷേധിക്കലും ജനങ്ങളെ തരംതാഴ്ത്തലുമാണ്.

**(നബി വചനം-മുസ്‌ലിം )**

# മതവും രാഷ്ട്രീയവും

സുബൈദ മുസ്തഫ

പാകിസ്താനിലെ പ്രശസ്ത ഇംഗ്ലീഷ് ദിനപത്രമായ ഡോൺ 2012 നവംബർ 7ന് പ്രസിദ്ധീകരിച്ച ഈ ലേഖനം മതന്യൂനപക്ഷങ്ങളുടെ പാകിസ്താനിലെ അവസ്ഥയും മതതീവ്രവാദികൾക്ക് അവരോടുള്ള മനോഭാവവും വ്യക്തമാക്കുന്നു. പാകിസ്താനിലെ ആദ്യത്തെ വനിതാ മുഖ്യധാരാ പത്രപ്രവർത്തകയായ ലേഖിക 1975 മുതൽ 2008 വരെ ഡോണിലെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്നു. പാകിസ്താന്റെ ഇന്നത്തെ അവസ്ഥയിൽ ദുഃഖിതയായ എഴുത്തുകാരിയാണ് അവർ.

സമീപ കാലത്ത് പാകിസ്താനിൽ വർദ്ധിച്ചുവരുന്ന അക്രമത്തിന്റെയും ഭീകരവാദത്തിന്റെയും പശ്ചാത്തലത്തിൽ മത തീവ്രവാദം എല്ലാവേദികളിലും ചർച്ച ചെയ്യപ്പെടുകയാണ്. പാകിസ്താന്റെ ഇസ്ലാമിക വ്യക്തിത്വം എന്ന് പലരും അവകാശപ്പെടുന്ന കാര്യങ്ങൾ നിഷേധാത്മ കമായാണ് വിലയിരുത്ത പ്പെടുന്നത്. മതത്തിന്റെ പേരിൽ നിർവഹിക്കപ്പെടുന്നതെല്ലാം ജനങ്ങക്കൾക്കിടയിൽ സംശയ ദൃഷ്ടിയോടെയാണ് നോക്കി കാണുന്നത്. അതിനാൽ സ്ഥിതി കൂടുതൽ വഷളായി വരികയാണ്. ഈ മതാത്മക വ്യക്തിത്വം വാസ്തവത്തിൽ എന്തായിരുന്നു? ഇന്ത്യാ ഉപഭൂണ്ഡത്തിൽ മതേതരരായ രാഷ്ട്രീയ നേതാക്കന്മാർ മുസ്ലിംകൾക്ക് വേണ്ടി ഒരു ജന്മ ഗേഹം സൃഷ്ടിക്കുകയായിരുന്നു. എന്നാൽ പാകിസ്താൻ രൂപികരണത്തിന് ശേഷം ഇസ്ലാം നാമധാരികളായ ചില തീവ്രവാദികൾ പാകിസ്താൻ രാഷ്ട്രത്തേയും സമൂഹത്തേയും ഉടൻ തന്നെ തട്ടിയെടുക്കുകയായിരുന്നു. സെക്കുലർ നേതാക്കന്മാർ രൂപം നൽകിയ പാകിസ്താനെ രൂക്ഷമായി എതിർത്തവരായിരുന്നു ഈ കക്ഷികൾ.

മതരാഷ്ട്രവാദത്തിനെതിരായിരുന്ന പാകിസ്താൻ രാഷ്ട്രീയ നേതൃത്വം പിന്നീട് ദുർബലവും ആത്മവിശ്വാസം നഷ്ടപ്പെട്ടവരുമായി തീർന്നു. തങ്ങളുടെ ദുർബലത എങ്ങോട്ടാണ് നയിക്കുക എന്ന അപകടത്തെ കുറിച്ച് മുൻകൂട്ടി മനസ്സിലാക്കാത്ത മുസ്ലിംലീഗ് നേതൃത്വം പൊതുജന മദ്ധ്യത്തിൽ ഇസ്ലാമിക ഭരണത്തിന്റെ വക്താക്കളായി മുന്നോട്ട് വന്നു. ഈ ദൗർബല്യത്തിന്റെ പ്രഥമ ഉദാഹരണം 1949 ലെ ഭരണഘടനാ നിർമാണ സമിതിയിൽ പാസ്സാക്കിയ ഒബ്ജക്ടീവ് റിസലൂഷനാണ്. ക്രമേണ മുസ്ലിംകളും മറ്റു മതവിഭാഗങ്ങളുമായുള്ള അകൽച്ചക്ക് ഇത് കാരണമായി.

പാകിസ്താനിൽ സെക്കുലറിസത്തിലും ഉദാരരാഷ്ട്രീയത്തിലും വിശ്വസിച്ച നേതാവായിരുന്നു സെഡ്. എ. ഭൂട്ടോ. തന്റെ തളർച്ച ബാധിച്ച ഒരു രാഷ്ട്രീയ ഘട്ടത്തിൽ അദ്ദേഹം മതം എന്ന തുരുപ്പു ചീട്ട് എടുത്ത് കളിക്കാൻ മടിച്ചില്ല. 1974 ൽ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുക വഴി ആരാണ് മുസ്ലിം ആരാണ് അമുസ്ലിം എന്ന് പ്രഖ്യാപിക്കുവാനുള്ള അധികാരം രാഷ്ട്രത്തിൽ നിക്ഷിപ്തമായി. എന്നിട്ടും തന്റെ രാഷ്ട്രീയ ഭാവിയോ സ്വന്തം ഭാവിയേയോ രക്ഷിക്കാൻ അദ്ദേഹത്തിനായില്ല.

പാകിസ്താൻ ഇന്നത്തെ ഈ അവസ്ഥയിലല്ലായിരുന്നു ആവേണ്ടിയിരുന്നത്. 1940 ലെ പാകിസ്താൻ പ്രമേയത്തിന്റെ സങ്കൽപ്പ പ്രകാരം, മുസ്ലിംകൾക്ക് ഒരു ജന്മഗേഹം എന്നാണ് അതിൽ വളരെ വ്യക്തമായി പറയുന്നത്. മുസ്ലിം ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ മറ്റു മതസ്ഥർക്കും ന്യൂനപക്ഷങ്ങളുടെ മണ്ഡലങ്ങളിലും അവർ അധിവസിക്കുന്ന മേഖലകളിലും അവർക്ക് സമുചിതവും ഫലപ്രദവുമായ ശാസനാധികാരവും സുരക്ഷയുമുണ്ടായിരിക്കേണ്ടതാണ്. കൂടാതെ സാംസ്ക്കാരികവും സാമ്പത്തികവും രാഷ്ട്രീയവും ഭരണപരവുമായ അവകാശങ്ങളിലും മറ്റു പ്രത്യേകാവകാശങ്ങളും അവരോട് ആലോചിച്ച് ഭരണ ഘടനയിൽ അവരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തേണ്ടതാണെന്നുമാണ്.

1947 ആഗസ്ത് 11 ന് ഭരണഘടനാ നിർമാണ സമിതിയെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ രാഷ്ട്ര പിതാവായ ഖായിദേ അഅ്സം ഇപ്രകാരം പറയുകയുണ്ടായി. 'നിങ്ങൾ സ്വതന്ത്രരാണ്. അമ്പലങ്ങളിലേക്കും പള്ളികളിലേക്കും മറ്റു ആരാധനാലയങ്ങളിലേക്കും പോകാൻ നിങ്ങൾക്ക് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും. നിങ്ങൾ ഏത് ജാതിയിലും മതത്തിലും കക്ഷിയിലും പെട്ടവരാകട്ടെ അതെല്ലാം നിങ്ങളുടെ വ്യക്തിപരമായ കാര്യം മാത്രം. രാജ്യത്തിന് അതുമായി യാതൊരു ബന്ധവുമില്ല. അടിസ്ഥാനപരമായി ഈയൊരു കാര്യം ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് നാം ആരംഭിക്കുന്നത്. അതായത് നാമെല്ലാം ഒരേരാജ്യത്തിലെ തുല്യാവകാശമുള്ള പൗരന്മാരാണ്' എവിടെയാണ് തെറ്റുപറ്റിയത്? പാകിസ്താന്റെ സ്ഥാപക നേതാക്കന്മാർ എല്ലാവിധ സംരക്ഷണങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട ഒരു രാജ്യത്ത് എന്തുകൊണ്ട് അമുസ്ലിം

കൾക്ക് യാതൊരു സുരക്ഷയുമില്ലാതായി? അവർക്ക് ജോലി ലഭിക്കുന്നതിലും വിദ്യാഭ്യാസ മേഖലകളിലും കടുത്ത വിവേചനം അനുഭവിക്കുന്നു. അവർക്കെതിരെ മതനിന്ദ ആരോപിച്ചു അവരെ നിലം പരിശാക്കിക്കളയുന്നു. അവരുടെ ചെറുപ്പക്കാരികളായ പെൺകുട്ടികളെ തട്ടിക്കൊണ്ട് പോകുന്നു. അവർ നിർബന്ധ മതപരിവർത്തനത്തിന് വിധേയരാകുന്നു. പലരും തന്നെ വധത്തിന് ലക്ഷീഭവിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി അവരിൽ മിക്കവരും രാജ്യം വിടുകയാണ്.

ഇതൊന്നും തന്നെ ഭൂരിപക്ഷ ജനങ്ങൾ അംഗീകരിക്കുന്നില്ല. ഇതിനെതിരെ അതായത് ഈ അരക്ഷിതാവസ്ഥക്കെതിരെ ശബ്ദിക്കാനുള്ളകരുത്തോ ശക്തിയോ ഭൂരിപക്ഷങ്ങൾക്കില്ല. അത് കാരണം ഏതൊരു വിശ്വാസിക്കും അയാൾ ഏതൊരു മതത്തിൽ പെട്ടവനാകട്ടെ രാഷ്ട്രം അയാൾക്ക് സുരക്ഷ നൽകുന്നില്ല. ഇത് കാരണം മിക്ക അമുസ്‌ലിംകളും ഭീതിയിൽ കഴിയുകയാണ്. നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള ദേശീയ കമ്മീഷന്റെ റിപ്പോർട്ടിൽ, സ്കൂൾ പാഠപുസ്കത്തിൽ അന്യമത വിരോധം വളർത്തുന്നതിൽ അധികാരികളുടെ പങ്ക് വ്യക്തമാവുന്നുണ്ട്. മതന്യൂന പക്ഷങ്ങൾക്ക് അനുകൂലമായ അന്തരീക്ഷം മാറി സമൂഹത്തിന് മേൽ മുല്ലായിസത്തിന്റെ പിടിമുറുക്കുന്ന സാഹചര്യം വളർത്തിയെടുക്കാൻ ഇത് കാരണമായി.

ഇനിയും സമയം വൈകിയിട്ടില്ല. ഇന്നത്തെ സാമൂഹ്യ മതസാഹചര്യം മാറ്റിയില്ലെങ്കിൽ പിന്നെയൊരിക്കലും തിരിച്ചുവരാൻ പറ്റാത്ത വിധം രാജ്യം തീവ്രവാദത്തിലകപ്പെട്ടുപോകും. പാകിസ്താൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ എഡ്യുക്കേഷൻ ആന്റ് റിസർച്ച് സംഘടിപ്പിച്ച ഒരു പരിപാടിയിൽ അമുസ്‌ലിം വിഭാഗത്തിൽ പെട്ടവർ തങ്ങളെ 'ന്യൂനപക്ഷം' എന്ന് പരാമർശിക്കുന്നതിനെ ശക്തിയായി പ്രതികരിക്കുകയുണ്ടായി. ഈ ന്യൂനപക്ഷ പ്രയോഗം പക്ഷപാതപരവും ഒറ്റപ്പെടുത്തലിന്റേയും പ്രതീകമാണെന്നും ആ പ്രയോഗം അവരെ മുഖ്യധാരയിൽ നിന്ന് അകറ്റുകയും ഭരണഘടനയുടെ ആർട്ടിക്കിൾ 25 വാഗ്ദാനം ചെയ്യുന്ന തുല്യാവകാശം നിഷേധിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ അടിസ്ഥാന നിയമങ്ങൾ വ്യക്തമായും അമുസ്‌ലിംകൾക്ക് നിരവധി സുരക്ഷാ വാഗ്ദാനങ്ങൾ നൽകുന്നു. അത്തരം സുരക്ഷാ വകുപ്പുകളെല്ലാം പാകിസ്താൻ പീനൽ കോഡ് കവർന്നെടുക്കുകയും ചെയ്യുന്നു.

ഇന്ന് മത പാർട്ടികൾക്ക് മതന്യൂന പക്ഷങ്ങളെ അകറ്റിനിർത്തിക്കൊണ്ടുള്ള അവരുടെ അജണ്ട നടപ്പാക്കാനുള്ള നിരവധി സാഹചര്യം പാകിസ്താനിലുണ്ട്. ഇതിൽ ചില ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനം ചെറുതല്ല. ഇസ്‌ലാം മതത്തിന്റെ പ്രചാരകനാണെന്ന് പറഞ്ഞുകൊണ്ട് ന്യൂനപക്ഷങ്ങൾക്കെതിരെ വിദ്വേഷാഗ്നി പ്രചരിപ്പിക്കുന്ന വിദ്വേഷ പ്രചാരകർക്ക് അനാവശ്യമായ പ്രചാരണം കൊടുക്കുകയാണ്. ഇതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യങ്ങളെക്കുറിച്ച് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഇന്ത്യയിലെ പ്രശസ്ത എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ അസ്ഗറലി എഞ്ചീനീയർ ഒരിക്കൽ പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. യാതൊരു സംശയവും കൂടാതെ നമുക്ക് പറയാൻ കഴിയുന്ന ഒരു കാര്യം എല്ലാ സാമുദായിക കലാപങ്ങൾക്കും പിന്നിൽ ഗൂഢമായ സാമ്പത്തിക ലക്ഷ്യം ഉണ്ട് എന്നുള്ളതാണ്. പ്രദേശങ്ങളുടെ മേൽകോയ്മക്ക് വേണ്ടിയോ, ചിലപ്പോൾ കച്ചവട താൽപര്യങ്ങളോ അല്ലെങ്കിൽ തൊഴിൽ പരമായ കാരണമായോ ആയിരിക്കും ഈ കലാപം. നമ്മുടെ കാര്യത്തിൽ രാഷ്ട്രീയാധികാരം പിടിച്ചെടുക്കലാണ് മുഖ്യകാരണം.

ഈ പശ്ചാത്തലത്തിൽ സെക്കുലറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി മുൻ സെനറ്റർ ഇഖ്ബാൽ ഹൈദരിന്റെ നേതൃത്വത്തിൽ ജനാധിപത്യപരവും കക്ഷിരഹിതവുമായ ഒരു വേദിക്ക് വേണ്ടിയുള്ള നീക്കം വളരെ ശ്രദ്ധേയമാണ്. സാമൂഹ്യ നീതി എല്ലാവർക്കും ഉറപ്പ് വരുത്തുന്നതിന് വേണ്ടിയും മത നിരപേക്ഷതയെക്കുറിച്ച് ബോധവത്ക്കരണം നടത്താനും നിയമം ദുർവ്യാഖ്യാനം ചെയ്യുന്നത് തടയാനുമാണ് ഈ വേദിയുടെ പ്രാഥമിക വിളംബരത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്. എല്ലാവർക്കും നീതിയിലധിഷ്ഠിതമായ പാകിസ്താന്റെദേശീയതയെക്കുറിച്ച് അവബോധം ജനിപ്പിക്കാൻ നിയമ ജ്ഞരും പൊതു പ്രവർത്തകരും മാദ്ധ്യമ പ്രവർത്തകരും ട്രേഡ് യൂണിയൻ പ്രതിനിധികളും സമീപിക്കാൻ അവർ തീരുമാനിച്ചിട്ടുണ്ട്. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. എങ്കിലും സെനറ്റർമാർക്ക് ജനപിന്തുണ ലഭിക്കുന്നുണ്ട്. ഈ ചെറിയ ശ്രമം വലിയൊരു പ്രസ്ഥാനമായി മാറിയില്ലെങ്കിൽ അതിന് യാതൊരു ചലനവും സൃഷ്ടിക്കാൻ കഴിയില്ല. ഇത്തരമൊരു അവബോധത്തിന്റെ അഭാവമാണ് പ്രതിലോമകാരികൾക്ക് സ്വൈര വിഹാരം നടത്താൻ കഴിയുന്നത്.

---

പേജ് 11 ൽ നിന്ന് തുടർച്ച

കാരണം അദ്ദേഹം സംഭവസ്ഥലത്ത് വെച്ചു തന്നെ ശഹീദാവുകയുണ്ടായി. . 1994 ലെ ബയ്അത്തായിരുന്നു. സിക്രട്ടറി തർബിയ്യത്ത് നൗ മുബായിഈൻ ആയി സേവനം ചെയ്തിരുന്നു. ദഅ്വത്തെ ഇലല്ലായുടെ ശുഅ്ബയിലെ നിഗ്രാൻ ആയിരുന്നു. നാസിം തർബിയ്യത്ത് നൗ മുബാഈനായി സേവനം അനുഷ്ഠിക്കുകയായിരുന്നു. സൽഗുണ സമ്പന്നനായിരുന്നു. മുഖത്ത് എപ്പോഴും പുഞ്ചിരി നിലനിന്നിരുന്നു. പതുങ്ങിയ സ്വരത്തിലാണ് സംസാരിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, വളരെയധികം എന്നെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഭർത്താവായിരുന്നു അദ്ദേഹം. വാത്സല്യനിധിയായ പിതാവായിരുന്നു. ദീനീ സേവനവും ഖിലാഫത്തിനോടുള്ള അനുസരണവും സ്നേഹവും അദ്ദേഹത്തിന്റെ പ്രത്യേക ഗുണത്തിൽ പെട്ടതായിരുന്നു. ഭാര്യ പറയുന്നു, ബൽദിയാ ടൗണിൽ നടന്നു വരുന്ന ശഹാദത്തുകൾ കാരണമായി അവിടെ സംഘർഷം നിലനിന്നിരുന്നു. ശഹീദ് മർഹും ശഹാദത്തിന് ഒരു ദിവസം മുമ്പ് എന്നോട് പറഞ്ഞു; ചില അഹ്മദീ വീടുകൾ ഇപ്പോഴുള്ള അവസ്ഥ കാരണം ഇവിടെ നിന്നും വിട്ടുപോവുകയാണ്. ഇങ്ങനെ ചെയ്താൽ ശത്രുക്കൾ തങ്ങളുടെ പദ്ധതിയിൽ വിജയിക്കുകയല്ലേ ചെയ്യുക. എന്നിട്ട് ഗദ്ഗദത്തോടെ പറഞ്ഞു, ഞാൻ ഭയപ്പെടുന്നില്ല. എന്റെ ആഗ്രഹം അല്ലാഹുവിന്റെ വഴിയിൽ ശഹീദാകുകയെന്നാണ്. നിങ്ങൾ ഭയപ്പെടുന്നുണ്ടോ എന്ന് എന്നോട് ചോദിച്ചു. ഭാര്യ പറഞ്ഞു, ഞാൻ ഭയപ്പെടുന്നില്ല. നിങ്ങൾക്കും എനിക്കും ശഹാദത്ത് ലഭിച്ചെങ്കിൽ എന്നാണ് എന്റെ ആഗ്രഹം. ഭാര്യ എഴുതുന്നു, എനിക്ക് മൂന്ന് പെൺകുട്ടികളാണ്. ചെറുപ്രായത്തിലുള്ള കുട്ടികളാണ്. അല്ലാഹു അവർക്ക് ശോഭന ഭാവി നൽകാനായി ദുആ ചെയ്യുക. അല്ലാഹു അവരുടെ സഹായകനും സംരക്ഷ കനുമായിത്തീരട്ടെ.

(വിവ. മൗലവി നാസിർ അഹ്മദ്)

# ഈസാ നബി (അ) വിവാഹിതനായിരുന്നുവോ?

മൗലനാ അബ്ദുല്ലാഹ് സാഹിബ് എഛ്. എ.

ഈസാ നബി(അ) വിവാഹിതനായിരുന്നുവെന്ന് തെളിയിച്ചുകൊണ്ട് കേരളത്തിലെ അഹ്മദിയ്യാ മിഷനറിയും മഹാപണ്ഡിതനുമായിരുന്ന ലേഖകൻ അറുപത്തൊമ്പത് വർഷങ്ങൾക്ക് മുമ്പെഴുതിയ ലേഖനം. കഴിഞ്ഞ ലക്കത്തിൽ ബൈബിളിനെ ആധാരമാക്കി ഈ വിഷയത്തെ പറ്റിയുള്ള ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.

**ഈ**സാ നബി (അ) ദൈവമാണെന്നും അദ്ദേഹം മനുഷ്യരുടെ പാപ പരിഹാരാർഥം കുരിശിൽ മരിച്ചു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് കയറിപ്പോയെന്നും, ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പോലെയല്ല ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിച്ചു വരുന്നത്. അവരുടെ വിശ്വാസമാകട്ടെ ശത്രുക്കളായ യഹൂദർ ഈസാ നബി(അ) യെ അദ്ദേഹത്തിന്റെ 33-ാമത്തെ വയസ്സിൽ ക്രൂശിക്കാൻ പിടിക്കുന്നതിന് വളഞ്ഞപ്പോൾ അല്ലാഹു അദ്ദേഹത്തെ ആകാശത്തിലേക്ക് ഉയർത്തി രക്ഷപ്പെടുത്തിയെന്നും പകരം ശത്രുക്കളിൽ ഒരുവനെ അല്ലാഹു രൂപാന്തരപ്പെടുത്തിയതനുസരിച്ച് അവനെ യഹൂദർ ഈസാ നബിയെന്ന് തെറ്റിദ്ധരിച്ചു പിടിച്ചു കൊണ്ടു പോയി കുരിശിൽ തറച്ചു കൊന്നു വെന്നുമാണ്. ഇങ്ങനെ ക്രിസ്ത്യാനികളും മുസ്‌ലിംകളും തമ്മിലുള്ള വിശ്വാസത്തിന് അന്തരമുണ്ടെങ്കിലും ഈസാ നബി(അ) 33-ാമത്തെ വയസ്സിൽ ആകാശത്തേക്ക് ഉയർത്തപ്പെട്ടു എന്ന വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇരുകൂട്ടരും ഏകഭാവക്കാർ തന്നെയാണ്. അതു കൊണ്ട് ഈസാ നബി തന്റെ 33 വയസ്സുവരെയുള്ള ജീവിത ഘട്ടത്തിൽ വിവാഹം ചെയ്തിട്ടില്ല എന്ന ക്രിസ്ത്യാനികളുടെ വിശ്വാസത്തെ അവലംബിച്ചു കൊണ്ട് മുസ്‌ലിംകളും പൊതുവേ വിശ്വസിക്കുന്നത് ആ പുണ്യാത്മാവ് വിവാഹം ചെയ്തിരുന്നില്ലെന്നാണ്. അവരുടെ വിശ്വാസ പ്രകാരമാണെങ്കിലും ഇതിലേക്ക് വിശുദ്ധ ഖുർആനിൽ നിന്നോ ഹദീസിൽ നിന്നോ അവർക്ക് യാതൊരു തെളിവും ലഭിക്കുകയില്ല. പ്രവാചകന്മാരെ പറ്റി പൊതുവേ പല അബദ്ധ വൃത്താന്തങ്ങളും ഖുർ ആന്റെ ഭാഷ്യഗ്രന്ഥങ്ങളിൽ സ്ഥലം പിടിക്കുകയും അവ മുസ്‌ലിംകളുടെ വിശ്വാസങ്ങളെന്നോണം പ്രചരിക്കുകയും ചെയ്തത് പ്രവാചകന്മാരെ സംബന്ധിച്ച് യഹൂദ നസാറാക്കളുടെ ഇടയിൽ നടപ്പുള്ളതും ബൈബിളിൽ വിവരിക്കപ്പെട്ടതുമായ കഥകളെ പൂർവ മുസ്‌ലിം പണ്ഡിതന്മാർ സത്യ വൃത്താന്തങ്ങളെന്ന് ധരിച്ചത് കൊണ്ടാണ്. ഇപ്രകാരം തന്നെയാണ് ഈസാ നബിയെ പറ്റിയുള്ള പല അടിസ്ഥാനരഹിതമായ ക്രിസ്ത്യൻ വിശ്വാസങ്ങളും മുസ്‌ലിംകളിൽ കടന്നു കൂടിയത്. വാസ്തവത്തിൽ അത്തരം വിശ്വാസങ്ങളിൽ വലിയ ഭാഗവും ആധാരമറ്റവയും പ്രവാചകന്മാരുടെ സ്ഥാനമാഹാത്മ്യത്തിന് നിരക്കാത്തതുമാണ്. ദൈർഘ്യ ഭയത്താൽ ആ വക സംഗതികൾ ഇവിടെ വിവരിക്കുന്നില്ല.

ഈസാ നബി (അ) 33-ാമത്തെ വയസ്സിൽ ആകാശത്തിലേക്ക് എടുക്കപ്പെട്ടുവെന്നും അതു പര്യന്തമുള്ള ജീവിതത്തിൽ അദ്ദേഹം വിവാഹം കഴിച്ചിട്ടില്ലെന്നുമാണല്ലോ പൊതുവേയുള്ള വിശ്വാസം. എന്നാൽ അങ്ങനെ അദ്ദേഹം ആകാശത്തിലേക്ക് ഉയർത്തപ്പെട്ടിട്ടില്ലെന്നും ഒരു ദീർഘകാലത്തോളം അദ്ദേഹം ജീവിച്ചിരുന്ന് തന്റെ ദൗത്യം പ്രബോധിച്ചു കൊണ്ടിരിന്നുവെന്നും വിവാഹം ചെയ്യുന്ന കാര്യത്തിൽ അദ്ദേഹത്തിന് യാതൊരു പ്രതിബന്ധവും ഉണ്ടായിട്ടില്ലെന്നും തെളിയുന്നതായാൽ അദ്ദേഹം തന്റെ ദീർഘമായ ജീവിത കാലത്തിനിടയിൽ വിവാഹം ചെയ്തിട്ടുണ്ടെന്ന് പറയുന്നത് അസംഗതമാകയില്ല. അദ്ദേഹം വിവാഹം ചെയ്തിട്ടില്ലെന്ന് പറയുന്നതാകട്ടെ അടിസ്ഥാനരഹിതമായിട്ടുള്ളതാണെന്ന് ആർക്കും എളുപ്പത്തിൽ മനസ്സിലാവുന്നതാണ്. ആ പുണ്യാത്മാവ് 33-ാമത്തെ വയസ്സിൽ ആകാശത്തേക്ക് ഉയർത്തപ്പെടുകയല്ല. മറ്റു പ്രവാചകന്മാരെപ്പോലെ ദിവ്യദൗത്യം നിർവഹി

ച്ചതിന് ശേഷം ഈ ഭൂമിയിൽ തന്നെ മൃതിപ്പെടുകയാണു ണ്ടായതെന്ന വിശുദ്ധ ഖുർആനിൽ നിന്നും സുഗ്രാഹ്യമാവുന്നുണ്ട്. അദ്ദേഹം എത്ര വയസ്സുവരെ ജീവിച്ചിരുന്നുവെന്ന ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ലെങ്കിലും 120 വയസ്സുവരെഅദ്ദേഹം ജീവിച്ചിരുന്നുവെന്ന് നബി വചനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. നബി തിരുമേനി അരുൾ ചെയ്തത് ഇപ്രകാരമാണ്. ഈസബ്നു മറിയം 120 വയസ്സ് വരെ ജീവിച്ചിരുന്നിട്ടുണ്ടെന്ന് എന്നോട് അദ്ദേഹം(ജിബ്രീൽ) പറഞ്ഞു. നബി (സ) പറഞ്ഞിട്ടുള്ളതായി ഹദ്റത്ത് ആയിശയും ഹദ്റത്ത് ഫാത്തിമയും നിവേദനം ചെയ്തിട്ടുള്ള ഈ വചനത്തെ തബ്രാനി തന്റെ'മുഅ്ജിമുൽ കബീർ'എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ഹദ്റത്ത് ഇബ്നു ഉമറും ഈ നബി വചനത്തെ നിവേദനം ചെയ്തിട്ടുണ്ട്. ഈ ഹദീസിനെക്കുറിച്ച് അല്ലാമാ സർഖാനി പറഞ്ഞിരിക്കുന്നത് ഈ ഹദീസ് തബ്രാനി വിശ്വാസ്യയോഗ്യരായ നിവേദകന്മാർ മുഖേന തന്റെ മുഅ്ജിമുൽ കബീർ എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട് എന്നാണ്. (മവാഹിബു ല്ലദുന്നിയ്യ. ജിൽദ്, 1 ഭാ-42) അല്ലാമാ സിദ്ധീക്ക് ഹസൻ ഖാൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ഈസബ്നു മറിയം 120 വയസ്സ് വരെ ജീവിച്ചിരുന്നു എന്ന ഹദീസിനെ തബ്രാനി തന്റെ മുഅ്ജിമുൽ കബീർ എന്ന ഗ്രന്ഥത്തിൽ വിശ്വായോഗ്യ രായ നിവേദകന്മാരിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. ഇതിനെ ഹാക്കിം തന്റെ 'മസ്തദ്രിക്ക്'എന്ന ഗ്രന്ഥത്തിൽ നിവേദനം ചെയ്തിട്ടുണ്ട്.(ഹുൽ കിറാമ ഭാ428) ഇങ്ങനെ ഈസാ നബി (അ) 120 വയസ്സു വരെ ജീവിച്ചിരിക്കുന്നു വെന്ന് ജിബ്രീൽ മുഖേന സിദ്ധിച്ച അറിവവനുസരിച്ച് നബി തിരുമേനി(സ) നമ്മൾക്ക് പഠിപ്പിച്ചു തന്നിരിക്കുമ്പോൾ ഈസാ നബി 33-ാമത്തെ വയസ്സിൽ അദ്ദേഹത്തോട് ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്ന് ലക്ഷക്കണക്കായ പണ്ഡിതന്മാർ പറയുന്നതായാലും അത് വിശ്വസിക്കാവതല്ല. അങ്ങനെ 33-ാമത്തെ വയസ്സിൽ ഈസാ നബി ആകാശത്തേക്ക് എടുക്കപ്പെട്ടു എന്നവിശ്വാസം അടിസ്ഥാന രഹിതമായതും ക്രിസ്ത്യാനികൾ മുഖാന്തിരം മുസ്ലിംകളിൽ പ്രചരിച്ചതുമാണെന്നു ചില പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്.'ഫത്ഹുൽ ബയാൻ' എന്ന ഖുർആൻ ഭാഷ്യത്തിൽ ഈ വിഷയകമായി ഇങ്ങനെ പറഞ്ഞു കാണുന്നു.'***ഹാഫിസ് ഇബ്നു ഖയ്യിം തന്റെ 'സാദുൽ മആദ്'' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: 'ഈസാ നബി 33-ാമത്തെ വയസ്സിൽ ഉയർത്തപ്പെട്ടുവെന്ന് പറയുന്നതിന് ആധാരമായ വിശ്വാസയോഗ്യമായ യാതൊരു ഹദീസും ഇല്ല' 33-ാമത്തെ വയസ്സിൽ ഉയർത്തപ്പെട്ടുവെന്നത് നസാറാക്കളിൽ നിന്നും നിവേദനം ചെയ്യപ്പെട്ടതാകയാൽ അദ്ദേഹം പറഞ്ഞതാണ് യാഥാർഥ്യമെന്ന് ശാമീ പറഞ്ഞിട്ടുണ്ട്.' (ഫതുഹുൽ ബയാൻ, ജിൽദ് 2 ഭാ 49)*** ഇതിൽ നിന്നും വ്യക്തമാവുന്നത് ഈസാ നബി (അ) 33-ാമത്തെ വയസ്സിൽ ആകാശത്തേക്ക് ഉയർത്തപ്പെട്ടിട്ടേയില്ലെന്നും അങ്ങനെ ഉയർത്തപ്പെട്ടുവെന്ന വിശ്വാസത്തിന് ആധാരമായിട്ടുള്ളത് ക്രിസ്ത്യാനികളുടെ വിശ്വാസം മാത്രമാണെന്നും വാസ്തവത്തിൽ അദ്ദേഹം 120 വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ടെന്ന് വരുമ്പോൾ അദ്ദേഹം 33-ാമത്തെ വയസ്സിൽ ആകാശത്തിലേക്ക് കരേറപ്പെട്ടുവെന്നും ഇതപര്യന്തമുള്ള ജീവിത ഘട്ടത്തിൽ അദ്ദേഹം വിവാഹം ചെയ്തിട്ടി ല്ലെന്നും ക്രിസ്ത്യാനികൾ പറയുന്നുവെന്നത് കൊണ്ട്മാത്രം അദ്ദേഹം വിവാഹിതനായിരുന്നില്ലെന്ന് വിശ്വസിക്കുന്നത് ന്യായമാകില്ല.

ഈസാ നബി 33 വയസ്സ് വരെ ഫലസ്തീനിൽ നയിച്ച ജീവിത ഘട്ടത്തെക്കുറിച്ച് മാത്രമേ സുവി ശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളുവെങ്കിലും, അദ്ദേഹം ദിവ്യ ദൗത്യം നിറവേറ്റിയ ഒരു സത്യ പ്രവാചകനാകണമെങ്കിൽ അതിന് ശേഷവും അദ്ദേഹം ജീവിച്ചിരുന്ന ഈസ്റായേൽ ഗോത്രങ്ങൾക്കിടയിലെല്ലാം തന്നെ തന്റെ ദൗത്യം പ്രബോധിച്ചിരിക്കേണ്ടതാണ്. എന്തെന്നാൽ അദ്ദേഹം ഇസ്റായീല്യർക്ക് വേണ്ടി റസൂലായിവന്നയാളായിരുന്നുവെന്ന് വിശുദ്ധ ഖുർആനിൽ നിന്നും സുവിശേഷങ്ങളിൽ കാണുന്ന അദ്ദേഹത്തിന്റെ സ്വന്തം വചനങ്ങളിൽ നിന്നും സ്പഷ്ടമാകുന്നു. എന്നാൽ അദ്ദേഹം ഫലസ്തീനിൽ പ്രവാചകനായി നിയോഗിക്കപ്പെട്ട കാലത്ത് ഇസ്റയേൽക്കാർ പന്ത്രണ്ട് ഗോത്രങ്ങളിൽ വെച്ച് രണ്ട് ഗോത്രങ്ങൾ മാത്രമേ അവിടെ താമസമാക്കിയിട്ടുള്ളൂ. ബാക്കി പത്ത് ഗോത്രങ്ങളും അദ്ദേഹത്തിന്റെ ആവിർ ഭാവത്തിന് മുമ്പ്തന്നെ അസ്സീറിയൻ രാജാവായ ശാലമൻസർ അവരെ പൂർവ ദേശത്ത് തടവുകാരായി കൊണ്ടുപോയതനുസരിച്ച് അഫ്ഗാനിസ്ഥാൻ കാശ്മീർ തുടങ്ങിയ സ്ഥലങ്ങളിൽ പാർപ്പുറപ്പിച്ചിരുന്നു. ഈ വസ്തുത ചരിത്രത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.* അപ്പോൾ ഇസ്റയേൽക്കാർക്കായി നിയോഗിക്കപ്പെട്ട ഈസാ നബി ഫലസ്തീനിലെ രണ്ട് ഗോത്രക്കാരോട് മാത്രം കുറച്ച് കാലത്തോളം തന്റെ ദൗത്യം പ്രബോധിച്ചതിന് ശേഷം ഭൂരിപക്ഷക്കാരായ ബാക്കി ഗോത്രക്കാരോടും അപ്രകാരം പ്രബോധനം ചെയ്യേണ്ടതിന് അവർ അധിവസിച്ചിരുന്ന ദേശങ്ങളിൽ ചെല്ലുകയും അവരുടെ ഇടയിൽ ജീവിച്ചിരിക്കുകയും ചെയ്തിരിക്കേണ്ടതാണ്. അങ്ങനെ അദ്ദേഹം ബാക്കി ഗോത്രക്കാരിലും സന്മാർഗ്ഗ പ്രബോധനം ചെയ്തില്ലെന്നു വരികിൽ അദ്ദേഹം ദിവ്യദൗത്യം നിർവഹിച്ചില്ലെന്നും തന്റെ ആഗമനോദ്ദേശ്യം സഫലമാക്കി യില്ലെന്നും പറയേണ്ടിവരും . ഇസ്റായീല്യർ അക്കാലത്ത് കാശ്മീർ മുതലയ പൂർവ ദേശത്ത് പാർത്തിരുന്നുവെന്ന സംഗതി ഇവിടെ വിസ്തരിക്കുന്നില്ല. എന്നാൽ ഈസാ നബി(അ) ഫലസ്തീനിൽ പ്രവാചകനായി നിയോഗിക്കപ്പെട്ട കാലത്ത് അവിടെ രണ്ട് ഇസ്റയേൽ ഗോത്രങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നത് യഹൂദികളും ക്രിസ്ത്യാനികളും ഒരു പോലെ അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. അതുകൊണ്ട് ബാക്കി ഗോത്രങ്ങൾ താമസിക്കുന്ന ദേശങ്ങളിൽ അദ്ദേഹം ചെന്നു തന്റെ ദൗത്യം പ്രബോധിക്കേണ്ടത് അദ്ദേഹത്തിന്റെ ധർമമായിരുന്നു. അത് അദ്ദേഹം നിർവ ഹിച്ചില്ലെന്ന് ഒരിക്കലും വിചാരിപ്പാൻ നിവർത്തിയില്ല. അദ്ദേഹം ഫലസ്തീനിൽ നിന്ന് മറു ദേശത്ത് വന്ന് താമസിച്ചിരുന്നതായി വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാവുന്നുണ്ട്.'***നാം ഈസബ്നു മർയമിനേയും അദ്ദേഹത്തിന്റെ മാതാവിനേയും ഒരടയാളമാക്കിയിരിക്കുകയും, വാസയോഗ്യവും നല്ല വെള്ളമുള്ളതുമായ ഒരുന്നത പ്രദേശത്ത് അവരിരുവർക്കും നാം അഭയം നൽകുക യും ചെയ്തു.'***

**(23:50)** ഈ വാക്യത്തിൽ നിന്ന് വ്യക്തമാവുന്നത് അല്ലാഹു ഈസാ നബിയെ അദ്ദേഹത്തിന് നേരിട്ട ഒരു വലിയ അപകടത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ജലസമൃദ്ധവും ഫലഭൂയിഷ്ടവുമായ ഒരു ഉന്നത പ്രദേശത്തിൽ അദ്ദേഹത്തിന് താമസിക്കാൻ സൗകര്യം നൽകുകയും ചെയ്തുവെന്നതാണ്. ഈ ആയത്തിൽ പറയപ്പെട്ട ലക്ഷണങ്ങളോട് കൂടിയ രാജ്യം കാശ്മീരാണെന്നത് ഒരു പരമാർഥം മാത്രമാണ്. അദ്ദേഹത്തിന്റെ അഭയസ്ഥാനം ഏലിയാണെന്നും റാമെല്ലയാണന്നും മിസ്രാണെന്നും ദിമിശ്ക്കാണെന്നും മറ്റും ഭാഷ്യകാരന്മാർ ഭിന്നാഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഫലസ്തീനിലെ ദ്രോഹികളായ യഹൂദ രിൽ നിന്ന് രക്ഷപ്പെടുന്നതിന് ഈസാ നബി ഇപ്പറഞ്ഞ ഏതെങ്കിലും സ്ഥല ത്താണ് അഭയം പ്രാപിച്ചതെന്നു വിചാരിപ്പാൻ നിവൃത്തിയില്ല. എന്തെന്നാൽ ആ സ്ഥലങ്ങളിൽ എവിടെ വെച്ചായാലും അദ്ദേഹത്തിന് യഹൂദരുടെ കയ്യിൽ നിന്നും രക്ഷപ്പെടാൻ സാദ്ധ്യമല്ല. അദ്ദേഹത്തെ യഹൂദരുടെ ദ്രോഹോദ്യമങ്ങളിൽ നിന്നു അല്ലാഹു രക്ഷപ്പെടുത്തിയതിന് ശേഷം അദ്ദേഹത്തെ പിന്നെയും ഫലസ്തീനിൽ തന്നെ താമസിപ്പിക്കുമാറാക്കിയെന്നു വിചാരിക്കുന്നത് ശരിയല്ല. അദ്ദേഹത്തിന്ന് ഈ അഭയം ലഭിച്ചത് അദ്ദേഹത്തിന്റെ ദിവ്യ നിയോഗത്തിന് ശേഷമുണ്ടായ ഒരു അപകട സംഭവത്തിന് ശേഷമായിരിക്കുമെന്ന് ഖുർആനിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ പ്രവാചകന്മാർക്ക് ദൈവത്തിൽ നിന്നു ലഭിക്കുന്ന വിജയത്തേയും അവരുടെ ശത്രുക്കൾക്കുണ്ടാകുന്ന പരാജയത്തെസംബന്ധിച്ചുമുള്ള പ്രസ്താവനകൾക്കിടയിലാണ് ഈസാ നബിയെക്കുറിച്ച് മേൽ പ്രകാരം ഖുർആൻ പ്രസ്താവിച്ചിരിക്കുന്നത്. അത്കൊണ്ട് അല്ലാഹു അദ്ദേഹത്തിന് നൽകിയ അഭയദാനം യഹൂദർ അദ്ദേഹത്തെ കൊല്ലുവാൻ ചെയ്ത ക്രൂശീകരണ ശ്രമത്തിൽനിന്നുമുള്ള രക്ഷയായിരിക്കാനേതരമുള്ളൂ. മകനുണ്ടാകുന്ന ആപത്ത് മാതാവിന് ആപത്താകുന്നതാകയാൽ ആണ് അവർ രണ്ട് പേർക്കും അഭയം നൽകി എന്ന് അല്ലാഹു മേൽപ്പടി ആയത്തിൽ പറഞ്ഞിരിക്കുന്നത്. ചുരുക്കത്തിൽ ഈസാ നബിയെ അല്ലാഹു കുരിശു മരണത്തിൽ നിന്ന് രക്ഷിക്കുകയും മേൽപ്പടി ആയത്തിൽ വിവരിക്കപ്പെട്ട ലക്ഷണങ്ങളോട് കൂടിയ ഈസ്റായേൽ ഗോത്രക്കാർ അധിവാസം ചെയ്തിരുന്ന ഒരു പ്രദേശത്ത് അദ്ദേഹത്തിന് അഭയം നൽകുകയും ചെയ്തു എന്ന് അതിൽ നിന്നും മനസ്സിലാകുന്നു. '***ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല.' (മത്താ.15:24)*** എന്നും '***കാണാതെപ്പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യ പുത്രൻ വന്നത്' (ലൂക്കാ 19: 10)*** എന്നും അദ്ദേഹം പറഞ്ഞത് കൊണ്ട്, താൻ ഇസ്റയേൽ ഗോത്രത്തിൽ കാണാതെ പോയ ഗോത്രങ്ങളുടെ അടുക്കൽ ചെന്നു അവരോട് സന്മാർഗോപദേശം ചെയ്യേണ്ടതിന് നിയുക്തമായ ആളാണെന്നാണ് വ്യക്തമാക്കി യിരിക്കുന്നത്.

ഇസ്റായേൽ ഗോത്രങ്ങൾ താമസിച്ചിരുന്ന സ്ഥലങ്ങളിൽ ഈസാ നബി സഞ്ചരിച്ചിരിന്നുവെന്ന് നബി വചങ്ങൾ വ്യക്തമാക്കുന്നു. നബി തിരുമേനി(സ) പറയുന്നു: '***അല്ലാഹു ഈസാക്ക് ഇങ്ങനെ വഹ്യ് നൽകി: 'അല്ലയോ ഈസാ നീ അറിയപ്പെടാതിരിക്കുന്നതിന് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുക.' (കൻസുൽ ഉമ്മാൽ, ജിൽദ്-2,ഭ334)*** വീണ്ടും നബി തിരുമേനി (സ) പറയുന്നു: ***സന്ധ്യയാകുമ്പോൾ കാട്ട് ചീര വർഗങ്ങൾ ഭക്ഷിക്കു കയും സ്വഛ ജലം കുടിക്കുകയും ചെയ്തു കൊണ്ട് ഈസബ്നു മറിയം ദേശ സഞ്ചാരം ചെയ്യാറുണ്ടായിരുന്നു.' (കൻസുൽ ഉമ്മാൽ,ജിൽദ്-2ഭാ,71)*** ഈ ഹദീസുകളിൽ നിന്ന് മനസ്സിലാവുന്നത് ഈസാ നബി(അ) യുടെ ദേശസഞ്ചാരം അദ്ദേഹം ഫലസ്തീനിൽ ജീവിച്ചിരുന്ന കാലത്ത് നടന്നതാണെന്ന് ഒരു പ്രകാരത്തിലും വിചാരിക്കാവതല്ല. അപ്പോൾ അത് അദ്ദേഹം തന്റെ സ്വദേശത്ത് നിന്ന് ഇസ്രായേൽ ഗോത്രങ്ങൾ താമസിച്ചിരുന്ന മറു ദേശങ്ങളിലേക്ക് പോയ ആ സുദീർഘമായ യാത്രയായിരിക്കാനേതരമുള്ളു. ഇസ്റായേൽ ഗോത്രങ്ങൾ അധിവസിച്ചിരുന്ന ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളിൽ ഈസാ നബി സഞ്ചരിച്ചിരുന്നു വെന്ന സംഗതി അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന് അദ്ദേഹത്തിന്റെ പ്രസ്തുത ദേശസഞ്ചാരത്തെ ക്കുറിച്ച് പ്രതിപാദിച്ച് കൊണ്ട് ശൈഖ് റശീദ് റിളാ തന്റെ ഖുർആൻ ഭാഷ്യത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. '***അദ്ദേഹം ഇന്ത്യയിലേക്ക് പലായനം ചെയ്തുവെന്നതും ആ രാജ്യത്തു വെച്ച് തന്നെ അദ്ദേഹം മരിച്ചു വെന്നതും യുക്തിക്കും പ്രമാണത്തിനും എതിരായുള്ളതല്ല.' (തഫ്സീറുൽ മനാർ ജിൽദ് 6 ,ഭാ 42)***

ചുരുക്കത്തിൽ ഈസാ നബി (അ) ഇങ്ങനെ കുരിശു സംഭവാനന്തരം ഇസ്റായേൽ പ്രവാസികളായ പത്തു ഗോത്രക്കാരുടെ വാസദേശത്ത് ചെന്ന് അവരുടെ ഇടയിൽ നൂറ്റിയിരുപത് വയസ്സ്വരെ ജീവിച്ചിരുന്നുവെന്ന് തെളിയുമ്പോൾ അദ്ദേഹം വിവാഹം ചെയ്തിട്ടുണ്ടോ എന്ന സംഗതി എളുപ്പം ഗ്രഹിക്കാവുന്നതാണ്. ഇത്ര സുദീർഘമായ ഒരു കാലത്തോളം ലക്ഷക്കണക്കായ ഇസ്റായേൽകാരുടെ ഇടയിൽ ജീവിച്ചിരുന്നിട്ടും അദ്ദേഹം വിവാഹം ചെയ്യാതിരിക്കണമെങ്കിൽ താഴെ പറയുന്ന മൂന്നു കാരണങ്ങളിൽ ഏതെങ്കിലും ഒന്ന് അതിന് പ്രതി ബന്ധമായി അദ്ദേഹത്തിനുണ്ടായിരി ക്കണം.

1 വിവാഹം അദ്ധ്യാത്മികത്വത്തിനും ദൈവവുമായുള്ള പ്രേമബന്ധത്തിനും തടസ്സമായ ഒന്നാണെന്ന് താൻ കരുതിയത് കൊണ്ടായിരിക്കണം അദ്ദേഹം ആ ബന്ധത്തിൽ ഏർപ്പെടാതിരുന്നത് എന്ന് വിചാരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ അദ്ധ്യാത്മികത്വത്തിലും ദൈവവുമായുള്ള ബന്ധത്തിലും അദ്ദേഹ

> വിവാഹം ചെയ്യാതിരിക്കുന്നതിനുള്ള മൂന്നുകാരണങ്ങളിൽ ഒന്നും തന്നെ ഈസാ നബിക്കില്ല എന്നു വരുമ്പോൾ, തീർച്ചയായും അദ്ദേഹം വിവാഹം ചെയ്തിരിക്കണം എന്നു തന്നെയാണ് വിചാരിക്കേണ്ടത്. എന്നാൽ ഫലസ്തീന് പുറമേയുള്ള അദ്ദേഹത്തിന്റെ ജീവിതത്തെ സംബന്ധിച്ച വൃത്താന്തം ചരിത്രത്തിന് അജ്ഞാതമായിരിക്കകൊണ്ട് അദ്ദേഹത്തിന്റെ വിവാഹത്തെക്കുറിച്ച് നമ്മൾക്ക് ചരിത്രം മുഖേന അറിയാൻ സാധിക്കുന്നില്ല എന്നേയുള്ളൂ. എങ്കിലും അദ്ദേഹം വിവാഹം ചെയ്ത ആളായിരുന്നുവെന്നു വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാവുന്നുണ്ട്.

ത്തെക്കാൾ ഉൽക്കൃഷ്ട സ്ഥാനം പ്രാപിച്ചവരെന്ന് ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസിലാവുകയും മുസ്‌ലിംകൾ അപ്രകാരം വിശ്വസിക്കുകയും ചെയ്യുന്നവരായ നബി തിരുമേനി (സ), മൂസാ നബി (അ), ഇബ്രാഹിം നബി(അ), മുതലായ പ്രവാചകന്മാർ വിവാഹം ചെയ്യുക മാത്രമല്ല, ബഹു പത്നിമാരെ സ്വീകരിക്കുകയും ചെയ്തിരുന്നു. ആ സ്ഥിതിക്കു മൂസാ നബി(അ)ന്റെ ന്യായപ്രമാണത്തെ പ്രബോധിക്കുന്നതിന് വന്നയാളെന്ന് സ്വയം സമ്മതിച്ചു പറഞ്ഞ ഈസാ നബി (അ) വിവാഹത്തെ ആദ്ധ്യാത്മികത്വത്തിന് നിരക്കാത്ത ഒരേർപ്പാടായി അതിൽ നിന്നും ഒഴിഞ്ഞു നിന്നു എന്ന് വിചാരിക്കാൻ പാടില്ലതന്നെ.

2 അദ്ദേഹം വിവാഹം ചെയ്യാതിരുന്നത് അദ്ദേഹത്തിന് ഭാര്യയായി സ്വീകരിക്കാൻ തന്റെ ജനത്തിൽ നിന്ന് ആരെയും ലഭിക്കാതിരുന്നത് കൊണ്ടാണെന്ന് വിചാരിപ്പാനും തരമില്ല. ലക്ഷക്കണക്കായ ഇസ്റായേൽ ക്കാർക്കിടയിൽ ഒരു ദീർഘകാലത്തോളം മതപ്രബോധനം ചെയ്ത് കൊണ്ട് ജീവിച്ചിരുന്ന ആ ആത്മ ഗുരുവിന് ആയിരക്കണക്കായ അനുചരന്മാർ ഉണ്ടായിരുന്നിരിക്കണം. അവരിൽ ഒരോരുത്തനും സ്വന്തം മകളെയോ പെങ്ങളെയോ തന്റെ ഭക്തിബഹുമാനങ്ങൾക്ക് പാത്രമായ ആ ഗുരുവിനു വിവാഹം ചെയ്തു കൊടുക്കുന്നത് എറ്റവും സന്തോഷകരവും അനുഗ്രഹ ലബ്ധിക്ക് കാരണമായി കരുതുമെന്നത് തീർച്ചയാണ്. ആ സ്ഥിതിക്ക് അദ്ദേഹത്തിന് ആരേയും ഭാര്യയായി ലഭിക്കാതിരുന്നത് കൊണ്ടായിരിക്കണം അദ്ദേഹം വിവാഹം ചെയ്യാതിരുന്നത് എന്ന് വിചാരിക്കുന്നതും ന്യായമല്ല.

3 അദ്ദേഹം രോഗിയായതു കൊണ്ട് പുരുഷ ശക്തി നഷ്ടമായത്കൊണ്ട് ആയിരിക്കണം അദ്ദേഹം വിവാഹം ചെയ്യാതിരുന്നത് എന്നും വിചാരിക്കാൻ തരമില്ല. എന്തെന്നാൽ അദ്ദേഹം അങ്ങനെ രോഗിയായിരുന്നുവെന്നതിലേക്ക് യാതൊരു തെളിവുമില്ല. മറിച്ചു ഫലസ്തീനിലെ അദ്ദേഹത്തിന്റെ ജീവിത ചര്യകളിൽ നിന്നും അദ്ദേഹം നല്ല ആരോഗ്യവാനും ദൃഢഗാത്രനുമായിരുന്നുവെന്നാണ് തെളിയുന്നത്. അത് തന്നെയുമല്ല ദൈവത്തിന്റെ ഒരു പ്രവാചകനെക്കുറിച്ച് അദ്ദേഹം പുരുഷ ശക്തി നഷ്ടമായ ഒരു രോഗിയാണെന്ന് വിചാരിക്കുന്നത് തന്നെ അദ്ദേഹത്തിന്റെ നേർക്കുണ്ടായിരിക്കേണ്ട ഭക്ത്യാദരങ്ങൾക്ക് നിരക്കുന്നതല്ല. ഈ അവസ്ഥ അദ്ദേഹത്തിന് ഒരു കാരണത്താലും ശ്രേഷ്ഠതക്ക് കാരണമാകുന്നതല്ല.

ചുരുക്കത്തിൽ വിവാഹം ചെയ്യാതിരിക്കുന്നതിനുള്ള മൂന്നു കാരണങ്ങളിൽ ഒന്നും തന്നെ ഈസാ നബിക്കില്ല എന്നുവരുമ്പോൾ, തീർച്ചയായും അദ്ദേഹം വിവാഹം ചെയ്തിരിക്കണം എന്നു തന്നെയാണ് വിചാരിക്കേണ്ടത്. എന്നാൽ ഫലസ്തീന് പുറമേയുള്ള അദ്ദേഹത്തിന്റെ ജീവിതത്തെ സംബന്ധിച്ച വൃത്താന്തം ചരിത്രത്തിന് അജ്ഞാതമായിരിക്കകൊണ്ട് അദ്ദേഹത്തിന്റെ വിവാഹത്തെക്കുറിച്ച് നമ്മൾക്ക് ചരിത്രം മുഖേന അറിയാൻ സാധിക്കുന്നില്ല എന്നേയുള്ളൂ. എങ്കിലും അദ്ദേഹം വിവാഹം ചെയ്ത ആളായിരുന്നുവെന്നു വിശുദ്ധ ഖുർആനിൽ നിന്ന് മനസ്സിലാവുന്നുണ്ട്. അല്ലാഹു പറയുന്നു:‘***നിനക്ക് മുമ്പ് നാം പ്രവാചകന്മാരെ നിയോഗിക്കുകയും അവർക്ക് ഭാര്യമാരെയും സന്താനങ്ങളെയും നൽകുകയും ചെയ്തു.’ (13: 38)*** ഈ ആയത്തിൽ നിന്നും നബിതിരുമേനി (സ)ക്ക് മുമ്പ് ഉണ്ടായിരുന്ന പ്രവാചകന്മാർക്ക് ഭാര്യാമക്കളുണ്ടായിരിയിരുന്നുവെന്നു വ്യക്തമാകുന്നുണ്ട് ഹദ്റത്ത് ഈസാ (അ) നബി തിരുമേനി (സ) ക്കു നേരെ മുമ്പു കഴിഞ്ഞ ഒരു പ്രവാചകനായിരിക്കെ, അദ്ദേഹം ഈ അവസ്ഥയിൽ നിന്നും ഒഴിവാകുന്ന യാതൊരു ന്യായവും ഇല്ല. തന്നെയുമല്ല മുമ്പുണ്ടായിരുന്ന പ്രവാചകന്മാർക്ക് ഭാര്യാമക്കൾ ഉണ്ടായിരുന്നുവെന്നമേപ്പടി പ്രസ്താവന തിരുമേനിക്ക് തൊട്ട് മുമ്പ് കഴിഞ്ഞ ഈസാനബിക്ക് പ്രത്യേകിച്ച് ബാധകമായിരി ക്കേണ്ടതാണ്. അല്ലെങ്കിൽ, ആ പ്രസ്താവന ശരിയാണോ എന്നും ശരിയാണെങ്കിൽ ഈസാനബിക്ക് ഭാര്യാമക്കൾ ഉണ്ടായിരുന്നുവോ എന്നും ചോദ്യമു ണ്ടാകുന്നതായിരിക്കും. അദ്ദേഹത്തിനു ഭാര്യാമക്കൾ ഉണ്ടായിരുന്നില്ലെങ്കിൽ ഖുർആന്റെ പ്രസ്താവന അസത്യമെന്നു വരുകയോ അഥവാ, അദ്ദേഹം മറ്റു പ്രവാചകന്മാരെ പോലെയുള്ള ഒരാളല്ല, ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത് പ്രകാരം ഒരു ദൈവമാകുന്നു എന്നു സമ്മതിക്കേണ്ടി വരികയും ചെയ്യുന്നതാണ്.

(സത്യദൂതൻ 1943 ഒക്ടോബർ- സമ്പാദകൻ-പി.ബി.മുഹമ്മദ് പഴയങ്ങാടി)

## മദ്യപാനം മനുഷ്യനെ നശിപ്പിക്കും

മദ്യപിക്കുന്ന ഒരോ മുതലാളിയുടേയും കഴുത്തിൽ അയാൾക്ക് വിധേയനായിക്കൊണ്ട് മദ്യപാനത്തിൽ പങ്കാളിയാവുന്ന ഓരോരുരുത്തരുടേയു പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരെ, ഈ ലോകം ശ്വാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടു കൊള്ളുവിൻ. നിങ്ങൾ ഒരോ അന്യായങ്ങളും വർജ്ജിക്കുവീൻ എല്ലാ ഒരോ ലഹരി പദാർത്ഥങ്ങളും ഉപേക്ഷിക്കുവിൻ. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല. പ്രത്യുത കറുപ്പ്, കഞ്ചാവ്, ചരസ്സ്, ഭൻഗ്, ചാരായം തുടങ്ങിയവ നിത്യ ശീലമാക്കിത്തീർക്കുന്ന ഓരോ ലഹരി പദാർഥവും മസ്തിഷ്ക്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് നിങ്ങൾക്ക് അതിൽ നിന്നും രക്ഷപ്പെടുക. നിങ്ങളെന്തിനാണ് ഇത് ഉപയോഗിക്കുന്നത്? നമുക്ക് മനസിലാകുന്നില്ല. ഇതിന്റെ ദുർഗതിയാൽ ഒരോ വർഷവും നിങ്ങളെ പോലെ മദ്യം ശീലക്കാരായ ആയിരക്കണക്കിനാളുകൾ ലോകത്ത്നിന്നും വിട പറഞ്ഞ് പോകുന്നു. പരലോകത്ത് കിട്ടുന്ന ശിക്ഷ ഇതിന്ന് പുറമേയാണ്. (കശ്തീയെ നൂഹ്)



# മനസ്സിൽ നിന്ന് മായാത്ത യാത്ര

മൗലവി യൂസുഫ് പാറപ്പുറം

കഴിഞ്ഞ സെപ്തംബറിൽ ലണ്ടനിൽ വെച്ച് നടന്ന് ആഗോള അഹ്മദിയ്യാ സമ്മേളനത്തിൽ കേരളത്തിൽ നിന്ന് പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത ലേഖകൻ ഖലീഫാ തിരുമനസ്സുമായുള്ള അഭിമുഖവും യാത്രാനുഭവങ്ങളും വിവരിക്കുന്നു.

**ഈ** വർഷം ലണ്ടനിൽ വെച്ചു നടന്ന ആഗോള അഹ്മദിയ്യാ സമ്മേളനത്തിൽ പങ്കെടുക്കാൻ ഈ വിനീതനും മൗലവി ടി. കെ. ഷൗക്കത്ത് സാഹിബിനും ഭാഗ്യം ലഭിക്കുകയുണ്ടായി. ഇന്ത്യയിൽ നിന്ന് 21 പേരടങ്ങുന്ന പ്രതിനിധി സംഘത്തിൽ മലയാളികളായി ഞങ്ങൾ രണ്ടു പേർ മാത്രം. ആത്മീയ പ്രധാനമായ ഒരു യാത്രയുടെ ധന്യാനുഭവങ്ങൾ ഒരു കുറിപ്പിലൊതുക്കുക അസാദ്ധ്യം. ഈ വർഷത്തെ യാത്രാസംഘത്തിൽ എന്നെയും കൂടി ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് ഖാദിയാൻ ഓഫീസിൽ നിന്നുള്ള അറിയിപ്പ് നേരത്തെ കിട്ടിയിരുന്നുവെങ്കിലും വിസ ലഭിക്കാൻ പിന്നെയും കടമ്പകൾ ധാരാളം! ആദ്യ ഘട്ടത്തിൽ വിസ ലഭിച്ചത് രണ്ട് പേർക്ക് മാത്രം. സർവ ശക്തനായ റബ്ബിനോട് അകമഴിഞ്ഞു പ്രാർഥിച്ചു. എല്ലാ പ്രതിബന്ധങ്ങളും നീങ്ങി. അങ്ങനെ ആഗസ്ത് 24-ാം തീയതി ഞങ്ങൾ ഖാദിയാനിലേക്ക് യാത്രയായി. 27-ാം തീയതി പരിശുദ്ധ ഖാദിയാനിലെത്തി. പിന്നീട് ഡൽഹിയിൽ നിന്നും സെപ്തംബർ 4-ാം തീയതി ലണ്ടനിലേക്ക് വിമാനം കയറി. ജീവിതത്തിലെ ആദ്യത്തെ വിമാന യാത്ര. ഒരു കൊച്ചു ഗ്രാമത്തിൽ ജനിച്ചു വളർന്ന എനിക്ക് ആകാശ വാഹനം തന്നെയും ഒരു കൗതുകമായിരുന്നു. അല്ലാഹുവിന് സ്തുതി. ഡൽഹിയിൽ നിന്ന് ഖത്തർ എയർവേയ്സിൽ ദോഹ വഴി ലണ്ടനിലെ ഹീത്രു വിമാനത്താവളത്തിലിറങ്ങി.. അൽഹംദുലില്ലാഹ്. ഒരു കാലത്ത് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തലസ്ഥാനമായ നഗരിയിലാണല്ലോ ഞങ്ങൾ എത്തിയിരിക്കുന്നതെന്നുള്ള അദ്ഭുതം.

വിമാനത്താവളത്തിലെ സുരക്ഷാ പരിശോധനകൾ കഴിഞ്ഞു പുറത്തിറങ്ങി. പരിചിത മുഖങ്ങളല്ലെങ്കിലും ഞങ്ങളെ സ്വീകരിക്കാൻ ധാരാളം പേർ ഉണ്ടായിരുന്നു. വിവിധ മതക്കാരും ജാതിക്കാരും വേഷക്കാരുമടങ്ങിയ ഒരു കൊച്ചുലോകം തന്നെയായിരുന്നു ലണ്ടൻ വിമാനത്താവളം.

സമയം വൈകുന്നേരാം 7 മണിയോടടുക്കുന്നു. നേരെ ബൈത്തുൽ ഫുത്തൂഹിലേക്ക്. വെസ്റ്റേൺ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയായ, ലോകത്തിലെ അറിയപ്പെടുന്ന 50 കെട്ടിടങ്ങളിലൊന്നായ ബൈത്തുൽ ഫുത്തൂഹിലേക്ക്. അവിടെയായിരുന്നു ഞങ്ങൾക്ക് വേണ്ട താമസ സൗകര്യങ്ങ ളൊരുക്കിയിരുന്നത്. ധാരാളം കോൺഫറൻസ് ഹാളുകളും ഓഡിറ്റോറിയം, ഡൈനിംഗ് ഹാൾ എന്നിവയടങ്ങിയബൈത്തുൽ ഹുത്തൂഹ്, ഇസ്ലാമിക-ആധുനിക ഇംഗ്ലീഷ് വാസ്തുവിദ്യയുടെ സമ്മിശ്ര നിർമിതിയാണ്. പിറ്റേ ദിവസം ഞങ്ങൾ മസ്ജിദ് ഫസൽ കാണാൻ പോയി . ഇവിടെയാണ് ഹുസൂർ തിരുമനസ്സ് താമസിക്കുന്നത്. ഇവിടെ തന്നെയാണ് ജമാഅത്തിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. അവിടെ നിന്ന് ഹുസൂറിന്റെ പിന്നിൽ നിന്ന് നമസ്ക്കരിക്കാനുള്ള ഭാഗ്യം ലഭിച്ചു. വീണ്ടും താമസ സ്ഥലത്തേക്ക് തിരിച്ചു. ലോകത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് അതിഥികൾ വന്നു കൊണ്ടേ



ലേഖകൻ ഹുസൂറിനോടൊപ്പം

പട്ടണം കൺമുന്നിൽ വിസ്മയിപ്പിച്ചു നിൽക്കുന്നു. അല്ലാഹുവിന് സ്തോത്രം. ബ്രിട്ടീഷ് മ്യൂസിയം, നാഷണൽ ഗാലറി, ലണ്ടൻ ബ്രിഡ്ജ് അങ്ങനെ ലണ്ടന് ചുറ്റുമുള്ള ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങൾ കാണുകയുണ്ടായി. ഇംഗ്ല ണ്ടിലെ മറ്റു പള്ളികളായ ദാറുൽ ബറക്കാത്ത്, ബർമിങ്ങ്ഹാം, അൽ മഹ്ദി മോസ്ക്ക്, ബ്രാഡ്ഫോസ്, ബൈത്തു റഹ്മാൻ, യൂറോപ്പിലെ രണ്ടാമത്തെ പള്ളിയായ ദാറുൽ അമാൻ, മാഞ്ചസ്റ്റർ, മറ്റു ചെറുതും വലുതുമായ അനേകം പള്ളികളും സന്ദർശിച്ചു. ഇവയെല്ലാം തന്നെ ലണ്ടൻ പട്ടണത്തിന്റെ ഹൃദയ ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇതിൽ തന്നെ ഹുസൂർ ഈ വർഷം ഉദ്ഘാടനം ചെയ്ത ദാറുൽ അമാൻ അനേകം മൈലുകൾ അകലെ നിന്നു തന്നെ കാണാവുന്ന വിധത്തിലാണ്.

ധാരാളം വിനോദ സഞ്ചാര കേന്ദ്രങ്ങളും ബ്രിട്ടീഷ്രാജ കൊട്ടാരവും നമ്മുടെ ഹുസൂർ തിരുമനസ്സിനെ സ്വീകരിച്ച് ഹുസൂർ പ്രഭാഷണം നിർവഹിച്ച ലണ്ടൻ പാർലമെന്റ് മന്ദിരവും കാണാൻ ഭാഗ്യം ലഭിച്ചു.

ഇംഗ്ലണ്ടിലെ വിശ്വപ്രസിദ്ധമായ യൂണിവേഴ്സിറ്റികളും സന്ദർശിക്കാനും ജമാഅത്തിലെ പല ഉന്നത വ്യക്തി കളെയും കാണാനും അവരുടെ ആതിഥ്യം സ്വീകരിക്കാനും ഞങ്ങൾക്ക് ഭാഗ്യം ലഭിക്കുകയുണ്ടായി.

നാട്ടിലേക്ക് യാത്ര തിരിക്കുന്നതിന്ന് മുമ്പായി ഹുസൂറിനെ വീണ്ടും കാണാൻ സാധിച്ചു. ഇത്തവണ ഈ വിനീതൻ തബ്‌ലീഗ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഹുസൂറിനു മുമ്പിൽ അവതരി പ്പിക്കു കയും ദുആക്ക് അപേക്ഷിക്കുകയും ചെയ്തു. ഹുസൂർ യാത്രാമംഗളങ്ങൾ നേർന്നു. ആ അനുഗൃഹീതകരങ്ങളിൽ നിന്നും ഒരു പാരിതോഷികം വിറക്കുന്ന കൈകളോടെ വിനയാന്വിതനായി ഏറ്റുവാങ്ങി. എന്റെ ഹൃദയം ഒന്നു കൂടി വിങ്ങി. ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങൾ. ധന്യമായ മുഹൂർത്തം, മതിവരാത്ത കൂടിക്കാഴ്ച. പിറ്റേ ദിവസം ഞങ്ങൾ ഇന്ത്യയിലേക്ക് തിരിച്ചു. കാലത്തിന്റെ ഇമാമിനോടൊപ്പം ചെല വഴിച്ച നിമിഷങ്ങൾ ഓർമയിലേക്ക് ഇരച്ച് കയറിക്കൊണ്ട് വന്നിരുന്നു. ലണ്ടൻ പട്ടണത്തിന്റെ പ്രലോഭനീയമായ വർണ്ണ കാഴ്ച്ചയേക്കാൾ ആത്മാവിൽ തങ്ങി നിൽക്കുന്ന ഹുസൂർ തിരുമനസ്സിന്റെ തിരുസന്നിധിപൂകിയ ആ നിമിഷങ്ങളുടെ അനുഭൂതി മനസ്സിൽനിന്നും മായുന്നില്ല. ഒരരിക്കലുമത് മായുകയുമില്ല.

യിരിക്കുന്നു. 7-ാം തീയതി വെള്ളി യാഴ്ച്ചയാണ് ജൽസ തുടങ്ങുന്നത്. ഇവിടെ നിന്ന് 75 കിലോമീറ്റർ അകലെയുള്ള ഹദീഖത്തുൽ മഹ്ദിയിൽ പ്രത്യേകം സജ്ജമാക്കിയ മനോഹരമായ സമ്മേളന സ്ഥലം. കൂറ്റൻ പന്തലുകൾ ധാരാളമായി ഉയർന്നു നിൽക്കുന്ന വിശാലമായ ഈ മൈതാനം ഏറെ ആകർഷണീയം തന്നെ.

ഭക്ഷണത്തിനും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുമായി ഇവിടെ പ്രത്യേകം സജ്ജീകരണങ്ങൾ ഒരുക്കിയി രിക്കുന്നു. മുപ്പതിനായിരത്തോളം ആളുകൾ പങ്കെടുത്ത സമ്മേളനത്തിൽ പ്രത്യേകം പാസ്സുകൾ ലഭിച്ചിരുന്നതിനാൽ ഹുസൂർ തിരുമനസ്സിന്റെ തൊട്ടു താഴെയായി സമ്മേളനത്തിന്റെ മുഴുവൻ സമയവും സ്റ്റേജിൽ ഇരിക്കാനും സദസ്സിനെ വീക്ഷിക്കാനും സൗകര്യം ലഭിച്ചിരുന്നു. ആഗോള ബൈഅത്തിലും ആറാമതും എട്ടാമതും ഇരിക്കാനായുള്ള സൗഭാഗ്യവും ഞങ്ങൾക്ക് ലഭിച്ചിരുന്നു. അൽഹംദുലില്ലാഹ്!

സമ്മേളനാനന്തരം ഞങ്ങൾക്ക് മുഖാമുഖത്തിനുള്ള അവസരവും ലഭിച്ചു. ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷം സമാഗതമാവാൻ പോകുന്നു. മുലാഖാത്തിന് ക്യൂവിൽ നിൽക്കുമ്പോൾ എന്തൊക്കെയോ ചിന്തിച്ചുപോയി. സെക്കന്റുകൾക്ക് യുഗങ്ങളുടെ ദൈർഘ്യ മുള്ളത് പോലെ."അസ്സലാമു അലൈക്കും യാ അമീറുൽ മുഅ്മിനീൻ'. ഹുസൂറിനെ അഭിവാദ്യം ചെയ്തുകൊണ്ട് മുറിയിൽ പ്രവേശിച്ചു. ഹുസൂർ പ്രത്യഭിവാദ്യം ചെയ്തു ഹസ്തദാനം ചെയ്തു. സന്തോഷത്തിന്റെയും കൃതജ്ഞ തയുടെയും അനർഘ നിമിഷങ്ങളായിരു ന്നു അത്. എന്തെന്നില്ലാത്ത ഒരു ആത്മീയ നിർവൃതിഅനുഭവപ്പെട്ടു. സമയം പോകുന്ന തറിഞ്ഞില്ല. ആ സ്നേഹമൂർ ത്തിയുടെ മുന്നിൽ ഞാൻ ഒരു ഹിമകണം പോലെ അലിഞ്ഞില്ലാതാകുന്നതായി തോന്നി. ഞാൻ നിൽക്കുന്നത് ആരുടെ മുന്നിലാണ്... എന്നോട് സംസാരിക്കുന്നത് ആരാണ്... പൂർണചന്ദ്രന്റെ ശോഭയുള്ള തായിരുന്നു ആ വദനം!

രോഗികളായ സഹോദരങ്ങൾക്ക് വേണ്ടിയും കോഴിക്കോട് അമീർ ആവശ്യ പ്പെട്ടതനു സരിച്ചും ഹുസൂറിനോട് പ്രത്യേകം ദുആക്കപേക്ഷിച്ചുകൊണ്ട് എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർകവി ഞ്ഞൊഴുകി. പുറത്തേക്കുള്ള വഴിയറി യാതെ വിഷമിച്ചു നിന്ന എന്നെ ഹുസൂർ തന്നെ വാതിൽക്കലെത്തിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ ലണ്ടൻ പട്ടണം ചുറ്റിക്കാ ണാനുള്ള സൗകര്യം ഞങ്ങൾക്കായി ഒരുക്കിയിരുന്നു.

ഇന്റർനാഷണൽ ജാമിഅ യു. കെ. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരുസ്ഥാപനമാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രമായ ഇവിടെ ജമാഅത്ത് വിലകൊടുത്ത് വാങ്ങിയ സ്ഥലത്താണ് ഈ സ്ഥാപനം. അത് പോയികാണുക യുണ്ടായി. ഖലീഫ നാലാമന്റെയും ഭാര്യയുടെയും ഖബറിടം സ്ഥിതി ചെയ്യുന്ന സ്ഥലം സന്ദർശിക്കുകയും ദുആ ചെയ്യുകയും ചെയ്തു. ഇതിനടു ത്തുള്ള ക്വാർട്ടേഴ്സിൽ വെച്ച് ഖലീഫത്തുൽ മസീഹിന്റെ ഉറുദു ക്ലാസിലുണ്ടായിരുന്ന ചീനി സാഹിബിനെ കാണുകയുണ്ടായി. കുട്ടിക്കാലത്ത് പുസ്തകത്തിൽ വായിച്ചിട്ടുള്ള ലണ്ടൻ

# ഗസ്സ: ഹോളോകാസ്റ്റിന് ശേഷം

മുസാഫിർ

പിറന്ന നാട്ടിൽ നിന്ന് അടിച്ചോടിക്കപ്പെട്ട് അഭയാർഥികളായിക്കഴിയുന്ന ഒരു ജനതയെ അരനൂറ്റാണ്ടുകാലമായി നിരന്തരം വേട്ടയാടുന്ന ഭീകരത ഈ കാല ഘട്ടത്തിന്റെ വിശ്വമാനവ സംസ്ക്കാരത്തിന്മേലുള്ള വലിയ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുക തന്നെ ചെയ്യും. ഇസ്റയേലിന്റെ ഫലസ്തീൻ ആക്രമണത്തിന്റെ ഏറ്റവും പുതിയ വാർത്ത കഴിഞ്ഞ 2012 നവം 14 മുതൽ ആരംഭിച്ച് ഒരാഴ്ച്ച നീണ്ടുനിന്ന ഗസ്സക്കെതിരെയുള്ള കടുത്ത മിസൈലാക്രമണമായിരുന്നു. ആക്രമണത്തിൽ 162 ഓളം ഫലസ്തീൻകാർ കൊല്ലപ്പെട്ടു. ഇതിൽ 42 കുട്ടികളും11 സത്രീകളും ഉൾപ്പെടെ ഫലസ്തീൻകാരായ സിവിലിയൻമാരാണ് മരിച്ചത്. 5 ഇസ്റയേലികളും മരിച്ചു. 41 കി.മി നീളവും 6 മുതൽ 12 കി .മി വരെ വീതിയുമുള്ള ഒരു സ്ഥലത്ത് 1.7 ദശലക്ഷം ജനങ്ങൾ തിങ്ങി പാർക്കുന്ന ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശമാണ് ഗസ്സ എന്നോർക്കണം. ആണവ ശക്തിയായ ഇസ്റയേലുമായി യാതൊരുവിധ താരതമ്യവുമില്ലാത്ത ഗസ്സ ഭരണകൂടമായ ഹമാസിനെ ശക്തികൊണ്ട് അടിച്ചമർത്താമെന്നാണ് ഇസ്റയേൽ കരുതുന്നത്. മുക്കാൽ ലക്ഷത്തോളം പട്ടാളക്കാരെ അണിനിരത്തി ഇസ്റയേൽ ഗസ്സയിലേക്ക് ഹമാസുമായി കരയുദ്ധത്തിന്ന് തയ്യാറെടുക്കുകയായിരുന്നു. റോക്കറ്റാക്രമണത്തിൽ നിരവധി കെട്ടിടങ്ങൾ തകർന്ന് തരിപ്പണമായി. ഈജിപ്ഷ്യൻ പ്രസിഡണ്ട് മുഹമ്മദ് മുർസിയുടെ ശ്രമഫലമായി അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റന്റെ നേതൃത്വത്തിലാണ് വെടിനിർത്തൽ നിലവിൽ വന്നത്. അതിന്ന്ശേഷവും ഇസ്റയേൽ സ്ഥിരം ശൈലിയിലിൽ ഫലസ്തീനികൾക്കെതിരെ അറസ്റ്റും അക്രമണവും തുടരുകയാണ്.

കഴിഞ്ഞ ഒക്ടോബർ 5 ന് അഹ്മദ് അന്നബാഹിൻ എന്ന പേരായ ഒരു മനോരോഗിയായ ഇരുപതുകാരൻ അൽ ബുറൈജി അഭയാർഥി ക്യാമ്പിന് സമീപം അതിർത്തി വേലിക്കരികെ സന്ധ്യാ നേരത്ത് അലയുകയായിരുന്നു. ഈ ഫലസ്തീൻ ചെറുപ്പക്കാരനെ യാതൊരു പ്രകോപനവും കൂടാതെ ഇസ്റയേൽ സൈന്യം വെടിവെച്ചു. വെടിയേറ്റ ആ ചെറുപ്പക്കാരനെ ആശുപത്രിയിലെത്തിക്കാൻ വന്ന ആംബുലൻസ് ഇസ്റയേൽ ഭടന്മാർ തടയുകയും യുവാവ് അവിടെ കിടന്ന് മരിക്കുകയും ചെയ്തു. അതിന് ദിവങ്ങൾക്ക് മുമ്പ് നടന്ന മറ്റൊരു സംഭവത്തിൽ ഇസ്റയേലിന്റെ ഹെലികോപ്റ്ററുകൾ വെടിയുതിർത്തപ്പോൾ പതിമൂന്നുകാരനായ ഒരു ഫലസ്തീൻകാരനും കൊല്ലപ്പെട്ടിരുന്നു. ഈ സംഭവങ്ങൾക്ക് ഫലസ്തീനികളുടെ ഭാഗത്ത് നിന്നും പ്രതികരണമുണ്ടായി. അവർ ഗസ്സയിൽ നിന്നും റോക്കറ്റ് തൊടുത്തു വിട്ടു തിരിച്ചടിച്ചു. ആദ്യം ഇസ്റായേലി ന്റെ ഭാഗത്ത് നിന്നുണ്ടായ പ്രകോപനങ്ങൾ മറച്ച് വെച്ച് ഫലസ്തീനികളുടെ റോക്കറ്റാക്രമണത്തിന്റെ പേരുപറഞ്ഞ് ഇസ്റയേൽ ഊഹാതീതമായ തോതിൽ തിരിച്ചടിക്കുകയായിരുന്നു.

ഈ യുദ്ധത്തിനിടയിൽ ഹമാസ് സൈന്യത്തിന്റെ രണ്ടാം മേധാവിയായിരുന്ന അഹ്മദ് ജബരി വധിക്കപ്പെടുയുണ്ടായി. ഇസ്റയേൽ അവരുടെ ചിരകാലാഭിലാഷം സാദ്ധ്യമാക്കിത്തീർക്കുകയായിരുന്നു. ഗസ്സയിലെ ഒമർ മുക്താർ തെരുവിൽ വാഹനത്തിൽ സഞ്ചരിക്കുകയായിരുന്ന ജബരിയേയും അംഗരക്ഷക നേയും ആകാശത്ത് നിന്ന് ഇസ്റയേൽ സൈന്യം റോക്കറ്റാക്രമണത്തിലൂടെ വധിക്കുകയായിരുന്നു.ജബരിയെ വധിക്കാൻ ഇസ്റയേൽ കാഞ്ചി വലിച്ച് കാത്തുനിൽക്കുകയായിരുന്നു. 2006 ജൂൺ 25ന് ബസ്സാം ബ്രിഗേഡ് എന്ന ഫലസ്തീൻ സൈനിക ഗ്രൂപ്പ് ഗാസയിൽ നിന്നും ഇസ്റായേൽ ബോർഡർ വരെ നീളുന്ന തുരങ്കങ്ങളി ലൂടെ നുഴഞ്ഞു വന്ന് ഗിലാദ് ശാലിത് എന്ന ഇസ്റയേലി സൈനികനെ തട്ടി കൊണ്ട് പോയി ബന്ദിയായി പിടിച്ചു വെക്കുകയും പിന്നീട് വിലപേശി വിട്ടയക്കുകയും ചെയ്തിരുന്നു. ഇതിന് പിന്നിൽ പ്രവർത്തിച്ചത് അഹ്മദ് ജബരിയായിരുന്നു. ഇസ്റായേൽ കിണഞ്ഞു പരിശ്രമിച്ചിട്ടും ഗിലാദിനെ വിട്ടുകൊടുത്തില്ല. അവസാനം 2011 ഒക്ടോബർ 18ന് ഫലസ്തീൻ സെന്റർ ഫോർ റിസർച്ച് ആന്റ് ഇൻഫർമേഷൻ കോ ചെയർമാനും, ജെറുസലേം പോസ്റ്റ് പത്രത്തിലെ കോളമിസ്റ്റുമായ ഗെർഷോം ബാസ്കിന്റെ മദ്ധ്യസ്ഥശ്രമത്തിൽ തടവുകാരെ പരസ്പരം കൈമാറിക്കൊണ്ടുള്ള ഒരു കരാറിലൂടെയാണ് ഗിലാദിനെ ഇസ്റയേലിന് കൈമാറിയത്. ഇസ്റായേലിന് ഈ കൈമാറ്റത്തിന്ന് വൻവില നൽകേണ്ടിവന്നു. 2006 ൽ ഇസ്റയേൽ പിടിച്ച് ജയിലിലിട്ട 1027 ഫലസ്തീനികളെ വിട്ടയക്കണമെന്ന കരാറിൽ ഗിലാദ് ശാലിതിനെ ഹമാസ് വിട്ടയച്ചു. അതോടെ ഇസ്റയേലിന്റെ കണ്ണിലെ കരടായി മാറിയ അഹ്മദ് ജബരി തനിക്കെതിരെ ഏത് സമയത്തും ഇസ്റയേലിന്റെ അക്രമണമുണ്ടാകുമെന്ന ഭയത്താൽ അധികവും പരസ്യമായി പ്രത്യക്ഷപ്പെടാറില്ലായിരുന്നു. പ്രതികാരം ചെയ്യാതെ ഉറക്കം വരാത്ത ഇസ്റയേൽ ഈ യുദ്ധ വേളയിൽ ആകാശത്ത്നിന്ന് മിസൈൽ അയച്ച് ജബരിയെ വധിക്കുകയായിരുന്നു.

തീവ്ര നിലപാടുകൾക്ക് കുപ്രസിദ്ധി നേടിയ ഇസ്റായേൽ പ്രധാന മന്ത്രി ബെഞ്ചമിൻ നതന്യാഹുവിന്റെ ഈ ഒടുങ്ങാത്ത യുദ്ധക്കൊതിക്കെതിരെ ഇസ്റയേലിനകത്തും പുറത്തുമായി വൻ പ്രതിഷേധം ഉയരുകയുണ്ടായി മുൻപ് പരാമർശിച്ച ഇസ്റായേലി സൈനികൻ

ഗിലാദ് ശാലിതിന്റെ മോചനത്തിന് പരിശ്രമിച്ച യഹൂദനായ ഗർഷോം ബാസ്ക് ന്യൂ യോർക്ക് ടൈംസി ലെഴുതിയ ലേഖനത്തിൽ ഇസ്റയേലിന്റെ ആക്രമണത്തെ അതി നിശിതമായി വിമർശിക്കുകയുണ്ടായി. ഈജിപ്ത് മുൻകൈയെടുത്ത് തയ്യാറാക്കിയ വെടിനിർത്തൽ കരാറിന്റെ കരട് രേഖ കൈയിൽ കിട്ടിയ ദിവസമാണ് ജബരി കൊല്ലപ്പെട്ടതെന്ന് ചൂണ്ടികാട്ടിയ ബാസ്ക് ഗിലാദ് ശാലിതിനോട് വളരെ മാന്യ മായാണ് ഹമാസ് ഭടന്മാർ പെരുമാറി യതെന്നും ഗിലാദിന്റെ സുരക്ഷയിൽ മറ്റാരെക്കാളും ശ്രദ്ധ ചെലുത്തിയത് ജബരിയായിരുന്നുവെന്നും തന്റെ ലേഖനത്തിൽ തുറന്നടിക്കുകയുണ്ടായി. ഗിലാദിന്റെ പിതാവും ഇസ്റയേലി ന്റെ ഈ കൊലപാതകത്തെ അപലപിച്ചു.

അറബ് വസന്തത്തിന് ശേഷം മുസ്‌ലിം ലോകത്ത് ജനങ്ങളുടെ അംഗീകാരമു ള്ളതും ജനങ്ങളോട് ഉത്തവാദിത്വമുള്ള ഭരണകൂടങ്ങൾ നിലവിൽ വന്നിട്ടുണ്ട് . രണ്ട് ദശകത്തോളം തുണീഷ്യയിൽ ഏകാധിപതിയായിരുന്ന സൈനുൽ ആബ്ദീൻ അലിയും മൂന്ന് ദശകങ്ങ ളോളം ഈജിപ്ത് ഭരിച്ച ഹുസ്നി മുബാറക്കും നാല് ദശകങ്ങളോളം ലിബിയ ഭരിച്ചിരുന്ന കേണൽ മുഅമ്മർ ഖദ്ദാഫി യും സ്വയം വലിയവരാണെന്ന് കരുതിയ ബുദ്ധി ശൂന്യരും സ്വാർഥമതികളും ജനങ്ങൾ ക്കൊരുഭാരവുമായിരുന്നു.ഈ ഭരണാധികാരികളെല്ലാം നിഷ്ക്കാ സിതരായി. സ്വന്തം ജനത തന്നെ ജനാധി പത്യപരമായ രീതിയിൽ അവരുടെ ഭരണകൂടത്തെ തിരഞ്ഞെടുത്ത് പുതിയ ഭരണക്രമത്തിലേക്ക് പ്രവേശിച്ചു കൊണ്ടി രിക്കുന്ന ഘട്ടത്തിലാണ് ഈസ്റയേൽ മുസ്‌ലിം ഹൃദയത്തിൽ ആഞ്ഞടിച്ചത്. ഇഖ്വാനുൽ മുസ്‌ലിമൂൻ ഭരിക്കുന്ന ഈജിപ്തും അറബ് രാജ്യങ്ങളും പ്രകോപിതരാകുമെന്നും യുദ്ധം വ്യാപി പ്പിക്കാമെന്നും ഇസ്റായേൽ പ്രധാനമന്ത്രി നെതന്യാ ഹു കരുതിയിട്ടുണ്ടാവാം. പക്ഷേ ഈജിപ്ത് മുൻ കൈയെടുത്താണ് സമാധാനക്കരാർ ഉണ്ടാക്കി യുദ്ധവിരാമം കൊണ്ടുവന്നത്. മാത്രമല്ല അറബ് ലോകം ഒറ്റക്കെട്ടായി ഈ ആക്രമണത്തിനെതിരെ നിലകൊ ണ്ടതും യൂറോപ്പി ൽ നിന്നും അമേരിക്കയിൽ നിന്നും ഇസ്റയേലിന് കാര്യമായ പിന്തുണയില്ലാതിരുന്നതു കാരണം യുദ്ധം നിർത്താൻ ഇസ്റായേൽ നിർബന്ധിത മാവുകയായിരുന്നു. ഇസ്റയേലിലെ ഭരണ നേതാക്കന്മാർ ക്കിടയിൽ തന്നെ കരയുദ്ധ ത്തിന് സേനയെ സജ്ജമാക്കിയതിൽ എതിർപ്പു



ണ്ടായിരുന്നുവെന്ന് റിപ്പോർട്ടുണ്ട്

ഇക്കഴിഞ്ഞ ഗസ്സാ ആക്രമണം ഇസ്റയേലിന് സൈനികമായി വിജയം നൽകിയെങ്കിലും രാഷ്ട്രീയമായി പരാജയമാണെന്നാണ് വിലയിരുത്തുന്നത്. അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടു പ്പിന്റെ ഫലം അറിയാൻ തുടങ്ങിയത് മുതലാണ് ഇസ്റയേൽ വമ്പിച്ച തോതിൽ ഗസ്സാ അതിർത്തിയിൽ സൈനിക സജ്ജീകരണം നടത്താൻ ആരംഭിച്ചത്. അമേരിക്കൻ തിരഞ്ഞെടുപ്പിൽ തങ്ങളുടെ പ്രിയതോഴനായിരുന്ന മിറ്റ് റോംനിയുടെ പരാജയം ഇസ്റയേലിനെ നിരാശപ്പെടു ത്തിയിരുന്നു. അമേരിക്കൻ മുൻ പ്രസിഡ ന്റും യുദ്ധകൊതിയനുമായ ജോർജ്ജ് ബുഷിനെ അപേക്ഷിച്ച് ഇസ്റയേലിന്റെ തീവ്ര നിലപാടുകളോട് ഒബാമ ഇതിനകം തന്റെ വി യോജിപ്പുകൾ പരസ്യമായി തന്നെ പ്രകടിപ്പിച്ചിട്ടുണ്ട്. പശ്ചിമേഷ്യൻ ചർച്ചകളിൽ ഇസ്റയേൽ അധിനിവിഷ്ഠ ഭൂമികളിലെ വസതി നിർമാണം നിർത്തി വെക്കണമെന്നത് മുന്നുപാധിയായി സ്വീകരിക്കണമെന്ന് ശക്തമായ അഭിപ്രായ മുള്ള ഒബാമ ഇസ്റയേലിന് അനഭിമത നാണ്. ഒബാമയുടെ നിലപാടുകൾക്കുള്ള ഒരു മുന്നറിയിപ്പ് എന്ന നിലക്കാണ് ഇസ്റയേലിന്റെ ഈ സൈനിക നീക്കം എന്ന അഭിപ്രായപ്പെടുന്നവരുണ്ട്. മറ്റൊരു കാര്യം തീവ്ര നിലപാടുകളുടെ പേരിൽ ഏറേ ദുഷ്പ്പേർ ഏറ്റുവാങ്ങിയ ഇഖ്വാ നുൽ മുസ്‌ലി മൂൻ അഥവാ മുസ്‌ലിം ബ്രദർഹുഡ് ആണ് ഇപ്പോൾ ഈജിപ്ത് ഭരിക്കുന്നത്. അവർ ഇപ്പോൾ കാര്യബോധ ത്തോടെ വിവേകപൂർവം പെരുമാറുന്നു എന്നത് ശുഭോദർക്കമാണ്. ഇസ്റയേലിന്റെ ഈ ആക്രമണം ഈജിപ്തി നെ പ്രതിസ ന്ധിയിലാക്കുമെന്ന് കരുതിയവർക്ക് തെറ്റി. 2008 ൽ ഹുസ്നി മുബാറക്കിന്റെ കാലത്ത് ഗസ്സാ ആക്രമണമുണ്ടായപ്പോൾ തിരിഞ്ഞു നോക്കാത്ത ഈജിപ്ത് ഇപ്പോൾ ഗസ്സയിൽ ആശ്വാസവുമായെത്തി മാത്രമല്ല ഇപ്പോൾ യുദ്ധവിരാമത്തിന് നേതൃപരമായ പങ്ക് വഹിച്ചതും ഈജിപ്താണ്. അപ്രകാരം അക്രമിക്കപ്പെട്ട ഗസ്സയിൽ ഈജിപ്ഷ്യൻ പ്രധാന മന്ത്രി ഹിശാം ഖൻദീലും തുണീ ഷ്യൻ വിദേശ കാര്യ മന്ത്രി റഫീക്ക് അബ്ദുസ്സലാമും ഗസ്സയിലെത്തുകയു ണ്ടായി. ഇസ്റയേലിന്റെ ഉപരോധം ശക്തമായി നിലനിൽക്കേ ഖത്തർ ശൈഖ് അഹ്മദ് ബിൻ ഖലീഫ അൽ താനി ചരിത്രത്തിലാദ്യമായി യുദ്ധം തുടങ്ങുന്ന തിന് മുമ്പ് ഒക്ടോബറിൽ ഗസ്സ സന്ദർശി ക്കുകയും 400 ബില്ല്യൻ ഡോളറിന്റെ നിക്ഷേപ പദ്ധതി ഉദ്ഘാടനം ചെയ്യുകയു മുണ്ടായി. ഇതെല്ലാം തന്നെ അറബ് വസന്തവുമായി ബന്ധപ്പെട്ട ഫലസതീൻ അറബ് ബന്ധത്തിന്റെ പശ്ചാത്തല ത്തിലുള്ള പുതിയ ചലനങ്ങളാണ്. പഴയ സമവാക്യങ്ങളെല്ലാം മാറിവരുന്നതിന്റെ സൂചനയായി ഇതിനെകാണാം. ഫലസ് തീൻ ഐക്യ ദാർഢ്യത്തിന് അറബിക ളുടെ ഭാഗത്ത് നിന്നും ഇത്തവണ യോജിച്ചുള്ള നീക്കമാണുണ്ടായത്. ഗസ്സാ യുദ്ധത്തിനെതിരെ അറബ് ലീഗിന്റെ ഭാഗത്ത് നിന്നും ശക്തമായ ഐക്യദാർ ഢ്യ പ്രകടനം കാണാൻ കഴിഞ്ഞു. ഈജിപ്തിന്റെ നേതൃത്വത്തിൽ ഹമാസു മായി ഇസ്റയേലുണ്ടാക്കിയ കരാർ വ്യവസ്ഥപരിശോധിച്ചാൽ ഫലസ്തീനി കൾക്ക് അനുകൂലമായ നിരവധി കാര്യങ്ങൾ അതിലുണ്ടെന്ന് കാണാം. വ്യക്തികളെ ലക്ഷ്യം വെച്ചുള്ള ആക്രമ ണങ്ങൾ അവസാനിപ്പിക്കുക, അതിർത്തി കളിലെ താമസസ്ഥലങ്ങൾ അക്രമിക്കാ തിരിക്കുക, ഗസ്സ നിവാസികളുടെ സ്വതന്ത്ര മായ സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടു ത്താതിരുക്കുക മുതലായവയാണ് കരാർ നിബന്ധനകൾ. ലംഘിച്ചാൽ അത് ഈജിപ്തിനെ അറിയിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കരാർ നിലവിൽ വരുന്നതോടെ ഈജിപ്തി ന്റെയും ഗസ്സയുടേയും അതി ർത്തിയായ റഫാഹ് തുറന്ന് കിട്ടുകയാണ് ചെയ്യുക. അറബ് വസന്തത്തിന് ശേഷം ഗസ്സയിലേ ക്കുള്ള സന്ദർശനം അധികമായ സാഹചര്യത്തിൽ ഗസ്സയുടെ ഒറ്റപ്പെടലിന്

അറുതിവരുമെന്ന് കരുതാമോ ഫലസ്തീനികളുടെ ഔദ്യോഗിക ഭരണാധികാരിയായി കരുതുന്ന പി.എൽ.ഒ ചെയർമാനും ഫലസ്തീൻ നാഷനൽ അതോറിറ്റി പ്രസിഡണ്ടുമായ മഹ്മൂദ് അബ്ബാസിനെ തഴഞ്ഞ് ആദ്യമായാണ് തീവ്രവാദികളെന്ന് ഇസ്റായേലും അമേരിക്കയും മുദ്രകുത്തിയ ഹമാസുമായി അമേരിക്കൻ സാന്നിദ്ധ്യത്തിൽ ഇസ്റയേൽ ഒരു കരാറുണ്ടാക്കുന്നത്.

ഇതിനിടെ 2012 നവം: 30 ന്ന് ഐക്യരാഷ്ട്ര സഭയിൽ ഫലസ്തീന്ന് ഇപ്പോഴത്തെ നിരീക്ഷക പദവിയിൽ നിന്നും നോൺമെംബർ ഒബ്സർവർ സ്റ്റേറ്റ് (അംഗത്വമില്ലാത്ത നിരീക്ഷക രാഷ്ട്രം) എന്ന പദവി ലഭിച്ചിരിക്കയാണ് ഇന്ത്യയുൾപ്പെട 120 രാഷ്ട്രങ്ങൾ ഫലസ്തീനെ യു എന്നിൽ പിന്തുണച്ചത്. പൂർണ അംഗത്വം കൈവരാനുള്ള ഫലസ്തീന്റെ സ്വപ്നങ്ങൾ പൂവണിയുമോ? ഏതായാലും മത ചരിത്രത്തിൽ അനർഘമായ സ്ഥാനമുള്ള ഫലസ്തീൻ മണ്ണിൽ ചോരവീഴാത്ത സമാധാനത്തിന്റെ ദിനങ്ങൾ എത്രയും വേഗം തിരിച്ചു വരട്ടെ.

**ഫലസ്തീന് നിരീക്ഷക രാഷ്ട്ര പദവി**

വൈകിയാണ് ചരിത്ര പ്രധാനമുള്ളതും സന്തോഷകരവുമായ ഈ വാർത്ത ലഭിച്ചത്. രാഷ്ട്രമില്ലാത്ത ഫലസ്തീൻ അഭയാർത്ഥിജനതക്ക് ഒരു പൂർണ രാഷ്ട്രം എന്ന തങ്ങളുടെ ചിരകാല സ്വപ്നത്തിലേക്ക് നടന്നടുക്കുകയാണ്. 2012 നവം: 30ന്ന് ഐക്യരാഷ്ട്ര സഭയിൽ ഫലസ്തീന്ന് ഇപ്പോഴത്തെ നിരീക്ഷക പദവിയിൽ നിന്നും നോൺ മെംബർ ഒബ്സർവർ സ്റ്റേറ്റ് (അംഗത്വമില്ലാത്ത നിരീക്ഷക രാഷ്ട്രം) എന്ന പദവിയാണ് ലഭിച്ചിരിക്കുന്നത്. ഐക്യരാഷ്ട്ര സഭയിൽ 193 രാജ്യങ്ങൾക്കാണ് അംഗത്വമുള്ളത്. 193 അംഗരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുൾപ്പെടെ 139 രാഷ്ട്രങ്ങളാണ് ഫലസ്തീനെ യുഎന്നിൽ പിന്തുണച്ചത്. അമേരിക്കയും ഇസ്റയേലുമടക്കം കാനഡ, ചെക്ക് റിപ്പബ്ളിക്ക് എന്നീ രാജ്യങ്ങളും അപ്രശസ്തങ്ങളായ പാനമ, ശാന്ത സമുദ്ര ദ്വീപുകളായ മാർഷ്യൽ ദ്വീപുകൾ മൈക്രോനേഷ്യ, നാവ്റു, പലാവ് എന്നീ ചെറുകിട രാജ്യങ്ങളും മാത്രമമാണ് ഫലസ്തീനെതിരായി വോട്ട് ചെയ്തത്. രക്ഷാസമിതി അംഗമായ അമേരിക്ക എതിർത്തപ്പോൾ റഷ്യ, ചൈന, ഫ്രാൻസ് എന്നിവർ പിന്തുണക്കുകയും അമേരിക്കയുടെ സന്തത സഹചാരിയായിരുന്ന ബ്രിട്ടൻ വോട്ടെടുപ്പിൽ പങ്കെടുക്കാതെ ഒഴിഞ്ഞു നിൽക്കുകയുമാണ് ചെയ്തത്. മറ്റൊരു കാര്യം അമേരിക്കയുടെ എല്ലാ തിട്ടൂരങ്ങൾക്കും തുല്യം ചാർത്തുന്ന യൂറോപ്യൻ യൂണിയനിലെ 17 രാഷ്ട്രങ്ങൾ ഫലസ്തീനെ പിന്തുണക്കുകയുണ്ടായി. വോട്ടെടുപ്പിൽ അമേരിക്കയുടേയും ഇസ്റയേലിന്റെയും ദയനീയമായ ഒറ്റപ്പെടൽ അവരുടെ നയങ്ങളോടുള്ള ലോക രാഷ്ട്രങ്ങളുടെ മിതമായ പ്രതിഷേധമായി കണക്കാക്കാം.ഫലസ്തീന്ന് ഇത് പ്രതീകാത്മകമായി വലിയ വിജയമാണ് നേടിതന്നിരിക്കുന്നത്. പതിറ്റാണ്ടുകളായി പീഢിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഫസ്തീൻ ജനതക്ക് അതി വേഗം പൂർണ മോചനം ലഭിക്കട്ടെ എന്ന് നമുക്ക് പ്രതീക്ഷിക്കാം.

# എറണാകുളം മേഖലാ സമ്മേളനം

എറണാകുളം: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ എറണാകുളം മേഖല സമ്മേളനം നവംബർ 11-ാം തിയതി ടൗൺഹാളിൽ വെച്ച് നടന്നു. എല്ലാ മതഗുരുക്കൻമാരേയും ബഹുമാനിക്കണമെന്നതാണ് ഇസ്ലാം നല്കുന്ന പാഠമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത് കൊണ്ട് സദർ അഞ്ജുമൻ അഹ്മദിയ്യ അംഗം മൗലാനാ സുൽത്താൻ അഹ്മദ് സഫർ സാഹിബ് പറഞ്ഞു. ഭീകരതയുടെ പ്രതീകമായി ഇസ്ലാം മതത്തെ മുസ്ലിംകൾ തന്നെ അവതരിപ്പിക്കുന്നു. മാനവരാശിയെ ഒന്നായി കാണുന്ന ഇസ്ലാം യഥാർഥത്തിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭൗതികമായ എല്ലാ അനുകൂല സാഹചര്യമുണ്ടായിട്ടും മുസ്ലിംകൾ അധഃപതനാവസ്ഥയിലാണുള്ളതെന്നും ഖിലാഫത്ത് വ്യവസ്ഥിതിയെ അംഗീകരിക്കുന്നതിലൂടെ മാത്രമേ രക്ഷപ്രാപിക്കാൻ സാധിക്കുകയുള്ളുവെന്നും സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച സോണൽ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. മൗലവി എം. നാസിർ അഹ്മദ്, മൗലവി മുഹമ്മദ് നജീബ് ഖാൻ, മൗലവി സുൽത്താൻ നസീർ, സി. ശമീം, പി.കെ. മുഹമ്മദ് ശരീഫ്, ഇ.എച്ച്. നജീബ്, സുബൈർ ആലപ്പുഴ തുടങ്ങിയവരും പ്രസംഗിച്ചു.

(ബി. എം. മുഹമ്മദ് നജീബ്, എറണാകുളം)

## അനുസ്മരണം



കോഴിക്കോട്: കോഴിക്കോട് ജമാഅത്തിലെ മൂസാ മുഹമ്മദ് മണിക് ഫാൻ (78 വയസ്) ഒക്ടോബർ 1ന് വഫാത്തായി ഇന്നാലില്ലാഹി.. 1995ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ വന്ന ഇദ്ദേഹം മിനിക്കോയി ദ്വീപിലെ ആദ്യത്തെ അഹ്മദി എന്ന് കരുതപ്പെടുന്ന ബി. അബ്ദുല്ല സാഹിബിന്റെ മകനാണ്. അബ്ദുല്ലാഹ് സാഹിബ് സ്വത്തിന്റെ പത്തിലൊന്ന് ഭാഗം ജമാഅത്തിന് നല്കുകയുണ്ടായി. എന്നാൽ ഇദ്ദേഹത്തിന്റെ ബൈഅത്തിനെ കുറിച്ച് രേഖകളിൽ നിന്ന് വ്യക്തമല്ല. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കി അനുഗ്രഹിക്കട്ടെ ആമീൻ


Muslim Television Ahmadiyya International
INTERNATIONAL
www.alislam.org




കോഴിക്കോട് മേഖലാ സമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സഫർ ഉദ്ഘാടനം ചെയ്യുന്നു. കോഴിക്കോട് മേഖല അമീർ അഹ്മദ് കോയ സമീപം




മേഖലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന ദിവ്യസ്മൃതി യോഗം മൗലാനാ സുൽത്താൻ അഹ്മദ് സഫർ ഉദ്ഘാടനം ചെയ്യുന്നു. അഹ്മദ് കോയ, എം. അബ്ദുൽ റഹ്മാൻ, പ്രൊഫ. മഹ്മൂദ് അഹ്മദ്, ഏ.എം.മുഹമ്മദ് സലിം എന്നിവർ സമീപം




എറണാകുളം മേഖലാ സമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സഫർ ഉദ്ഘാടനം ചെയ്യുന്നു. ഷാഹുൽ ഹമീദ്, അബൂബക്കർ, ബി.ബി.അഹ്മദ് കബീർ, സി. ശമീം, സുബൈർ, മുഹമ്മദ് കരീം, നാസിർ അഹ്മദ്, ഇ. എച്ച് നജീബ്, നജീബ് ഖാൻ എന്നിവർ സമീപം




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ പാലക്കാട് മേഖല ഒറ്റപ്പാലത്ത് സംഘടിപ്പിച്ച നബികീർത്തന സമ്മേളനത്തിൽ പ്രശസ്ത പത്രപ്രവർത്തകൻ എം. അബ്ദുൽ റഹ്മാൻ മുഖ്യ പ്രഭാഷണം നടത്തുന്നു. മൗലവി മുഹമ്മദ് ഇസ്മായീൽ അമീർ പ്രൊഫ. അബ്ദുൽ കരീം, ഖുദ്ദാമുൽ അഹ്മദിയ്യാ നാഇബ് സദർ സി. ശമീം, കെ. എസ്. ശാസ്ത്രികൾ എന്നിവർ സമീപം



പാലക്കാട് മേഖല സമ്മേളനം മൗലാനാ സുൽത്താൻ അഹ്മദ് സഫർ ഉദ്ഘാടനം ചെയ്യുന്നു. സൗഹാർദ സമ്മേളനത്തിൽ റവ.ഫാദർ ജോൺസൺ ഇ. ജോർജ് (സി.എസ്.ഐ. ചർച്ച്, പാലക്കാട്) സ്വാമി പ്രഭാകരാനന്ദ സരസ്വതി (ജ.സെക്രട്ടറി, കേരള സന്യാസിസഭ) മേഖല അമീർ പ്രൊഫ. അബ്ദുൽകരീം എന്നിവർ പ്രസംഗിക്കുന്നു.



ഖാദിയാനിൽ നടന്ന മജ്‌ലിസ് അൻസാറുല്ലാ വാർഷിക ഇജ്തിമായിൽ ഗ്രാമീണ മജ്‌ലിസുകളിൽ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തിരുവിഴാംകുന്ന് മജ്‌ലിസ് അൻസാറുല്ലാഹ് അംഗങ്ങൾ അവിടെ നിന്നും ലഭിച്ച ട്രോഫിയും സാക്ഷ്യപത്രവുമായി പ്രാദേശിക സയീം ടി. മുഹമ്മദ് സാഹിബിനോടൊപ്പം.

2012 December

Vol: 84 Issue.12
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

The Sathyadoothan Monthly

